2026 SEPTEMBER 21

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# ഫൊക്കാനയുടെ ഗിന്നസ് വേൾഡ് വിജയഗാഥ



# ഓണാഘോഷങ്ങൾ:

## വേണം സാംസ്കാരിക പക്വതയും പൗരബോധവും





JOHN

# ISAAC

FOR NY STATE ASSEMBLY

**PUBLIC SAFETY | EDUCATION**
**YONKERS FIRST | AFFORDABILITY**



(914) 350-0590

VOTEJOHNISAAC.COM

**VOTE NOVEMBER 3, 2026**

# അസാധ്യമായതിനെ സാധ്യമാക്കിയ ഫൊക്കാനയുടെ ഗിന്നസ് വേൾഡ് വിജയഗാഥ



ശ്രീകുമാർ ഉണ്ണിത്താൻ

ദൃഢനിശ്ചയവും അർപ്പണബോധവും കൂട്ടായ പരിശ്രമവും കൊണ്ട് അസാധ്യമായതിനെ സാധ്യമാക്കിയതാണ് ഫൊക്കാനയുടെ ഗിന്നസ് വേൾഡ് റെക്കോർഡ് വിജയഗാഥ. അനവധി വെല്ലുവിളികളും പ്രതിസന്ധികളും മറികടന്ന്, ഐക്യത്തോടെയും ആത്മവിശ്വാസത്തോടെയും മുന്നേറിയപ്പോൾ അസാധ്യത്തിന്റെ വാതിലുകൾ തുറന്നു. വെറും ഒരു മണിക്കൂറിലധികം ഇടവേളയിൽ രണ്ട് ഗിന്നസ് വേൾഡ് റെക്കോർഡുകൾ സ്വന്തമാക്കിയതിലൂടെ ‘‘ഒരുമയും ഇച്ഛാശക്തിയും ഉണ്ടെങ്കിൽ അസാധ്യമായതൊന്നുമില്ല’’ എന്ന സന്ദേശമാണ് ഫൊക്കാന ലോകത്തിന് നൽകിയത്.

ഓഗസ്റ്റ് 8-ന് ശനിയാഴ്ച വൈകിട്ട് 3 മണിക്ക് ചെണ്ടമേളത്തിലും 4:30-ന് മോഹിനിയാട്ടത്തിലുമായി രണ്ട് ഗിന്നസ് വേൾഡ് റെക്കോർഡുകൾ സൃഷ്ടിക്കാനായിരുന്നു പദ്ധതി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 1,800-ലധികം കലാകാരന്മാർ കാഹലഹരി കൺവെൻഷൻ സെന്ററിൽ എത്തിച്ചേർന്ന് റിഹേഴ്സലുകൾ ആരംഭിച്ചിരുന്നു. മാസങ്ങളായുള്ള തയ്യാറെടുപ്പുകളും കഠിനാധ്വാനവും ഒരു ചരിത്രനിമിഷത്തിനായി കാത്തിരിക്കുകയായിരുന്നു.

എന്നാൽ, ചരിത്രം കുറിക്കാനിരുന്ന ആ മഹാനിമിഷത്തിന് മണിക്കൂറുകൾ മാത്രം ശേഷിക്കെ അപ്രതീക്ഷിതമായൊരു പ്രതിസന്ധി ഫൊക്കാനയെ തേടിയെത്തി.

ഓഗസ്റ്റ് 7-ന് ന്യൂജേഴ്സിയിലുണ്ടായ ശക്തമായ കാറ്റും മഴയും മൂലം നിരവധി വിമാന സർവീസുകൾ റദ്ദാക്കുകയും വൈകുകയും ചെയ്തു. ഗിന്നസ് വേൾഡ് റെക്കോർഡിന്റെ പ്രതിനിധികൾ കാനഡയിൽ നിന്ന് അന്ന് വൈകിട്ട് 4 മണിക്ക്



എത്തേണ്ടതായിരുന്നു. ആ ദ്യം വിമാനം വൈകി രാത്രി 8 മണിയിലേക്ക് മാറ്റിയെന്ന സന്ദേശം ലഭിച്ചു. എന്നാൽ രാത്രി 10 മണിയോടെ വി മാനം റദ്ദാക്കിയെന്ന ഞെട്ടി ക്കുന്ന സന്ദേശം എത്തി.

മാസങ്ങളോളം നടത്തിയ തയ്യാറെടുപ്പുകൾക്ക് ശേ ഷം, ചരിത്രനിമിഷത്തി ന് തൊട്ടുമുമ്പിൽ എല്ലാം തകർന്നുവീഴുമോ എന്ന ആശങ്കയിൽ സംഘാടകർ അക്ഷരാർത്ഥത്തിൽ സ്തം ഭിച്ചുപോയി.

പിന്നീട് സാധ്യമായ എല്ലാ വിമാന സർവീസുകളും പരിശോധിച്ചു. എന്നാൽ ഓ ഗസ്റ്റ് 8-ന് ഉച്ചയ്ക്ക് 3 മണി ക്ക് ശേഷമേ കാനഡയിൽ നിന്നുള്ള വിമാനങ്ങൾക്ക് ന്യൂജേഴ്സിയിൽ എത്താൻ കഴിയുമായിരുന്നുള്ളൂ. അ വിടെ നിന്ന് കാഹലഹരി കൺവെൻഷൻ സെന്ററിലേ ക്ക് എത്താൻ തന്നെ ഒരു മണിക്കൂറിലധികം സമയം വേണ്ടിവരും. റോഡുമാർഗം പ്രത്യേക ഗതാഗത സൗക ര്യം ഒരുക്കാമെന്ന് അറിയി ച്ചെങ്കിലും, ഗിന്നസ് പ്രതി നിധികളുടെ നിയമപ്രകാരം രാത്രിയാത്ര സാധ്യമല്ലെന്ന് വ്യക്തമാക്കി.

അവസാന പ്രതീക്ഷയാ യി ചാർട്ടേഡ് വിമാനം ഒരു ക്കാനുള്ള ശ്രമവും നടത്തി. എന്നാൽ അതും ഗിന്നസ് വേൾഡ് റെക്കോർഡിന്റെ നിയമങ്ങൾക്ക് വിരുദ്ധമാ ണെന്ന് അറിയിച്ച് അവർ നിരസിച്ചു.

ഇതോടെ മുന്നിലുള്ള വ ഴികളെല്ലാം അടഞ്ഞതു പോലെയായി.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയി രക്കണക്കിന് മൈലുകൾ യാത്ര ചെയ്ത് 1,800-ലധി കം കലാകാരന്മാർ എത്തി ച്ചേർന്നിരുന്നു. എല്ലാവരും ഒരു ചരിത്രനേട്ടത്തിനായി കാത്തിരിക്കുകയായിരു ന്നു. പരിപാടി മറ്റൊരു ദിവ സത്തേക്ക് മാറ്റിവയ്ക്കുക എന്നതായിരുന്നു അവശേ ഷിക്കുന്ന ഏക മാർഗമെന്ന തോന്നലിൽ എല്ലാവരും നി രാശരായി. അപ്പോഴേക്കും രാത്രി രണ്ട് മണി കഴിഞ്ഞി രുന്നു.

എന്നാൽ ഫൊക്കാനയു ടെ നേതൃത്വം പിന്മാറാൻ ത യ്യാറായില്ല.

പ്രസിഡന്റ് സജിമോൻ ആന്റണി, കോർഡിനേ റ്റർ മനോജ് വട്ടപ്പള്ളി, ട്ര ഷറർ ജോയി ചാക്കപ്പൻ, കൺവെൻഷൻ ചെയർ ആൽബർട്ട് ആന്റണി , ഷി ജിമോൻ മാത്യു, ലിന്റോ മാത്യു എന്നിവരുടെ നേ തൃത്വത്തിൽ അടിയന്തര കൂടിയാലോചനകൾ ആരം ഭിച്ചു. എന്നാൽ, ഈ പ്രതി സന്ധിയുടെ വിവരം പുറ ത്തേക്ക് പോകാതെ ഈ ചെറിയ സംഘത്തിനുള്ളിൽ തന്നെ പരമാവധി രഹസ്യ മായി സൂക്ഷിക്കാനായിരു ന്നു തീരുമാനം. വാർത്ത പു റത്തറിഞ്ഞാൽ കലാകാരന്മാ രിലും സംഘാടകരിലും അ നാവശ്യമായ പരിഭ്രാന്തിയും

ആശങ്കയും ഉണ്ടാകുമെന്നതിനാൽ, ആരെയും നിരാശപ്പെടുത്താതെ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുക എന്നതായിരുന്നു പ്രധാന ലക്ഷ്യം.

പരിപാടി റദ്ദാക്കേണ്ടി വന്നാൽ ഉണ്ടാകാവുന്ന നിരാശയും വിമർശനങ്ങളും മാത്രമല്ല, മാസങ്ങളോളം ഈ ചരിത്രനിമിഷത്തിനായി കഠിനാധ്വാനം ചെയ്ത ആയിരക്കണക്കിന് കലാകാരന്മാരുടെ പരിശ്രമം എന്താകുമെന്ന ചോദ്യവും ഫൊക്കാന നേതൃത്വത്തെ ഏറെ അലട്ടിയിരുന്നു. പുറത്ത് എല്ലാം സാധാരണപോലെ തുടരുമ്പോൾ, അകത്ത് ഒരു വലിയ പ്രതിസന്ധിയെ മറികടക്കാനുള്ള തീവ്രമായ ശ്രമത്തിലായിരുന്നു.

അതിലും വലിയൊരു പ്രശ്നം മുന്നിലുണ്ടായിരുന്നു.

ഗിന്നസ് വേൾഡ് റെക്കോർഡിന്റെ കർശനമായ നിയമപ്രകാരം, റെക്കോർഡ് നടക്കുന്ന വേദി 12 മണിക്കൂർ മുമ്പ് അവരുടെ പ്രതിനിധി സന്ദർശിച്ച് പരിശോധിക്കണം. അതിനുശേഷം ആ സ്ഥലത്തേക്ക് മറ്റാർക്കും പ്രവേശനം അനുവദിക്കില്ല. ഇത്രയും കർശനമായ നിയമങ്ങളും നടപടിക്രമങ്ങളും പാലിക്കേണ്ട സാഹചര്യത്തിൽ, പരിപാടി നടക്കാനുള്ള സാധ്യത തന്നെ ഇല്ലാതായതുപോലെയായി.

എന്നിട്ടും ആ രാത്രി ഫൊക്കാനയുടെ മുന്നിൽ ഒരു ചോദ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ:

“എങ്ങനെ ഈ റെക്കോർഡ് നേടും?”

പിന്നീട് സംഭവിച്ചത് ഒരു അത്ഭുതം പോലെയായിരുന്നു.

ഗിന്നസ് വേൾഡ് റെക്കോർഡ് അധികൃതരുമായി നിരന്തരം ഫോണിൽ ബന്ധപ്പെട്ട് മണിക്കൂറുകളോളം ചർച്ചകൾ നടത്തി. ഒടുവിൽ ഒരു പുതിയ സാധ്യത തുറന്നു. ഫൊക്കാനയുടെ ഭാഗത്തുനിന്ന് രണ്ട് പേർക്ക് മൂന്ന് മണിക്കൂർ നീണ്ട ഓൺലൈൻ പരിശീലനവും ക്ലാസും പൂർത്തിയാക്കി ആവശ്യമായ യോഗ്യത നേടാനായാൽ, ഗിന്നസ് അധികൃതർക്ക് ഓൺലൈനായി നടപടികൾ പരിശോധിക്കാമെന്ന് അറിയിച്ചു.

അപ്പോഴേക്കും നേരം വെളുത്തുതുടങ്ങിയിരുന്നു.

പ്രസിഡന്റ് സജിമോൻ ആന്റണിയും കോർഡിനേറ്റർ മനോജ് വട്ടപ്പള്ളിയും മൂന്ന് മണിക്കൂർ നീണ്ട പരിശീലനം പൂർത്തിയാക്കി ആവശ്യമായ യോഗ്യത നേടി. അടഞ്ഞുപോയ വാതിലുകൾക്കിടയിൽ ഒരു ചെറിയ വെളിച്ചം തെളിഞ്ഞു.

പക്ഷേ, പ്രതിസന്ധികൾ അവിടെ അവസാനിച്ചില്ല.

“കൂനിന്മേൽ കുരു” എന്നുപറയുന്നതുപോലെ, മോഹിനിയാട്ടത്തിന്റെ എക്സാമിനറായി എത്താമെന്ന് സമ്മതിച്ചിരുന്ന അമേരിക്കയിലെ പ്രശസ്തയായ ഒരു നർത്തകി അവസാന നിമിഷം വരുന്നത് റദ്ദാക്കി. അതിന് അവർ പറഞ്ഞ കാരണം പോലും സംഘാടകരെ ഞെട്ടിച്ചു. അത് ഒരു അശുഭ ലക്ഷണമാണെന്നായിരുന്നു അവരുടെ നിലപാട്.

ഇനി മറ്റൊരു കടമ്പ.

ഗിന്നസ് വേൾഡ് റെക്കോർഡിന്റെ നിബന്ധനപ്രകാരം, ഗിന്നസ് സർട്ടിഫൈഡ് വ്യക്തിക്കു മാത്രമേ മോഹിനിയാട്ടം റെക്കോർഡ് വിലയിരുത്താനും സർട്ടിഫൈ ചെയ്യാനും കഴിയുമായിരുന്നുള്ളൂ.

അവിടെയാണ് നാട്ടിൽ നിന്ന് എത്തിയ പ്രശസ്ത നർത്തകി ദീപ കുക്കൂ മുന്നോട്ടുവന്നത്. ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അവർ തയ്യാറായി. എന്നാൽ അവരെ ഗിന്നസ് സർട്ടിഫൈഡ് നർത്തകിയായി അംഗീകരിക്കുന്നതിനും നിരവധി നടപടിക്രമങ്ങളും കടമ്പകളും പിന്നിടേണ്ടിവന്നു.

നേരം വെളുത്തപ്പോൾ തന്നെ മറ്റൊരു അപ്രതീക്ഷിത സംഭവം കൂടി അരങ്ങേറി. മോഹിനിയാട്ടം അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പിനായി ഗുരു ബീന



മേനോൻ മേക്കപ്പ് ചെയ്യുന്നതിനിടയിൽ, നെറ്റിച്ചുട്ടി കണ്ണിൽ തട്ടി കണ്ണിന് പരിക്കേൽക്കുകയും ചോര വാർന്നൊഴുകുകയും ചെയ്തു. ഒരു നിമിഷം എല്ലാവരും അന്താളിച്ചുപോയി. ഉടൻ തന്നെ ടീച്ചറോട് എമർജൻസിയിൽ പോകണമെന്ന് എല്ലാവരും നിർബന്ധിച്ചു.

അപ്പോൾ ഗുരു ബീന മേനോൻ പറഞ്ഞ വാക്കുകൾ അവിടെ നിന്നിരുന്ന എല്ലാവരെയും ഒരുപോലെ അമ്പരപ്പിച്ചു:

“എന്റെ ആദ്യ പ്രയോറിറ്റി ഈ ഡാൻസ് പ്രോഗ്രാമാണ്. അത് കഴിഞ്ഞതിന് ശേഷം മാത്രമേ ഞാൻ എവിടേക്കും പോകൂ.”വേദനയെക്കാൾ വലുതായിരുന്നു അവരുടെ കലാപ്രതിബദ്ധത. കണ്ണിൽ നിന്ന് ചോര വാർന്നുകൊണ്ടിരുന്നിട്ടും, ആ വേദന മറച്ചുവെച്ച് അവർ വേദിയിലെത്തി. പരിക്കേറ്റ കണ്ണുമായാണ് ഗുരു ബീന മേനോൻ മോഹിനിയാട്ടം അവതരിപ്പിച്ചത്. വേദിയിലെ ഓരോ ചുവടിലും വേദനയുണ്ടായിരുന്നെങ്കിലും, കാണികൾ കണ്ടത് ആ വേദനയായിരുന്നില്ല;

കലയെ ഹൃദയത്തിൽ ചേർത്തുപിടിച്ച ഒരു ഗുരുവിന്റെ സമർപ്പണമായിരുന്നു.

പ്രതിസന്ധികൾ ഒന്നിനു പുറകെ ഒന്നായി വന്നുകൊണ്ടിരുന്നു. എന്നാൽ ഓരോ പ്രതിസന്ധിക്കും മുന്നിൽ ഫൊക്കാന പുതിയൊരു വഴി കണ്ടെത്തുകയായിരുന്നു.

അടുത്ത വെല്ലുവിളി വേദിയെക്കുറിച്ചായിരുന്നു.

ഗിന്നസ് റെക്കോർഡ് നടത്താൻ ആദ്യം നിശ്ചയിച്ചിരുന്നത് ഔട്ട്ഡോർ വേദിയിലായിരുന്നു. എന്നാൽ ഓൺലൈൻ പരിശോധനയും നിരീക്ഷണവും നടത്തേണ്ട സാഹചര്യം വന്നതോടെ പരിപാടി ഇൻഡോറിലേക്ക് മാറ്റണമെന്ന ഗിന്നസ് അധികൃതരുടെ നിർദ്ദേശം ലഭിച്ചു.

ഇത്രയും വലിയൊരു ജനക്കൂട്ടത്തെയും കലാകാരന്മാരെയും ഉൾക്കൊള്ളാൻ കഴിയുന്ന വലിയ ഹാൾ കണ്ടെത്തി പരിപാടി അവിടേക്ക് മാറ്റേണ്ടിവന്നു. പങ്കെടുക്കുന്ന മുഴുവൻ കലാകാരന്മാരെയും ഒരേ സമയം സ്ക്രീനിൽ വ്യക്തമായി കാണാൻ കഴിയുന്ന തരത്തിലുള്ള ഓൺലൈൻ വീഡിയോ റിലേ സംവിധാനം ഒരുക്കണം, ഗിന്നസിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം. അങ്ങനെ അവസാന നിമിഷം വരെ പുതിയ വെല്ലുവിളികൾ തുടർന്നുകൊണ്ടേയിരുന്നു.

എന്നാൽ ആ ചെറിയ കൂട്ടം ആളുകൾ പ്രതീക്ഷ കൈവിട്ടില്ല.

രാത്രിയെ പകലാക്കി, ഉറക്കമില്ലാതെ, ഓരോ നിമിഷവും വിലപ്പെട്ടതാക്കി, ഫൊക്കാനയുടെ സ്വപ്നത്തിനായി അവർ പ്രവർത്തിച്ചു. നിയമങ്ങൾ പാലിച്ചും സാങ്കേതിക സംവിധാനങ്ങൾ ഒരുക്കിയും അവസാന നിമിഷം വരെ പോരാടിയ അവരുടെ പരിശ്രമത്തിന്റെ

ഫലമായി ഒടുവിൽ ആ ചരിത്രനിമിഷം എത്തി.

വൈകിട്ട് മൂന്ന് മണിക്ക് ചെണ്ടമേളത്തിന്റെ താളം മുഴങ്ങി.

അത് വെറും ചെണ്ടയുടെ ശബ്ദമായിരുന്നില്ല. കഴിഞ്ഞ രാത്രിയിലെ ആശങ്കകൾക്കും നിരാശകൾക്കും പ്രതിസന്ധികൾക്കും മറുപടിയായ വിജയത്തിന്റെ ആദ്യമുഴക്കമായിരുന്നു.

തുടർന്ന് മോഹിനിയാട്ടവും അരങ്ങേറി.

അങ്ങനെ, ഒന്നിന് പുറകെ ഒന്നായി രണ്ട് ഗിന്നസ് വേൾഡ് റെക്കോർഡുകൾ ഫൊക്കാനയുടെ പേരിൽ കുറിക്കപ്പെട്ടു.

ആ നിമിഷം അവിടെ സന്നിഹിതരായ ഓരോരുത്തരുടെയും മുഖത്ത് വിരിഞ്ഞ സന്തോഷവും ആവേശവും കാണുമ്പോൾ ഞങ്ങൾക്കുണ്ടായ ആഹ്ലാദത്തിന് അതിരുകളില്ലായിരുന്നു. മാസങ്ങളോളം നടത്തിയ പരിശ്രമങ്ങളും ഉറക്കമില്ലാത്ത രാത്രികളും അവസാന നിമിഷത്തിലെ അനിശ്ചിതത്വങ്ങളും ഒറ്റ നിമിഷത്തിൽ അഭിമാനമായി മാറുകയായിരുന്നു.

അസാധ്യമെന്ന് തോന്നിയ സാഹചര്യത്തിൽ നിന്ന് ലോക റെക്കോർഡിന്റെ വേദിയിലേക്ക് എത്തിയ ആ നിമിഷം ഞങ്ങളുടെ ജീവിതത്തിലെ ഒരിക്കലും മറക്കാനാകാത്ത അനുഭവമായി മാറി.

അത് വെറും രണ്ട് ഗിന്നസ് റെക്കോർഡുകളുടെ നേട്ടമായിരുന്നില്ല. അത് ഐക്യത്തിന്റെയും അർപ്പണബോധത്തിന്റെയും ആത്മവിശ്വാസത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും വിജയമായിരുന്നു.

ഒരു സ്വപ്നം കാണുന്നത് എളുപ്പമാണ്. എന്നാൽ ആ സ്വപ്നത്തെ യാഥാർഥ്യമാക്കാൻ അചഞ്ചലമായ വിശ്വാസവും കഠിനാധ്വാനവും വിട്ടുവീഴ്ചയില്ലാത്ത പരിശ്രമവും കൂട്ടായ്മയും ആവശ്യമാണ്. അസാധ്യമായി തോന്നിയ ഒരു വലിയ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് നിരവധി പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് മുന്നേറിയതാണ് ഫൊക്കാനയുടെ ഈ വിജയഗാഥ.

ഈ നേട്ടം ഒരു വ്യക്തിയുടെയോ ഒരു ചെറിയ സംഘത്തിന്റെയോ മാത്രം വിജയമല്ല. ഒരുമിച്ച് സ്വപ്നം കണ്ടും ഒരേ ലക്ഷ്യത്തിനായി പ്രവർത്തിച്ചും നേടിയ കൂട്ടായ വിജയമാണിത്.

പരാജയത്തിന്റെ സാധ്യതകളെക്കാൾ വിജയിക്കാനുള്ള വിശ്വാസത്തിന് പ്രാധാന്യം നൽകിയപ്പോൾ പുതിയൊരു ചരിത്രം എഴുതപ്പെട്ടു.

അതാണ് ഈ വിജയഗാഥയുടെ ഏറ്റവും വലിയ സന്ദേശം:

‘‘ഒരുമിച്ച് സ്വപ്നം കാണുക. ഒരുമിച്ച് പരിശ്രമിക്കുക. പ്രതിസന്ധികൾക്ക് മുന്നിൽ തളരാതിരിക്കുക. അപ്പോൾ അസാധ്യമായതുപോലും സാധ്യമാകും.’




450+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
THE RESPONSIBLE JEWELLER™
A Legacy Built on Trust.
A Responsibility We Uphold.

# ഹെറാൾഡ് ഫിഗരേദോയെ മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ആദരിച്ചു



ഷിക്കാഗോ: കഴിഞ്ഞ 48 വർഷമായി ഷിക്കാഗോ മലയാളി സമൂഹത്തിന് നൽകിവരുന്ന സ്തുത്യർഹമായ സേവനങ്ങളെ മുൻനിർത്തി മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ ഓണാഘോഷ വേദിയിൽ ഹെറാൾഡ് ഫിഗരെദൊയെ പൊന്നാടയണിയിച്ച് ആദരിച്ചു.

emalayalee.com

കേരള ലാറ്റിൻ കാത്തലിക് ഓഫ് ഷിക്കാഗോ, അമേരിക്കൻ കൊച്ചിൻ ക്ലബ് ഷിക്കാഗോ, കൊച്ചി തേവര സേക്രട്ട് ഹാർട്ട് കോളേജ് അലുംമ്നി അസോസിയേഷൻ നോർത്ത് അമേരിക്ക ഷിക്കാഗോ ചാപ്റ്റർ എന്നീ മൂന്ന് സംഘടനകളുടെ പ്രസിഡന്റായി അദ്ദേഹം പ്രവർത്തിച്ചുവരുന്നു.



കൂടാതെ മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ മുൻ പ്രസിഡന്റും ഫൗണ്ടിംഗ് മെംബറുമാണ്. ഇതിനുപുറമെ കേരള അസോസിയേഷൻ ഓഫ് ഷിക്കാഗോ വൈസ് പ്രസിഡന്റ്, കേരള കൾച്ചറൽ സെന്റർ ഷിക്കാഗോ ഡയറക്ടർ, കെയർ ആൻഡ് ഷെയർ ഇന്റർനാഷണൽ, ഓവർസീസ് കോൺഗ്രസ്

ഷിക്കാഗോ തുടങ്ങിയ സംഘടനകളിലും അദ്ദേഹം സജീവ സാന്നിധ്യമാണ്

തനിക്ക് നൽകിയ ആദരവിന് മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ ചെയർമാൻ, പ്രസിഡന്റ്, സെക്രട്ടറി, മറ്റ് ബോർഡ് അംഗങ്ങൾ എന്നിവർക്ക് അദ്ദേഹം നന്ദി രേഖപ്പെടുത്തി. 1978 മുതൽ ഷിക്കാഗോയിലെ മലയാളി സമൂഹത്തിൽ സജീവമായ അദ്ദേഹം, നാട്ടിൽനിന്നെത്തുന്ന കുടുംബങ്ങളേയും

മുതിർന്നവരേയും സഭാദ്ധ്യക്ഷൻമാരേയും അവരുടെ ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ട സഹായ

ഹകരണങ്ങൾ നൽകുന്നതിൽ മുൻപന്തിയിലുണ്ട്.

ഭാര്യ മാർഗരറ്റ്, മകൾ മെൽഫ, മരുമകൻ ബിക്കി, കൊച്ചുമകൻ ജോണി(ഖമവിൃ) എന്നിവരാണ് ഹെരാൾഡിന്റെ ചെറിയ സന്തുഷ്ട കുടുംബം. 1978ൽ ഷിക്കാഗോയിൽ എത്തിയ അദ്ദേഹം ഡാരിയൻ (ഉമൃശലി) സബർബിൽ താമസിക്കുന്നു. എല്ലാ നന്മകൾക്കും ഹെറാൾഡ് ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഷിക്കാഗോലാന്റ്റി ലെ എല്ലാവരുടേയും പ്രത്യേകിച്ച് മല യാളികളുടെ അങ്കിൾ ആയി ഉത്സാഹപൂർവ്വം സാമൂഹിക സേവനം ചെയ്തുവ രുന്നു.












India



# 'ഫൊക്കാന ലോക മലയാളികളുടെ അഭിമാനസ്തംഭമാകും': സന്തോഷ് നായർ

## (ഫൊക്കാന ജനറൽ സെക്രട്ടറി)



**മീട്ടു റഹമത്ത് കലാം**

അമേരിക്കൻ മലയാളികളുടെ സംഘടനാപരമായ ആവശ്യങ്ങൾക്കൊപ്പം അവരുടെ സാമൂഹികവും തൊഴിൽപരവും വിദ്യാഭ്യാസപരവുമായ വിഷയങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുക എന്നതാണ് ഫൊക്കാനയുടെ പുതിയ ജനറൽ സെക്രട്ടറി സന്തോഷ് നായരുടെ കണക്കുകൂട്ടൽ. യുവജനങ്ങളെയും വനിതകളെയും സംഘടനയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമായി പങ്കാളികളാക്കുക, മെഡിക്കൽ കാർഡ് പദ്ധതി വിപുലീകരിക്കുക, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക, ഇമിഗ്രേഷൻ വിഷയങ്ങളിൽ വിദഗ്ധ സഹായം ലഭ്യമാക്കുക, വിവിധ മേഖലകളിൽ മികവ് തെളിയിച്ച അമേരിക്കൻ മലയാളികളെ ആദരിക്കുക തുടങ്ങിയ പദ്ധതികളാണ് പുതിയ ഭരണസമിതി മുന്നോട്ടുവയ്ക്കുന്നത്.

തിരഞ്ഞെടുപ്പിന് ശേഷം എല്ലാവരെയും ഒരുമിച്ച് ചേർത്തുകൊണ്ട് ഐക്യത്തോടെയും സുതാര്യതയോടെയും



സംഘടനയെ മുന്നോട്ടുകൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനറൽ സെക്രട്ടറി വ്യക്തമാക്കുന്നു...

### *തിരഞ്ഞെടുപ്പിലെ വിജയത്തെ എങ്ങനെ കാണുന്നു?*

ആദ്യം തന്നെ എല്ലാവർക്കും നന്ദി പറയുകയാണ്. ഇത്തവണ ഞങ്ങളുടെ പാനലിലെ മുഴുവൻ സ്ഥാനാർഥികളും വിജയിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ തുടക്കം മുതൽ ഞങ്ങൾ മുന്നോട്ടുവച്ച പ്രധാന ആശയം 'ഒറ്റയ്ക്ക് ഒരു വോട്ടില്ല, പാനലിന് വോട്ട്' എന്നതായിരുന്നു. അത് പ്രവർത്തകരും അംഗങ്ങളും ഏറ്റെടുത്തു. പാനലിലെ എല്ലാവരും വിജയിച്ചതിൽ അതിന്റെ പങ്ക് വലുതാണ്.

പ്രചാരണത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ ഞങ്ങളുടെ ടീമിന് ശക്തമായ ആത്മവിശ്വാസമുണ്ടായിരുന്നു. വിവിധ മേഖലകളിലെ വോട്ടർമാരുമായി നേരിട്ട് സംസാരിച്ചിരുന്നു. അവരുടെ പ്രതികരണങ്ങളിൽ നിന്ന് സംഘടനയ്ക്കുള്ളിലെ പിന്തുണയും വിശ്വാസവും മനസ്സിലാക്കാൻ കഴിഞ്ഞു.

### *തിരഞ്ഞെടുപ്പിന് ശേഷം 'ഐക്യവും സുതാര്യതയും' എന്ന ആശയം എങ്ങനെയാണ് പ്രവർത്തനതലത്തിൽ നടപ്പാക്കുക?*

സംഘടനയിൽ വ്യക്തിവിരോധങ്ങൾക്ക് സ്ഥാനമില്ല. ഞങ്ങൾക്കെതിരെ മത്സരിച്ചവരുൾപ്പെടെ സംഘടനയ്ക്കുവേണ്ടി പ്രവർത്തിക്കാൻ താൽപര്യമുള്ള എല്ലാവരെയും സ്വാഗതം ചെയ്യും.

വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവയിൽ എല്ലാവരെയും ഉൾപ്പെടുത്താനാണ് ശ്രമിക്കുന്നത്. തിരഞ്ഞെടുപ്പ് ഒരു ജനാധിപത്യ പ്രക്രിയയാണ്. ഞങ്ങൾ അതിനെ 'സ്പോർട്സ്മാൻ സ്പിരിറ്റോടെ' ആണ് കണ്ടത്. അതുകൊണ്ട് മത്സരിച്ച എല്ലാവരെയും ബഹുമാനിച്ചുകൊണ്ടാണ് മുന്നോട്ട് പോയത്.

സുതാര്യതയ്ക്കും വലിയ പ്രാധാന്യമുണ്ട്. 49 അംഗങ്ങളുള്ള ദേശീയ കമ്മിറ്റിയിലെ എല്ലാവരെയും അറിയിച്ചുകൊണ്ടാണ് തീരുമാനങ്ങൾ എടുക്കുന്നത്. അംഗസംഘടനകളെയും അവശ്യമായ എല്ലാ കാര്യങ്ങൾ അറിയിക്കും.

സംഘടനയുടെ വെബ്സൈറ്റിലൂടെ പ്രവർത്തനങ്ങളും സാമ്പത്തിക വിവരങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ സുതാര്യമായി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

### *ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ ശേഷം മുൻഗണന നൽകുന്ന പദ്ധതികൾ ഏതൊക്കെയാണ്?*

അമേരിക്കൻ മലയാളികൾക്കായി കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്നത് പുതിയ ഭരണസമിതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

അമേരിക്കൻ മലയാളി സമൂഹത്തിൽ വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകുന്ന നിരവധി ആളുകളുണ്ട്. മെഡിക്കൽ, ഐടി, ബിസിനസ്, മാധ്യമം, സാമൂഹിക പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച മലയാളികളെ കണ്ടെത്തി ആദരിക്കാനുള്ള പദ്ധതിയുണ്ട്. ഏകദേശം 100 പ്രമുഖ മലയാളികളെ ആദരിക്കാനാണ്

ഉദ്ദേശിക്കുന്നത്. മലയാളഭാഷയുടെ പ്രോത്സാഹനത്തിനും കൂടുതൽ ശ്രദ്ധ നൽകും. ഭാഷയ്ക്കായി ഫൊക്കാന നേരത്തെ നടത്തിയിരുന്ന പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്താനാണ് ലക്ഷ്യം.

### *യുവജനങ്ങൾക്കായി എന്താണ് പദ്ധതികൾ?*

യുവജനങ്ങളെ ഫൊക്കാനയുടെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആകർഷിക്കുകയാണ് പ്രധാന ലക്ഷ്യങ്ങളിലൊന്ന്. യുവജനങ്ങൾക്കായി പ്രത്യേക വാട്സ്ആപ്പ് ഗ്രൂപ്പും കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കരിയർ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, വിവിധ പ്രൊഫഷണൽ മേഖലകളെക്കുറിച്ചുള്ള മാർഗനിർദേശങ്ങൾ എന്നിവ സംഘടിപ്പിക്കും. പ്രത്യേകിച്ച് മെഡിസിൻ പോലുള്ള മേഖലകളിൽ പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷാ നടപടികൾ, പഠനസാധ്യതകൾ, കരിയർ അവസരങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഗൈഡൻസ് നൽകും.

യുവാക്കൾ സംഘടനയുടെ ഭാവി നേതൃത്വത്തിലേക്ക് കടന്നുവരണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.

### *വനിതകളുടെ പങ്കാളിത്തം എങ്ങനെ ശക്തിപ്പെടുത്തും?*

വനിതകളുടെ പങ്കാളിത്തത്തിന് പ്രത്യേക പ്രാധാന്യം നൽകും. വിവിധ റീജിയനുകളിലെ വിമൻസ് ഫോറങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയാണ്.

വനിതകളുടെ അഭിപ്രായങ്ങൾ കേട്ടശേഷം അവർക്ക് താൽപര്യമുള്ള മേഖലകളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാനുള്ള അവസരം നൽകും.

പ്രത്യേകിച്ച് നഴ്സിംഗ് മേഖലയിലുള്ള മലയാളി വനിതകളുടെ അനുഭവങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും പ്രൊഫഷണൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

### *മുൻ ഭരണസമിതി നടപ്പാക്കിയ മെഡിക്കൽ കാർഡ് പോലുള്ള പദ്ധതികൾ വിപുലീകരിക്കുമോ?*

തീർച്ചയായും. മുൻ ഭരണസമിതി നടപ്പാക്കിയ മെഡിക്കൽ കാർഡും എയർപോർട്ട് പ്രിവിലേജ് കാർഡും വളരെ പ്രധാനപ്പെട്ട പദ്ധതികളാണ്. അതിന് നേതൃത്വം നൽകിയവരെ ഞങ്ങൾ അഭിനന്ദിക്കുന്നു.

മെഡിക്കൽ കാർഡ് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാനാണ് ശ്രമം. കേരളത്തിലെ വിവിധ ജില്ലകളിലുള്ള പ്രവാസി മലയാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കണം.

അമേരിക്കയിൽ നിന്ന് കേരളത്തിലെത്തുന്നവർക്ക് അപ്രതീക്ഷിതമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ ആവശ്യമായ സഹായം ലഭിക്കുന്ന തരത്തിലുള്ള സംവിധാനവും ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നു.

### *ജനുവരിയിൽ നടക്കാനിരിക്കുന്ന ഫൊക്കാനയുടെ കേരള കൺവെൻഷനെക്കുറിച്ച് എന്താണ് പറയാനുള്ളത്?*

ജനുവരി 11, 12, 13 തീയതികളിലാണ് കേരള കൺവെൻഷൻ നടത്താൻ ഉദ്ദേശിക്കുന്നത്. മുഖ്യമന്ത്രിയുൾപ്പെടെയുള്ള പ്രമുഖരെ ക്ഷണിച്ചിട്ടുണ്ട്. മന്ത്രിമാരെയും ജനപ്രതിനിധികളെയും മറ്റ് പ്രമുഖരെയും പരിപാടിയിലേക്ക് ക്ഷണിക്കും.

‘ഓപ്പറേഷൻ തൂഫാന്’ ഐക്യദാർഢ്യം ഉൾപ്പെടെ നിരവധി പരിപാടികൾ കൺവെൻഷന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്നുണ്ട്. യുവതലമുറയെ കേന്ദ്രീകരിച്ചുള്ള പരിപാടികൾക്ക് പ്രത്യേക പ്രാധാന്യമുണ്ടാകും.



സ്കൂൾ, കോളജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കാനും ശ്രമിക്കുന്നുണ്ട്.

സാഹിത്യ സമ്മേളനം, സ്കോളർഷിപ്പ് വിതരണം, ഭാഷാ-സാംസ്കാരിക പരിപാടികൾ തുടങ്ങി നിരവധി പരിപാടികളും കൺവെൻഷന്റെ ഭാഗമായി ഉണ്ടാകും.

കൊച്ചിയിലെ ബോൾഗാട്ടി മേഖലയിലുള്ള ഒരു വേദിയാണ് നിലവിൽ പരിഗണിക്കുന്നത്. സ്ഥലം സന്ദർശിച്ച് അന്തിമ തീരുമാനം എടുക്കും.

***അമേരിക്കൻ മലയാളി സമൂഹം നേരിടുന്ന സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികളിൽ ഫൊക്കാനയ്ക്ക് എന്ത് പങ്ക് വഹിക്കാനാകും?***

ഇന്ന് അമേരിക്കൻ മലയാളികൾ നേരിടുന്ന പ്രധാന വിഷയങ്ങളിൽ ഇമിഗ്രേഷൻ, വിദ്യാർത്ഥികളുടെ ഭാവി, ആരോഗ്യപരമായ ആശങ്കകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

ഇമിഗ്രേഷൻ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധരായ മലയാളി അഭിഭാഷകരുടെ സഹായം ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിക്കും. പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും പുതിയതായി അമേരിക്കയിലെത്തുന്നവർക്കും ആവശ്യമായ നിയമപരമായ മാർഗനിർദേശം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

കേരളത്തിൽ നിന്ന് വിസിറ്റിംഗ് വിസയിൽ അമേരിക്കയിലെത്തുന്നവർക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ സഹായിക്കാൻ ഡോക്ടർമാരുടെ ഒരു നെറ്റ്‌വർക്ക് രൂപീകരിക്കാനും ശ്രമിക്കും. കഴിയുന്നത്ര സൗജന്യമായോ കുറഞ്ഞ ചെലവിലോ വിദഗ്ധ സഹായം ലഭ്യമാക്കുകയാണ് ലക്ഷ്യം.

***നാല് പതിറ്റാണ്ടിലേറെ നീണ്ട പൊതുപ്രവർത്തന പരിചയം പുതിയ ഉത്തരവാദിത്തത്തിൽ എങ്ങനെ പ്രയോജനപ്പെടും?***



അത് എന്റെ വലിയൊരു സമ്പത്തായാണ് ഞാൻ കാണുന്നത്. 1970-കളുടെ മധ്യകാലം മുതൽ പൊതുരംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

വ്യത്യസ്ത സാഹചര്യങ്ങളിലുള്ള ആളുകളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യക്തിപരമായ പ്രശ്നങ്ങൾ,അതിർത്തി തർക്കങ്ങൾ തുടങ്ങി സാമൂഹികവും സംഘടനാപരവുമായ വിഷയങ്ങൾ വരെ പലതിലും ഇടപെടേണ്ടി വന്നിട്ടുണ്ട്.

പൊതുപ്രവർത്തനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ആളുകളെ കേൾക്കുക എന്നതാണ്. ആരെങ്കിലും സഹായം തേടി വന്നാൽ എന്ത് ചെയ്യണം, ആരുമായി ബന്ധപ്പെടണം, എങ്ങനെ ഒരു പരിഹാരത്തിലേക്ക് എത്തിക്കാം എന്നൊക്കെ അനുഭവത്തിലൂടെ പഠിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുപ്രവർത്തനം സ്വന്തം പോക്കറ്റിൽ നിന്ന് പണം നൽകുന്നതു മാത്രമല്ല. ആവശ്യമുള്ള ഒരാൾക്ക് ശരിയായ വഴി കാണിച്ചുകൊടുക്കുന്നതും സഹായം എത്തിക്കുന്നതും അതിന്റെ ഭാഗമാണ്.

സത്യസന്ധത, നീതി, ധാർമികത എന്നിവയ്ക്ക് പൊതുപ്രവർത്തനത്തിൽ വലിയ പ്രാധാന്യമുണ്ട്. പേരിനോ പ്രശസ്തിക്കോ വേണ്ടിയല്ല, ആളുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് പ്രവർത്തിക്കേണ്ടത്.

***പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പുമായുള്ള പ്രവർത്തന ബന്ധത്തെ എങ്ങനെ കാണുന്നു?***

ഞങ്ങൾ തമ്മിൽ വളരെ നല്ല ഐക്യത്തോടെയാണ് പ്രവർത്തിക്കുന്നത്. തിരഞ്ഞെടുപ്പ് പ്രചാരണകാലം മുതൽ തന്നെ നിരന്തരം ആശയവിനിമയം നടത്തുന്നുണ്ട്.

ഫിലിപ്പോസ് ഫിലിപ്പ് ഫൊക്കാനയിലെ ഏറ്റവും പരിചയസമ്പന്നരായ പ്രവർത്തകരിൽ ഒരാളാണ്. സംഘടന എങ്ങനെ മുന്നോട്ട് കൊണ്ടുപോകണം എന്നതിനെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ധാരണയുണ്ട്.

അദ്ദേഹത്തിന്റെ ഫൊക്കാനയിലെ സംഘടനാപരമായ പരിചയവും എന്റെ പൊതുപ്രവർത്തന

പരിചയവും ഒരുമിപ്പിച്ചുകൊണ്ട് സംഘടനയ്ക്ക് പുതു ഊർജ്ജം നൽകാനാകുമെന്നാണ് പ്രതീക്ഷ.

***തിരഞ്ഞെടുപ്പിന് മുമ്പ് നൽകിയ വാഗ്ദാനങ്ങളിൽ ആദ്യം പൂർത്തീകരിക്കാൻ ആഗ്രഹിക്കുന്നവ എന്തൊക്കെയാണ്?***

ഇതിനകം തന്നെ ആറോളം കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ കണക്ട് അതിൽ പ്രധാനപ്പെട്ടതാണ്. സംഘടനയുടെ പ്രവർത്തനങ്ങളും അക്കൗണ്ടുകളും ഉൾപ്പെടെയുള്ള വിവരങ്ങൾ വെബ്സൈറ്റിലൂടെ ലഭ്യമാക്കും.

സാഹിത്യ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ പ്രഗത്ഭരായ ആളുകളെ ഉൾപ്പെടുത്തി അതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകും.

മെഡിക്കൽ മേഖലയുമായി ബന്ധപ്പെട്ടും പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുന്നുണ്ട്. തിരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞ കാര്യങ്ങൾ ഓരോന്നായി സമയബന്ധിതമായി നടപ്പാക്കാനാണ് ശ്രമം.

***രണ്ട് വർഷത്തെ കാലാവധി പൂർത്തിയാകുമ്പോൾ ഒരു ജനറൽ സെക്രട്ടറിയെന്ന നിലയിൽ തന്റെ പ്രവർത്തനത്തിന്റെ വിജയം എങ്ങനെ വിലയിരുത്തും?***

മലയാളി സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി സത്യസന്ധമായി പ്രവർത്തിക്കുന്ന ജനറൽ സെക്രട്ടറി എന്ന നിലയിൽ അറിയപ്പെടാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

എന്നെ വിലയിരുത്തേണ്ടത് ഞാനല്ല, സമൂഹമാണ്. എല്ലാവരെയും ഒരുമിച്ച് നിർത്തി, പരാതികൾക്ക് ഇടയില്ലാത്ത രീതിയിൽ, ഫൊക്കാനയെ കൂടുതൽ ശക്തമായ സംഘടനയായി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞോ എന്നതാണ് പ്രധാനപ്പെട്ടത്.



***ഇത്തവണത്തെ തിരഞ്ഞെടുപ്പ് പരാതികളില്ലാതെ പൂർത്തിയായത് ശ്രദ്ധേയമായിരുന്നു. അതിനെ എങ്ങനെ കാണുന്നു?***

ഞങ്ങൾ തിരഞ്ഞെടുപ്പിനെ തുടക്കം മുതൽ തന്നെ 'സ്പോർട്സ്മാൻ സ്പിരിറ്റോടെ' ആണ് കണ്ടതെന്ന് പറഞ്ഞല്ലോ. മത്സരിച്ച എല്ലാവരെയും ബഹുമാനിച്ചു. വ്യക്തിപരമായ ആക്ഷേപങ്ങളോ വൈരാഗ്യങ്ങളോ ഉണ്ടായിരുന്നില്ല.

തിരഞ്ഞെടുപ്പ് ദിവസം പോലും പല സ്ഥാനാർഥികളും പരസ്പരം സൗഹൃദത്തോടെ സംസാരിക്കുന്ന സാഹചര്യമുണ്ടായിരുന്നു. അത് സംഘടനയ്ക്കും അംഗങ്ങൾക്കും നല്ല സന്ദേശമാണ് നൽകുന്നത്.

***സ്കോളർഷിപ്പ് പദ്ധതിയുടെ നടപടികൾ ആരംഭിച്ചോ?***

വെബ്സൈറ്റ് പൂർണമായി പ്രവർത്തനസജ്ജമായ ശേഷം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ ആരംഭിക്കും. സെപ്റ്റംബർ 20ന് പാസിംഗ് ഓവർ സെറിമണിക്ക് ശേഷമുള്ള ഘട്ടത്തിൽ വെബ്സൈറ്റ് സംവിധാനം കൂടുതൽ വ്യക്തമായി ലഭിക്കും. തുടർന്ന് കേരള കൺവെൻഷനുമായി ബന്ധപ്പെട്ട രജിസ്ട്രേഷനും മറ്റ് നടപടികളും ആരംഭിക്കും. അമേരിക്കൻ മലയാളികൾക്ക് ആവശ്യമായ വിവരങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി ഒരു ടോൾ ഫ്രീ നമ്പർ ആരംഭിക്കുന്ന പദ്ധതിയും ഉണ്ട്.

***അടുത്ത രണ്ട് വർഷത്തെ ഫൊക്കാനയെ എങ്ങനെ കാണുന്നു?***

ലോകത്തിലെ ഏറ്റവും വലിയ പ്രവാസി മലയാളി സംഘടനകളിലൊന്നെന്ന നിലയിൽ ഫൊക്കാനയ്ക്ക് വലിയ ഉത്തരവാദിത്തമുണ്ട്.

അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആവശ്യങ്ങൾക്കും കേരളത്തിലെ സമൂഹത്തിന്റെ ആവശ്യങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളായിരിക്കും അടുത്ത രണ്ട് വർഷം നടത്തുക. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ആളുകളാണ് പുതിയ നേതൃത്വത്തിനൊപ്പമുള്ളത്.

ആ കൂട്ടായ്മയുടെ ശക്തി ഉപയോഗിച്ച് ഫൊക്കാനയെ കൂടുതൽ സജീവവും ജനകീയവുമായ സംഘടനയായി മുന്നോട്ട് കൊണ്ടുപോകുകയാണ് ലക്ഷ്യം.

സംഘടനയുടെ പേരിനും പാരമ്പര്യത്തിനും അഭിമാനം നൽകുന്ന പ്രവർത്തനങ്ങളായിരിക്കും അടുത്ത രണ്ട് വർഷം ഉണ്ടാകുക.

# ഇ-മലയാളി കഥാമത്സരം 2026



## കഥകൾ ക്ഷണിക്കുന്നു

**ഇ–മലയാളി – 2026 കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. ലോകമെമ്പാടുമുള്ള എല്ലാ എഴുത്തുകാർക്കും പങ്കെടുക്കാം.**

**ഒന്നാം സമ്മാനം 50,000 രൂപ**

**രണ്ടാം സമ്മാനം 25,000 രൂപ**

**മൂന്നാം സമ്മാനം 10,000 രൂപ**

കൂടാതെ ജൂറി അവാർഡുകളോ പ്രോത്സാഹന സമ്മാനങ്ങളോ പ്രത്യേക അംഗീകാരങ്ങളോ (സർട്ടിഫിക്കറ്റുകൾ മാത്രം) രചനകൾ വിലയിരുത്തുന്ന കമ്മറ്റിയുടെ ശുപാർശ പോലെ നൽകും .

1. കഥകൾക്ക് പ്രത്യേക വിഷയങ്ങൾ ഇല്ല. എങ്കിലും അശ്ളീല ചുവയുള്ളതോ, പ്രകോപനപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതോ, ജാതി–മത–രാഷ്ട്രീയ സ്വഭാവമുള്ളതോ ആയ രചനകൾ തിരസ്കരിക്കപ്പെടും.
2. ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (Unicode, ML TT കാർത്തിക എന്നിവയും ആകാം)
3. പതിനെട്ടു വയസ്സ് കഴിഞ്ഞ ഏതു പ്രായക്കാർക്കും കഥകൾ അയക്കാം.
4. മുമ്പ് പ്രസിദ്ധീകരിച്ച കഥകൾ സ്വീകാര്യമല്ല. അയച്ചുതരുന്ന കഥകൾ ഇ മലയാളി പ്രസിദ്ധീകരിക്കും.
5. ജൂറി തിരഞ്ഞെടുക്കുന്ന ചുരുക്കപ്പട്ടിക മാത്രമായിരിക്കും പ്രസിദ്ധീകരിക്കുക. അതിൽ നിന്നുമാണ് വിജയികളെ തിരഞ്ഞെടുക്കുക .
6. രചനകൾ mag.emalayalee@gmail.com എന്ന വിലാസത്തിൽ അയക്കുക.
7. കഥകൾ ലഭിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 31, 2026

**സമ്മാനാർഹരുടെ പേരുവിവരങ്ങൾ 2026 ക്രിസ്തുമസ് ദിനത്തിൽ പ്രഖ്യാപിക്കും.**

**കൂടുതൽ വിവരങ്ങൾക്ക് സുധീർ പണിക്കവീട്ടിലുമായി ബന്ധപ്പെടാം:**

**mag.emalayalee@gmail.com**

**ഇ – മലയാളി പത്രാധിപസമിതി**

# ലഹരിക്കെതിരെ യുവശബ്ദം ഉയരട്ടെ;

## ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരം സീസൺ 4 രജിസ്ട്രേഷൻ തുടങ്ങി

പി.ആർ.ഒ.:
മെർളിൻ മേരി അഗസ്റ്റിൻ




$10 ലക്ഷം കാഷ് പ്രൈസുകൾ; $1 ലക്ഷം ഗ്രാൻഡ് പ്രൈസ്; സൗജന്യ പ്രസംഗപരിശീലനവും മെൻ്ററിംഗും; വേൾഡ് മലയാളി ഫെഡറേഷൻ്റെ സജീവ സഹകരണത്തോടെ ആഗോള മത്സരം; ഇത്തവണ മുതൽ സബ് ജൂനിയർ വിഭാഗവും

ഫിലാഡൽഫിയ: ലോകമെമ്പാടുമുള്ള മലയാളി സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ പ്രസംഗശേഷി, ഭാഷാപാടവം, ആശയവിനിമയ മികവ്, ആത്മവിശ്വാസം, നേതൃത്വഗുണങ്ങൾ എന്നിവ വളർത്തുക എന്ന ലക്ഷ്യത്തോടെ ഓർമ്മ ഇൻ്റർനാഷണൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രസംഗമത്സരം സീസൺ 4 (202627) ൻ്റെ രജിസ്ട്രേഷൻ സെപ്റ്റംബർ 15-ന് ആരംഭിച്ചു. ഡിസംബർ 15 വരെ നീളുന്ന ആദ്യ റൗണ്ടിൽ പങ്കെടുക്കുന്നവർ രജിസ്ട്രേഷനോടൊപ്പം മൂന്നു മിനിറ്റിൽ കവിയാത്ത പ്രസംഗവീഡിയോ സമർപ്പിക്കണം. സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി മലയാളത്തിലും ഇംഗ്ലീഷിലുമാണ് മത്സരം.

മൂന്ന് ഘട്ടങ്ങളിലൂടെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മത്സരാർത്ഥികളെ കണ്ടെത്തി, ഓരോ ഘട്ടത്തിലും സൗജന്യ പ്രസംഗ പരിശീലനവും മെൻറ്ററിംഗും നൽകി അവരുടെ കഴിവുകൾ കൂടുതൽ മികവുറ്റതാക്കിയ ശേഷമാണ് ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ മികച്ച പ്രതിഭകൾ 2027 ഓഗസ്റ്റ് 7-ന് പാലായിൽ നടക്കുന്ന ഓൺ-സ്റ്റേജ് ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരയ്ക്കുക. സബ് ജൂനിയർ വിഭാഗത്തിൻറ്റെ ഫൈനൽ ഉൾപ്പെടെയുള്ള മത്സരങ്ങൾ പൂർണമായും ഓൺലൈനായിരിക്കും. ഒരു വർഷത്തോളം നീളുന്ന പരിശീലനമത്സര പരമ്പരയായാണ് സീസൺ 4 വിഭാവനം ചെയ്തിരിക്കുന്നത്.

സീസൺ 4-ൻറ്റെ പ്രധാന പ്രത്യേകതകളിലൊന്ന് ഓർമ്മ ഇൻറ്റർനാഷണലും വേൾഡ് മലയാളി ഫെഡറേഷനും (WMF) കൈകോർക്കുന്ന വിപുലമായ ആഗോള സഹകരണമാണ്. ലോകത്തിൻറ്റെ വിവിധ ഭാഗങ്ങളിലുള്ള കൂടുതൽ മലയാളി വിദ്യാർത്ഥികളിലേക്കും കുടുംബങ്ങളിലേക്കും മത്സരത്തിൻറ്റെ അവസരങ്ങളും സൗജന്യ പരിശീലനവും ഈ വർഷത്തെ സാമൂഹിക സന്ദേശവും എത്തിക്കുകയാണ് ഈ സഹകരണത്തിൻറ്റെ പ്രധാന ലക്ഷ്യം. ഭൂമിശാസ്ത്രപരമായ അതിരുകൾക്കപ്പുറം മലയാളി യുവതലമുറയെ ഒരേ പരിശീലനമത്സര വേദിയിൽ ബന്ധിപ്പിക്കുന്ന ആഗോള സംരംഭമായി സീസൺ 4-നെ കൂടുതൽ വിപുലപ്പെടുത്താനും ഈ കൂട്ടായ്മ ലക്ഷ്യമിടുന്നു.

## 'ഓപ്പറേഷൻ തൂഫാൻ'-ന് പിന്തുണ;

ഇത്തവണ പ്രസംഗവേദി ലഹരിക്കെതിരെ: യുവതലമുറയെ ബാധിക്കുന്ന ലഹരിവിപത്തിനെതിരെ ശക്തമായ സാമൂഹിക സന്ദേശം ഉയർത്തിക്കൊണ്ടാണ് ഓർമ്മ സീസൺ 4 സംഘടിപ്പിക്കുന്നത്. കേരള സർക്കാരിൻറ്റെ 'ഓപ്പറേഷൻ തൂഫാൻ' ലഹരിവിരുദ്ധ പ്രചാരണത്തിന് പിന്തുണ നൽകിക്കൊണ്ട് ലഹരിവിരുദ്ധ ബോധവത്കരണമാണ് ഈ വർഷത്തെ മത്സരത്തിൻറ്റെ മുഖ്യ സാമൂഹിക ദൗത്യം. ലഹരിക്കെതിരെയുള്ള സന്ദേശം ഒരു മത്സരവിഷയത്തിൽ മാത്രം ഒതുക്കാതെ, വിദ്യാർത്ഥികളുടെ ശബ്ദത്തിലൂടെ കുടുംബങ്ങളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പൊതുസമൂഹത്തിലേക്കും എത്തിക്കുകയാണ് ലക്ഷ്യം.




സീസൺ 4-ൻറ്റെ ലഹരിവിരുദ്ധ ദൗത്യത്തിനും യുവജന ശാക്തീകരണ ലക്ഷ്യത്തിനും ദേശീയസംസ്ഥാന തലങ്ങളിലെ പ്രമുഖരിൽനിന്ന് ശക്തമായ പിന്തുണയും ആശംസയും ലഭിച്ചിട്ടുണ്ട്. കേരളത്തിൽ 'വാഗ്മിത്വത്തിലേക്ക് ഒരു ചുവട്' എന്ന പേരിൽ ആരംഭിച്ച സീസൺ 4 പ്രചാരണത്തിന് മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ തുടക്കം കുറിച്ചു. ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, വിദ്യാഭ്യാസമന്ത്രി ശ്രീ. റോജി എം. ജോൺ, ജലവിഭവവകുപ്പു മന്ത്രി അഡ്വ. മോൻസ് ജോസഫ് എന്നിവരും വിവിധ ഘട്ടങ്ങളിലായി പോസ്റ്റർ പ്രകാശനം നിർവഹിച്ചും സന്ദേശങ്ങൾ നൽകിയും സംരംഭത്തിന് പിന്തുണയും ആശംസയും അറിയിച്ചു.

ലോകപ്രശസ്ത പ്രഭാഷകനും പാർലമെൻറ്റേറിയനും എഴുത്തുകാരനുമായ ഡോ. ശശി തരൂർ ഒന്നാം സീസൺ മുതൽ ഓർമ്മയുടെ ഈ സംരംഭത്തെ പ്രത്യേക സന്ദേശങ്ങളിലൂടെ പ്രോത്സാഹിപ്പിച്ചുവരികയാണ്.

സീസൺ 4-ലും പ്രത്യേക സന്ദേശത്തിലൂടെ തൻറ്റെ ശക്തമായ പിന്തുണയും ആശംസയും അറിയിച്ച അദ്ദേഹം, യുവജനങ്ങളുടെ




പ്രസംഗആശയവിനിമയ കഴിവുകൾ വളർത്താനുള്ള ഓർമ്മയുടെ ശ്രമത്തോടുള്ള തുടർച്ചയായ പിന്തുണ വീണ്ടും ഉറപ്പിച്ചു.

ഈ ലഹരിവിരുദ്ധ ദൗത്യത്തെ കേന്ദ്രീകരിച്ചാണ് ആദ്യ റൗണ്ടിലെ വിഷയങ്ങളും നിശ്ചയിച്ചിരിക്കുന്നത്. ഇംഗ്ലീഷ് വിഭാഗത്തിലെ വിഷയം 'Choose Dreams, Choose Life, Say No to Drugs" എന്നതും മലയാളം വിഭാഗത്തിലെ വിഷയം ''സ്വപ്നങ്ങൾ തിരഞ്ഞെടുക്കാം, ജീവിതം തിരഞ്ഞെടുക്കാം, നാശത്തിൻറെ ലഹരി ഉപേക്ഷിക്കാം'' എന്നതുമാണ്. മത്സരാർത്ഥികൾ തിരഞ്ഞെടുക്കുന്ന ഭാഷയിലെ വിഷയത്തെ ആസ്പദമാക്കിയുള്ള മൂന്നു മിനിറ്റിൽ കവിയാത്ത പ്രസംഗവീഡിയോയാണ് ഗൂഗിൾ ഫോമിലൂടെ ആദ്യ റൗണ്ടിലേക്ക് സമർപ്പിക്കേണ്ടത്.

സീസൺ 4-ൽ ആദ്യമായി സബ് ജൂനിയർ വിഭാഗം ഉൾപ്പെടുത്തിയതാണ് മറ്റൊരു പ്രധാന പുതുമ. നിലവിൽ പഠിക്കുന്ന ഗ്രേഡ് അടിസ്ഥാനമാക്കി 4 മുതൽ 6 വരെ ഗ്രേഡുകളിലുള്ളവർ സബ് ജൂനിയർ വിഭാഗത്തിലും, 7 മുതൽ 10 വരെ ഗ്രേഡുകളിലുള്ളവർ ജൂനിയർ വിഭാഗത്തിലും, 11-ാം ഗ്രേഡ് മുതൽ ഡിഗ്രി അവസാനവർഷം വരെയുള്ള വർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാം. മൂന്നു വിഭാഗങ്ങളിലും മലയാളത്തിലും ഇംഗ്ലീഷിലും മത്സരിക്കാം.

സബ് ജൂനിയർ വിഭാഗത്തിൻറെ ഫൈനൽ ഉൾപ്പെടെയുള്ള മുഴുവൻ മത്സരങ്ങളും ഓൺലൈനായിരിക്കും. ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ വിവിധ റൗണ്ടുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരിൽനിന്ന് ഫൈനലിസ്റ്റുകളെ കണ്ടെത്തി പാലായിലെ ഗ്രാൻഡ് ഫിനാലെയിലേക്ക് തിരഞ്ഞെടുക്കും.

വിജയികളെ മാത്രം കണ്ടെത്തുന്ന ഒരു സാധാരണ പ്രസംഗമത്സരം എന്നതിലുപരി, മത്സരാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി മികച്ച ആശയവിനിമയശേഷിയുള്ള യുവതലമുറയെ വളർത്തുക എന്നതാണ് ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരത്തിൻറെ തുടക്കം മുതലുള്ള പ്രധാന സവിശേഷത. ഓർമ്മ ടാലൻ്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസിൻറെ നേതൃത്വത്തിലാണ് സീസൺ 4-ൻ്റെ മത്സരപരിശീലന പദ്ധതികൾ ഏകോപിപ്പിക്കുന്നത്.

ഒരു വേദിയിൽ കയറി മികച്ച പ്രസംഗം നടത്താൻ കുട്ടികളെ പരിശീലിപ്പിക്കുക എന്നതിൽ മാത്രം ഒതുങ്ങുന്നതല്ല ഇതിൻറെ ലക്ഷ്യം. അവർ എവിടെ ജീവിച്ചാലും, ഏതു തൊഴിൽമേഖല തിരഞ്ഞെടുത്താലും, സ്വന്തം അറിവും ആശയങ്ങളും വ്യക്തതയോടെയും ആത്മവിശ്വാസത്തോടെയും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്ന മികച്ച ആശയവിനിമയക്കാരായി അവരെ വളർത്തുക എന്ന വിശാലമായ കാഴ്ചപ്പാടാണ് പരിശീലനത്തിനു പിന്നിലുള്ളത്.

മത്സരത്തോടൊപ്പം ഓരോ ഘട്ടത്തിലും സൗജന്യ പ്രസംഗപരിശീലനവും മെൻ്ററിംഗും നൽകുന്ന പരിശീലനാധിഷ്ഠിത മാതൃകയാണ് ഓർമ്മയുടെ ഈ സംരംഭത്തെ വ്യത്യസ്തമാക്കുന്നത്. രജിസ്ട്രേഷൻ ഫീസില്ല; പരിശീലനവും മെൻ്ററിംഗും സൗജന്യമാണ്. പ്രസംഗത്തിൻറെ ഉള്ളടക്കവും ഘടനയും, ഭാഷാപാടവം, ആശയവിനിമയശേഷി, ശബ്ദനിയന്ത്രണം, അവതരണ മികവ്, ശരീരഭാഷ, ആത്മവിശ്വാസം, സ്റ്റേജ് പ്രസൻസ്, ചിന്താശേഷി, നേതൃത്വഗുണങ്ങൾ തുടങ്ങിയ മേഖലകളിലാണ് പരിശീലനം കേന്ദ്രീകരിക്കുന്നത്. സിനർജി കൺസൾട്ടൻസിയിലെ ഡോ.ബെന്നി കുര്യൻ, സോയി തോമസ് എന്നിവർ പ്രസംഗപരിശീലനങ്ങൾക്ക് നേതൃത്വം നൽകുന്നു. ജോർജ് കരുണയ്ക്കൽ, പ്രൊഫ. ടോമി ചെറിയാൻ എന്നിവർ മെൻ്റർമാരായി മത്സരാർത്ഥികളുടെ തുടർവളർച്ചയ്ക്കും പരിശീലന പരിപാടികൾക്കും നേതൃത്വം നൽകുന്നു.

മലയാളികൾ ഇന്ന് ലോകത്തിൻറെ എല്ലാ ഭാഗങ്ങളിലുമുണ്ട്. കേരളത്തിലെ പുതിയ തലമുറയും പഠനത്തിനും തൊഴിലിനും ജീവിതത്തിനുമായി കൂടുതൽ

ആഗോള അവസരങ്ങളിലേക്കാണ് മുന്നേറുന്നത്. അറിവും വിദ്യാഭ്യാസവും സാങ്കേതികതൊഴിൽ വൈദഗ്ധ്യവും അവർക്കുള്ള വലിയ ശക്തികളാണ്. അതോടൊപ്പം, തങ്ങൾക്കുള്ള അറിവും ആശയങ്ങളും മറ്റുള്ളവരിലേക്ക് ഫലപ്രദമായി എത്തിക്കാനുള്ള സംസാരആശയവിനിമയ ശേഷി കൂടി പരിശീലനത്തിലൂടെ മൂർച്ചപ്പെടുത്താനായാൽ, ഏതു രാജ്യത്തും ഏതു തൊഴിൽമേഖലയിലും അവരുടെ ഭാവിക്ക് അത് വലിയൊരു മുതൽക്കൂട്ടാകും. അതുകൊണ്ടുതന്നെ പ്രസംഗപരിശീലനത്തെ ഒരു മത്സരത്തിനുള്ള തയ്യാറെടുപ്പായി മാത്രമല്ല, ജീവിതത്തിനും കരിയറിനും നേതൃത്വത്തിനുമുള്ള പരിശീലനമായാണ് ഓർമ്മ കാണുന്നത്. യുവതലമുറയുടെ ഭാവിയെ ഗൗരവത്തോടെ കാണുന്ന മാതാപിതാക്കളും അധ്യാപകരും വിദ്യാഭ്യാസ സ്ഥാപനങ്ങളും പൊതുസമൂഹവും പ്രത്യേകം ശ്രദ്ധിക്കേണ്ട യുവജന ശാക്തീകരണ സംരംഭം കൂടിയാണിത്.

സീസൺ 4-ൽ വിവിധ വിഭാഗങ്ങളിലെ വിജയികളെ കാത്തിരിക്കുന്നത് ആകെ ?10 ലക്ഷം രൂപയുടെ കാഷ് പ്രൈസുകളും ട്രോഫികളും സർട്ടിഫിക്കറ്റുകളുമാണ്. സീനിയർ വിഭാഗത്തിലെ ഏറ്റവും മികച്ച പ്രതിഭയ്ക്ക് നൽകുന്ന 'ORMA Orator of the Year 2026' ഗ്രാൻഡ് പ്രൈസായി അറ്റോർണി ജോസഫ് കുന്നേൽ സ്പോൺസർ ചെയ്യുന്ന ₹1,00,000 കാഷ് അവാർഡ്, ട്രോഫി, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കും.

സീനിയർ വിഭാഗത്തിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ഓരോന്നിലും ഒന്നാം സമ്മാനം ₹50,000 വീതമാണ്. ഓരോ ഭാഷയിലും ₹30,000 വീതം രണ്ട് രണ്ടാം സമ്മാനങ്ങൾ, ₹20,000 വീതം മൂന്ന് മൂന്നാം സമ്മാനങ്ങൾ, ₹10,000 വീതം നാല് നാലാം സമ്മാനങ്ങൾ, ₹5,000 വീതം അഞ്ച് അഞ്ചാം സമ്മാനങ്ങൾ നൽകും.

ജൂനിയർ വിഭാഗത്തിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ഓരോന്നിലും ഒന്നാം സമ്മാനം ₹25,000 വീതമാണ്. ഓരോ ഭാഷയിലും ₹15,000 വീതം രണ്ട് രണ്ടാം സമ്മാനങ്ങൾ,₹10,000 വീതം മൂന്ന് മൂന്നാം സമ്മാനങ്ങൾ, ₹5,000 വീതം നാല് നാലാം സമ്മാനങ്ങൾ, ₹3,000 വീതം അഞ്ച് അഞ്ചാം സമ്മാനങ്ങൾ നൽകും.

പുതുതായി ആരംഭിക്കുന്ന സബ് ജൂനിയർ വിഭാഗത്തിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ഓരോന്നിലും, ഒന്നാം സമ്മാനം ₹15,000, രണ്ടാം സമ്മാനം ₹10,000, മൂന്നാം സമ്മാനം ₹5,000 എന്നിങ്ങനെയാണ് സമ്മാനത്തുക. കൂടാതെ ₹2,000 വീതമുള്ള അഞ്ച് പ്രോത്സാഹന സമ്മാനങ്ങളും നൽകും. വിജയികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും ലഭിക്കും.

ഒന്നാം സീസണിൽ 428 പേരും, രണ്ടാം സീസണിൽ 1,160 പേരും പങ്കെടുത്ത ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരം മൂന്നാം സീസണോടെ 1,680 പേരോടെ കൂടുതൽ വിപുലമായ ആഗോള വിദ്യാർത്ഥി പങ്കാളിത്തത്തിലേക്ക് വളർന്നു. ആദ്യ മൂന്ന് സീസണുകളിലായി 3,500-ത്തിലധികം വിദ്യാർത്ഥികൾ ഓർമ്മയുടെ അന്താരാഷ്ട്ര പ്രസംഗവേദിയുടെ ഭാഗമായി.

ഓൺലൈൻ മത്സരങ്ങൾ, പരിശീലന സെഷനുകൾ, അസൈൻമെന്റുകൾ, വ്യക്തിഗത ഫീഡ്ബാക്ക്, വിവിധ റൗണ്ടുകൾ എന്നിവയിലൂടെ വിദ്യാർത്ഥികളുടെ കഴിവുകൾ പടിപടിയായി വളർത്തുന്ന രീതിയാണ് മുൻ സീസണുകളിലും പിന്തുടർന്നത്. അതിന്റെ തുടർച്ചയായി കൂടുതൽ വിപുലമായ പരിശീലനവും ആഗോള പങ്കാളിത്തവും സാമൂഹിക ദൗത്യവും ഉൾപ്പെടുത്തിയാണ് നാലാം സീസൺ മുന്നോട്ടുപോകുന്നത്.

ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരത്തിന്റെ അഡ്വൈസറി ബോർഡിൽ നീതിന്യായം, ശാസ്ത്രം, വിദ്യാഭ്യാസം, കല,



പരിശീലനം തുടങ്ങിയ മേഖലകളിലെ പ്രമുഖർ അംഗങ്ങളാണ്. കേരള ഹൈക്കോടതി മുൻ ജസ്റ്റിസ് ഡോ. നാരായണ കുറുപ്പ്, DRDO Aero Systems മുൻ ഡയറക്ടർ ജനറൽ ഡോ. ടെസ്സി തോമസ്, Arcadia University USA പ്രസിഡന്റ് ഡോ. അജയ് നായർ, കേരള സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. ജാൻസി ജെയിംസ്, എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, Holy Family University അക്കാദമിക് അഫയേഴ്സ് വൈസ് പ്രസിഡന്റ് ഡോ. ബിന്ദു ആലപ്പാട്ട്, ഡോ. വിപിൻ വി. റോൾഡന്റ്, സീനിയർ കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് ആൻഡ് പെർഫോമൻസ് കോച്ച്, മെന്റലിസ്റ്റ് നിപിൻ നിരവത്ത്, ചലച്ചിത്ര സംവിധായകൻ ലാൽ ജോസ് എന്നിവരാണ് അഡ്വൈസറി ബോർഡിലുള്ളത്.

സീസൺ 4-ന്റെ രാജ്യാന്തര സംഘാടന പ്രവർത്തനങ്ങളിൽ നാഷണൽ പ്രസിഡന്റ് സജി സെബാസ്റ്റ്യൻ, ഓർമ്മ ട്രസ്റ്റി ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, ജനറൽ സെക്രട്ടറി ക്രിസ്റ്റി എബ്രഹാം, ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ, ഓർമ്മ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫയേഴ്സ് ചെയർ വിൻസെന്റ് ഇമ്മാനുവൽ, മീഡിയ ചെയർ അരുൺ കോവാട്ട്, പി.ആർ.ഒ. മെർളിൻ മേരി അഗസ്റ്റിൻ എന്നിവരും വിവിധ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നു. കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ഓർമ്മ കേരള ചാപ്റ്റർ പ്രസിഡന്റെ കുര്യാക്കോസ് മണിവയലിൽ, എബി ജെ. ജോസ്, ഷാജി അഗസ്റ്റിൻ ആറ്റുപുറം എന്നിവർ നേതൃത്വം നൽകുന്ന ടീമും സജീവമായി രംഗത്തുണ്ട്. ണങഎ സ്ഥാപക ചെയർമാൻ ഡോ. പ്രിൻസ് പള്ളിക്കുന്നേലിന്റെയും ഗ്ലോബൽ പ്രസിഡന്റ് ഡോ. ആനി ലിബുവിന്റെയും നേതൃത്വത്തിലുള്ള വേൾഡ് മലയാളി ഫെഡറേഷന്റെ ലോകവ്യാപക ശൃംഖലയും സീസൺ 4-ൽ ശക്തമായി പങ്കുചേരുന്നു.

സെപ്റ്റംബർ 15 മുതൽ ഡിസംബർ 15, 2026 വരെയാണ് ആദ്യ റൗണ്ട്. തുടർന്ന് മത്സരാർത്ഥികൾ വിവിധ ഘട്ടങ്ങളിലെ മത്സരപരിശീലന പ്രക്രിയയിലൂടെ മുന്നേറും. ഈ ഒരു വർഷത്തെ യാത്രയുടെ പരിസമാപ്തിയായി ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ മികച്ച പ്രതിഭകൾ 2027 ഓഗസ്റ്റ് 7-ന് പാലാ, കേരളത്തിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരയ്ക്കും.

ഒരു മൂന്നു മിനിറ്റ് പ്രസംഗവീഡിയോയിൽ തുടങ്ങി, മത്സരത്തിന്റെയും പരിശീലനത്തിന്റെയും മെന്ററിംഗിന്റെയും വിവിധ ഘട്ടങ്ങൾ കടന്ന് പാലായിലെ സ്വപ്ന വേദിയിലേക്കെത്താവുന്ന ഒരു യാത്രയാണ് ഓർമ്മ WMF-നോടു ചേർന്ന് സീസൺ 4-ൽ ലോകമെമ്പാടുമുള്ള മലയാളി വിദ്യാർത്ഥികൾക്കായി ഒരുക്കുന്നത്. ലഹരിക്കെതിരെ യുവശബ്ദങ്ങൾ ഉയർത്തുന്നതിനൊപ്പം, അവർ നാളെ ലോകത്തിന്റെ ഏതു ഭാഗത്തും ഏതു തൊഴിൽമേഖലയിലും എത്തിയാലും സ്വന്തം അറിവും ആശയങ്ങളും ആത്മവിശ്വാസത്തോടെ പങ്കുവയ്ക്കാൻ കഴിയുന്ന മികച്ച ആശയവിനിമയക്കാരും നേതാക്കളുമായി വളരാൻ സഹായിക്കുക എന്ന ദീർഘകാല ലക്ഷ്യവും ഈ സംരംഭത്തിനുണ്ട്.

രജിസ്ട്രേഷൻ: സെപ്റ്റംബർ 15 ഡിസംബർ 15, 2026 ആദ്യ റൗണ്ട്: 3 മിനിറ്റ് പ്രസംഗവീഡിയോ ഭാഷകൾ: മലയാളം, ഇംഗ്ലീഷ് രജിസ്ട്രേഷൻ ഫീസ്: ഇല്ല പരിശീലനവും മെന്ററിംഗും: സൗജന്യം ഗ്രാൻഡ് ഫിനാലെ: ഓഗസ്റ്റ് 7, 2027 പാലാ, കേരളം.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ഓർമ്മ അന്താരാഷ്ട്ര പ്രസംഗമത്സരത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.ormaspeech.org സന്ദർശിക്കാം. വാട്സ്ആപ്പ്: +1 412 656 4853 +91 7907810571.





# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# കോൺഗ്രസ് അംഗം ടോം സോസിയും 'അമേരിക്കൻ സ്വപ്ന'ത്തിന്റെ രാഷ്ട്രീയവും

ജോർജ്ജ് എബ്രഹാം



2024-ൽ ന്യൂയോർക്കിലെ മൂന്നാമത് കോൺഗ്രഷണൽ ഡിസ്ട്രിക്ടിൽ നടന്ന പ്രത്യേക തിരഞ്ഞെടുപ്പിൽ ടോം സോസി വിജയിച്ചപ്പോൾ, രാഷ്ട്രീയത്തിന്റെ ഒഴുക്കിനെതിരെ നീന്തിയാണ് അദ്ദേഹത്തിന് ആ വിജയം കരഗതമായതെന്ന് ഞാൻ എഴുതിയിരുന്നു. അന്ന്, പ്രത്യേകിച്ച് ലോംഗ് ഐലൻഡിൽ, രാഷ്ട്രീയ ഗതി ഡെമോക്രാറ്റിക് പാർട്ടിക്ക് അനുകൂലമായിരുന്നില്ല. എന്നാൽ, ജനങ്ങളുടെ മനസ്സറിയാനും അവരുടെ ദൈനംദിന ജീവിതത്തിൽ പ്രസക്തമായ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാനും സോസിക്ക് കഴിഞ്ഞു.

രണ്ട് വർഷങ്ങൾക്ക് ശേഷം, അദ്ദേഹം വീണ്ടും ഒരു കടുത്ത തിരഞ്ഞെടുപ്പിനെ നേരിടുകയാണ്. രാഷ്ട്രീയ സാഹചര്യം ഇത്തവണ കൂടുതൽ വെല്ലുവിളി നിറഞ്ഞതായിരിക്കാം. 2024ലെ പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആണ് ഈ ഡിസ്ട്രിക്ടിൽ വിജയിച്ചത്. എന്നാൽ ട്രംപിനെ പിന്തുണച്ച അതേ വോട്ടർമാരിൽ



പലരും കോൺഗ്രസിലേക്ക് ടോം സോസിക്കും വോട്ട് ചെയ്തു. അതിൽനിന്ന് നമുക്ക് ചില കാര്യങ്ങൾ മനസ്സിലാക്കാനുണ്ട്.

അതിന്റെ അർഥമെന്താണ്? പാർട്ടി നേതാക്കളും രാഷ്ട്രീയ നിരീക്ഷകരും നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന ശരാശരി വോട്ടർ എല്ലായ്പ്പോഴും പ്രത്യയശാസ്ത്രപരമായി ഒരു പക്ഷത്ത് ഉറച്ചുനിൽക്കുന്നയാളല്ല എന്നതാണ് ലളിതമായ അർഥം. തങ്ങളുടെ ആശങ്കകൾ മനസ്സിലാക്കുകയും അവർക്കുവേണ്ടി പ്രവർത്തിക്കാൻ തയ്യാറാവുകയും ചെയ്യുന്നു എന്ന് വിശ്വസിക്കുന്നുവെങ്കിൽ, ഒരാൾ പ്രസിഡന്റ് സ്ഥാനത്തേക്ക് റിപ്പബ്ലിക്കൻ സ്ഥാനാർഥിക്കും കോൺഗ്രസിലേക്ക് ഡെമോക്രാറ്റിക് സ്ഥാനാർഥിക്കും ഒരേസമയം വോട്ട് ചെയ്യും. ടോം സോസിക്ക് ഗുണകരമായി തോന്നുന്നതും ഈ കാര്യമാണ്.

പ്രസിഡന്റ് ട്രംപ് ഇതിനകം തന്നെ ഈ കോൺഗ്രസ് തിരഞ്ഞെടുപ്പിന് മുൻഗണന നൽകിയിട്ടുണ്ട്. വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസും സോസിക്കെതിരെ പ്രചാരണം നടത്തിയിട്ടുണ്ട്. ഈ ഡിസ്ട്രിക്ട് തങ്ങൾക്ക് നേടാനാകുമെന്നാണ് റിപ്പബ്ലിക്കൻ പാർട്ടിയുടെ കണക്കുകൂട്ടൽ. അദ്ദേഹത്തെ പരാജയപ്പെടുത്താൻ അവർ കാര്യമായ ശ്രമവും നടത്തുന്നുണ്ട്. എന്നിട്ടും സോസി മത്സരത്തിൽ ശക്തമായി തുടരുകയാണ്.

എന്തുകൊണ്ട്? ഉത്തരം വളരെ ലളിതമായിരിക്കാം: സാമാന്യബുദ്ധി. അമേരിക്കൻ രാഷ്ട്രീയത്തിലെ രണ്ട് അതിരുകളിലേക്കും തന്നെ തള്ളിവിടാൻ സോസി അനുവദിച്ചിട്ടില്ല. ഡൊണാൾഡ് ട്രംപിന്റെ നിരവധി നയങ്ങളെ അദ്ദേഹം ശക്തമായി എതിർത്തിട്ടുണ്ട്. അതേസമയം, ഡെമോക്രാറ്റിക് പാർട്ടിയുടെ ദിശയെ കൂടുതൽ സ്വാധീനിക്കാൻ ശ്രമിക്കുന്ന ഡെമോക്രാറ്റിക് സോഷ്യലിസ്റ്റുകളുമായി താൻ സ്വയം ഒരുമിപ്പിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

അതിൽ യാതൊരു തെറ്റുമില്ല. ഒരാൾ ഡെമോക്രാറ്റ് ആണെന്നതുകൊണ്ട് ഇടതുപക്ഷത്തിന്റെ തീവ്ര നിലപാടുകൾ മുന്നോട്ടുവയ്ക്കുന്ന എല്ലാ നയങ്ങളും അംഗീകരിക്കണമെന്നില്ല. തൊഴിലാളികൾ, ന്യൂനപക്ഷങ്ങൾ, കുടിയേറ്റക്കാർ, തൊഴിലാളി യൂണിയനുകൾ, പ്രൊഫഷണലുകൾ, ചെറുകിട ബിസിനസ് ഉടമകൾ, മധ്യവർഗ കുടുംബങ്ങൾ എന്നിവരടങ്ങുന്ന വിശാലമായ കൂട്ടായ്മയാണ് ഡെമോക്രാറ്റിക് പാർട്ടിയിൽ എന്നും ഉണ്ടായിരുന്നത്. ആ വൈവിധ്യമാണ് പരമ്പരാഗതമായി പാർട്ടിയുടെ ശക്തി.

മുതലാളിത്തത്തിൽ വിശ്വസിക്കുന്നതും നിയമവാഴ്ചയും ക്രമസമാധാനവും സുരക്ഷിതമായ അതിർത്തികളും ധനകാര്യ ഉത്തരവാദിത്തവും രാജ്യസ്നേഹവും പിന്തുണയ്ക്കുന്നതും ഡെമോക്രാറ്റിക് വിരുദ്ധമായ ഒന്നല്ല. വാസ്തവത്തിൽ, ഒരുകാലത്ത് ഡെമോക്രാറ്റുകളും റിപ്പബ്ലിക്കൻമാരും ഒരുപോലെ പങ്കിട്ടിരുന്ന അടിസ്ഥാന അമേരിക്കൻ മൂല്യങ്ങളായാണ് ഇവ കണക്കാക്കപ്പെട്ടിരുന്നത്.

എല്ലാ പരിമിതികളോടും കൂടിയാണെങ്കിലും മുതലാളിത്തം ഈ രാജ്യത്ത് വലിയ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് സോസി മനസ്സിലാക്കുന്നു. ഇത് മില്യൺ കണക്കിന് ആളുകളെ മധ്യവർഗത്തിലേക്ക് ഉയർത്തുകയും, ഈ രാജ്യത്ത് എത്തുന്ന കുടിയേറ്റക്കാർക്ക് കഠിനാധ്വാനം, വിദ്യാഭ്യാസം, അച്ചടക്കമുള്ള ജീവിതം എന്നിവയിലൂടെ മെച്ചപ്പെട്ട ഭാവി കെട്ടിപ്പടുക്കാനുള്ള അവസരം നൽകുകയും ചെയ്തിട്ടുണ്ട്. പതിറ്റാണ്ടുകൾക്ക് മുമ്പ് അമേരിക്കയിലെത്തിയ നമ്മളെപ്പോലുള്ളവർക്ക് അമേരിക്കൻ സ്വപ്നം ഒരു രാഷ്ട്രീയ മുദ്രാവാക്യം മാത്രമായിരുന്നില്ല. അത് യാഥാർത്ഥ്യമായിരുന്നു.

കഠിനാധ്വാനം ചെയ്യുകയും നിയമം അനുസരിക്കുകയും മക്കൾക്ക് വിദ്യാഭ്യാസം നൽകുകയും രാജ്യത്തോടും അതിന്റെ ഭരണസംവിധാനത്തോടും വിശ്വസ്തരായി തുടരുകയും ചെയ്താൽ വിജയിക്കാനുള്ള അവസരം ലഭിക്കുമെന്ന് വിശ്വസിച്ചാണ് നമ്മൾ ഈ രാജ്യത്തെത്തിയത്.

അമേരിക്ക ഒരിക്കലും പൂർണമായിരുന്നില്ല. ഇന്നും അത് പൂർണമല്ല. അനീതികളും അസമത്വങ്ങളും സംവിധാനത്തിലെ പരാജയങ്ങളും എല്ലായ്പ്പോഴും ഉണ്ടായിട്ടുണ്ട്. എന്നാൽ, ലക്ഷക്കണക്കിന് ആളുകൾക്ക് അവസരങ്ങൾ നൽകിയ സംവിധാനത്തെ തകർക്കുകയല്ല പരിഹാരം. അതിലെ പോരായ്മകൾ തിരുത്തുകയും എല്ലാവർക്കും കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതാക്കുകയുമാണ് വേണ്ടത്.

ഇവിടെയാണ് ഡെമോക്രാറ്റിക് സോഷ്യലിസ്റ്റുകളും മുഖ്യധാരാ ഡെമോക്രാറ്റുകളും തമ്മിൽ പലപ്പോഴും അഭിപ്രായവ്യത്യാസം ഉണ്ടാകുന്നത്. ഈ രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് സോഷ്യലിസമാണ് പരിഹാരമെന്ന് പല അമേരിക്കക്കാരും വിശ്വസിക്കുന്നില്ല. സർക്കാരിന് നിർണായകമായ പങ്ക് വഹിക്കാനുണ്ടെന്നാണ് അവരുടെ വിശ്വാസം. ദരിദ്രരെ സംരക്ഷിക്കുക, വിദ്യാഭ്യാസ അവസരങ്ങൾ നൽകുക, ആരോഗ്യപരിചരണത്തിലേക്കുള്ള പ്രവേശനം ഉറപ്പാക്കുക, പൗരാവകാശങ്ങൾ സംരക്ഷിക്കുക, ശക്തമായ താൽപര്യങ്ങൾ സാധാരണക്കാരെ ചൂഷണം ചെയ്യുന്നത് തടയുക എന്നിവ സർക്കാരിന്റെ ഉത്തരവാദിത്തങ്ങളാണ്.

എന്നാൽ, അത് മുതലാളിത്തത്തെ തന്നെ നിരാകരിക്കുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഈ വ്യത്യാസം സോസി വളരെ വ്യക്തമായി മനസ്സിലാക്കുന്നതായി തോന്നുന്നു. ചില ഡെമോക്രാറ്റുകൾ നേരിടാൻ മടിച്ചിട്ടുള്ള മറ്റൊരു രാഷ്ട്രീയ യാഥാർഥ്യവും അദ്ദേഹം മനസ്സിലാക്കുന്നു: കുടിയേറ്റത്തെയും അതിർത്തി സുരക്ഷയെയും കുറിച്ചുള്ള ആശങ്കകൾ യാഥാർഥ്യമാണ്.

നിയമാനുസൃതമായ നടപടിക്രമങ്ങളിലൂടെ ഈ രാജ്യത്തെത്തിയവർ തുറന്ന അതിർത്തിയെ



**ഇന്നത്തെ പല രാഷ്ട്രീയക്കാരിൽനിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന മറ്റൊരു ഗുണമാണ് ഇരുപാർട്ടി സഹകരണത്തിനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത. വാഷിങ്ടണിൽ 'ബൈപാർട്ടിസൻഷിപ്പ്' എന്ന വാക്ക് തന്നെ ഏതാണ്ട് അപ്രിയമായി മാറിയിരിക്കുന്നു. സ്വന്തം രാഷ്ട്രീയ അടിത്തറയിൽ നിന്നുള്ള വിമർശനം ഭയന്ന് രാഷ്ട്രീയക്കാർ പലപ്പോഴും മറുപാർട്ടിയുമായി സഹകരിക്കാൻ മടിക്കുന്നു. വിട്ടുവീഴ്ച ദൗർബല്യമായി ചിത്രീകരിക്കപ്പെടുന്നു. സഹകരണം ചിലപ്പോൾ വഞ്ചനയായും കണക്കാക്കപ്പെടുന്നു.**

പിന്തുണയ്ക്കണമെന്നില്ല. നിയമങ്ങളും ക്രമബദ്ധമായ കുടിയേറ്റ നടപടിക്രമങ്ങളും എന്തുകൊണ്ട് പ്രധാനമാണെന്ന് മറ്റാരേക്കാളും നന്നായി പല കുടിയേറ്റക്കാർക്കും മനസ്സിലാകും. അതേസമയം, സുരക്ഷിതമായ അതിർത്തികൾ എന്നത് മനുഷ്യപ്പറ്റ് ഉപേക്ഷിക്കുകയോ ഓരോ കുടിയേറ്റക്കാരനെയും കുറ്റവാളിയായി കാണുകയോ ചെയ്യണമെന്നല്ല.

ഈ രണ്ട് നിലപാടുകളും പരസ്പരം വിരുദ്ധമായിരിക്കേണ്ടത് എന്തുകൊണ്ട്? അതിർത്തി സുരക്ഷിതമാക്കുന്നതിനൊപ്പം മനുഷ്യരോട് മാന്യതയോടെ പെരുമാറാനും കഴിയും. അക്രമാസക്തരായ കുറ്റവാളികളെ നാടുകടത്തുന്നതിനൊപ്പം, നിയമം പാലിച്ച് വർഷങ്ങളായി ഈ രാജ്യത്ത് ജോലി ചെയ്യുകയും നികുതി അടയ്ക്കുകയും കുടുംബങ്ങളെ വളർത്തുകയും ചെയ്യുന്ന കുടിയേറ്റക്കാർക്കായി യുക്തിസഹമായ പരിഹാരങ്ങൾ കണ്ടെത്താനും കഴിയും.

വീണ്ടും പറയട്ടെ, അതാണ് സാമാന്യബുദ്ധി. കുറ്റകൃത്യങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് ബാധകം. ആളുകൾക്ക് അവരുടെ അയൽപ്രദേശങ്ങളിൽ സുരക്ഷിതരാണെന്ന തോന്നൽ വേണം. ഭയമില്ലാതെ സബ്‌വേയിൽ യാത്ര ചെയ്യാൻ അവർ ആഗ്രഹിക്കുന്നു. മക്കൾ സുരക്ഷിതമായി വീട്ടിലേക്ക് മടങ്ങിച്ചെല്ലണമെന്ന് അവർ ആഗ്രഹിക്കുന്നു. തങ്ങളുടെ അടിസ്ഥാന സുരക്ഷാബോധം ഭീഷണിയിലാകുമ്പോൾ രാഷ്ട്രീയ വിശദീകരണങ്ങൾ കേൾക്കാൻ അവർ ആഗ്രഹിക്കുന്നില്ല.

പലപ്പോഴും സുരക്ഷാ ഉദ്യോഗസ്ഥരുടെ അകമ്പടിയോടെ പ്രശ്നബാധിത പ്രദേശങ്ങളിൽ നിന്ന് അകലെ കഴിയുന്ന രാഷ്ട്രീയക്കാർക്ക് പ്രത്യയശാസ്ത്രത്തെക്കുറിച്ച് ജനങ്ങളെ ഉപദേശിക്കുന്നത് എളുപ്പമാണ്. എന്നാൽ, അതിന്റെ പ്രത്യാഘാതങ്ങൾ നേരിട്ട് അനുഭവിക്കുന്ന കുടുംബത്തിന് കാര്യങ്ങൾ കൂടുതൽ ബുദ്ധിമുട്ടാണ്. അതും സോസി മനസ്സിലാക്കുന്നതായി തോന്നുന്നു.

ഇന്നത്തെ പല രാഷ്ട്രീയക്കാരിൽനിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന മറ്റൊരു ഗുണമാണ് ഇരുപാർട്ടി സഹകരണത്തിനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത. വാഷിങ്ടണിൽ 'ബൈപാർട്ടിസൻഷിപ്പ്' എന്ന വാക്ക് തന്നെ ഏതാണ്ട് അപ്രിയമായി മാറിയിരിക്കുന്നു. സ്വന്തം രാഷ്ട്രീയ അടിത്തറയിൽ നിന്നുള്ള വിമർശനം ഭയന്ന് രാഷ്ട്രീയക്കാർ പലപ്പോഴും മറുപാർട്ടിയുമായി സഹകരിക്കാൻ മടിക്കുന്നു. വിട്ടുവീഴ്ച ദൗർബല്യമായി ചിത്രീകരിക്കപ്പെടുന്നു. സഹകരണം ചിലപ്പോൾ വഞ്ചനയായും കണക്കാക്കപ്പെടുന്നു.

എന്നാൽ വിട്ടുവീഴ്ചയില്ലാതെ ജനാധിപത്യം എങ്ങനെയാണ് പ്രവർത്തിക്കുക? ചർച്ച, സന്തുലനം, പരസ്പര ധാരണ എന്നിവയെ അടിസ്ഥാനമാക്കിയാണ് നമ്മുടെ ഭരണസംവിധാനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഡെമോക്രാറ്റുകളും റിപ്പബ്ലിക്കൻമാരും ശത്രുക്കളല്ല. ഒരേ ഭരണഘടനാ സംവിധാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ എതിരാളികളാണ് അവർ.

തന്റെ ഡിസ്ട്രിക്ടിന് ഗുണകരമാകുമെന്ന് വിശ്വസിക്കുന്ന സാഹചര്യങ്ങളിൽ റിപ്പബ്ലിക്കൻമാരുമായി പ്രവർത്തിക്കാൻ താൻ തയ്യാറാണെന്ന് സോസി പലപ്പോഴും തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം ഡെമോക്രാറ്റ് എന്ന നിലയിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച്, ഒരു നിയമനിർമാതാവെന്ന നിലയിലാണ് അദ്ദേഹം പ്രവർത്തിക്കുന്നത്.

നാസോ കൗണ്ടിയിലെയും ക്വീൻസിലെയും ആളുകൾ വീട്ടിലിരുന്ന് പ്രത്യയശാസ്ത്രപരമായ ശുദ്ധിയെക്കുറിച്ച് ആശങ്കപ്പെടുന്നില്ല. അവർ ആശങ്കപ്പെടുന്നത് സ്വത്തുനികുതി, പലചരക്ക് സാധനങ്ങളുടെ വില, മോർട്ട്ഗേജ്, ആരോഗ്യ ഇൻഷുറൻസ്, ട്യൂഷൻ ചെലവ്, തങ്ങൾ വളർന്ന പ്രദേശത്തിനടുത്ത് ഒരു വീട് വാങ്ങാൻ മക്കൾക്ക് കഴിയുമോ എന്നതിനെക്കുറിച്ചൊക്കെയാണ്.

അവർ ആഗ്രഹിക്കുന്നത് ഫലങ്ങളാണ്. ഇവിടെയാണ് രാഷ്ട്രീയത്തിലെ തീവ്ര നിലപാടുകൾ പലപ്പോഴും സാധാരണക്കാരിൽനിന്ന് അകന്നുപോകുന്നത്. ഇക്കാര്യം രണ്ട് പാർട്ടികളും മനസ്സിലാക്കുന്നത് പ്രയോജനകരമായിരിക്കും.

മാഗാ പ്രസ്ഥാനത്തിനും അതിന്റേതായ പ്രത്യയശാസ്ത്രപരമായ കടുംപിടിത്തമുണ്ട്; ഡെമോക്രാറ്റിക് സോഷ്യലിസ്റ്റുകൾക്കും അതുപോലെതന്നെയുണ്ട് . എന്നാൽ ഭൂരിപക്ഷം അമേരിക്കക്കാരും ഈ രണ്ട് ധ്രുവങ്ങൾക്കിടയിലാണ് ജീവിക്കുന്നത്. ഒരു വിഷയത്തിൽ അവർ ലിബറലും മറ്റൊന്നിൽ കൺസർവേറ്റീവുമായിരിക്കാം. അവർ കുടിയേറ്റത്തെ പിന്തുണയ്ക്കുന്നതിനൊപ്പം സുരക്ഷിതമായ അതിർത്തികളും ആഗ്രഹിച്ചേക്കാം. അവർ സാമൂഹിക ക്ഷേമപദ്ധതികളെ പിന്തുണയ്ക്കുന്നതിനൊപ്പം പാഴായ സർക്കാർ ചെലവുകളെ എതിർത്തേക്കാം. പൗരാവകാശങ്ങളിൽ ശക്തമായി വിശ്വസിക്കുന്നതിനൊപ്പം നിയമപാലകരിൽ ശക്തമായ വിശ്വാസവും പുലർത്തിയേക്കാം.

അവർക്ക് ഡൊണാൾഡ് ട്രംപിനെ ഇഷ്ടപ്പെടാതിരിക്കാം, എന്നാൽ അതോടൊപ്പം സോഷ്യലിസത്തെയും നിരാകരിച്ചേക്കാം.

അതിൽ എന്താണ് അതിശയിക്കാനുള്ളത്? നമ്മളിൽ ഭൂരിഭാഗവും അറിയുന്ന അമേരിക്ക ഇതാണ്. ടോം സോസിവീണ്ടും തിരഞ്ഞെടുപ്പിനായി മത്സരിക്കുന്നതും ഈ അമേരിക്കയിലാണ്.

പ്രസിഡന്റ് ട്രംപും വൈസ് പ്രസിഡന്റ് വാൻസും നേരിട്ട് അദ്ദേഹത്തിനെതിരെ പ്രചാരണം നടത്തുന്നു എന്ന വസ്തുത ഈ തിരഞ്ഞെടുപ്പ് എത്രത്തോളം പ്രധാനപ്പെട്ടതായിത്തീർന്നുവെന്ന് വ്യക്തമാക്കുന്നു. ഈ ഡിസ്ട്രിക്ടിലെ റിപ്പബ്ലിക്കൻ വോട്ടർമാരെ സ്വാധീനിച്ച് സോസിയെ പരാജയപ്പെടുത്താൻ കഴിയുമെന്ന് അവർ വ്യക്തമായി വിശ്വസിക്കുന്നു. ഒരുപക്ഷേ അവർക്ക് അതിന് കഴിഞ്ഞേക്കാം!

എന്നാൽ പല വോട്ടർമാരും പാർട്ടി അതിരുകൾ മറികടന്ന് വോട്ട് ചെയ്യാൻ തയ്യാറാണെന്ന് സോസി ഇതിനകം തെളിയിച്ചിട്ടുണ്ട്. വീണ്ടും അങ്ങനെ സംഭവിച്ചേക്കാം.

ഇതിൽനിന്നുള്ള വലിയ പാഠം ഡെമോക്രാറ്റിക് പാർട്ടി അവഗണിക്കരുത്. നമ്മോട് ഇതിനകം യോജിക്കുന്നവരെ ആവേശഭരിതരാക്കുന്നതിലൂടെ മാത്രം തിരഞ്ഞെടുപ്പുകൾ വിജയിക്കാനാകില്ല. ചില വിഷയങ്ങളിൽ നമ്മോട് വിയോജിച്ചാലും നമ്മെ കേൾക്കാൻ തയ്യാറുള്ളവരെ ബോധ്യപ്പെടുത്തിയാണ് തിരഞ്ഞെടുപ്പുകൾ വിജയിക്കുന്നത്. അതിന് മിതത്വം ആവശ്യമാണ്. വ്യത്യസ്ത കാഴ്ചപ്പാടുകളുള്ളവരോട് ബഹുമാനം ആവശ്യമാണ്. എല്ലാറ്റിനുമുപരി, അതിന് സാമാന്യ ബുദ്ധി ആവശ്യമാണ്.

തൊഴിലാളികൾ, ന്യൂനപക്ഷങ്ങൾ, കുടിയേറ്റക്കാർ, പൗരാവകാശങ്ങൾ, സാമൂഹിക നീതി എന്നിവയോടുള്ള ചരിത്രപരമായ പ്രതിബദ്ധത ഡെമോക്രാറ്റിക് പാർട്ടി ഒരിക്കലും ഉപേക്ഷിക്കരുത്. എന്നാൽ സാധാരണ അമേരിക്കക്കാർ തങ്ങളുടെ ദൈനംദിന ജീവിതത്തിലെ ആശങ്കകളിൽനിന്ന് വളരെയധികം അകന്നതായി കരുതുന്ന നയങ്ങളിലൂടെ പാർട്ടി സ്വയം നിർവചിക്കപ്പെടാനും അനുവദിക്കരുത്.

മുതലാളിത്തം, രാജ്യസ്നേഹം, ശക്തമായ ദേശീയ പ്രതിരോധം, നിയമവാഴ്ചയും ക്രമസമാധാനവും, സുരക്ഷിതമായ അതിർത്തികൾ, ധനകാര്യ ഉത്തരവാദിത്തം എന്നിവയിൽ വിശ്വസിക്കുന്ന ഡെമോക്രാറ്റുകൾക്കും പാർട്ടിയിൽ ഇടമുണ്ടായിരിക്കണം.

ടോം സോസിക്ക് ആ ഇടം നിലനിർത്താൻ ദൃഢനിശ്ചയമുള്ളതായി തോന്നുന്നു. ഡൊണാൾഡ് ട്രംപ് വിജയിച്ച ഒരു മണ്ഡലത്തിൽ അദ്ദേഹം രാഷ്ട്രീയമായി ഇപ്പോഴും നിലനിൽക്കുന്നതിന്റെ കാരണവും ഒരുപക്ഷേ അതായിരിക്കാം. ഈ മണ്ഡലത്തിൽനിന്നുള്ള സന്ദേശത്തിന് ഇതിലും വ്യക്തമായിരിക്കാനാവില്ല.

ആളുകൾ തീവ്ര നിലപാടുകളിൽ മടുത്തിരിക്കുകയാണ്. സർക്കാർ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നാണ് അവരുടെ ആഗ്രഹം. സുരക്ഷിതമായ അയൽപ്രദേശങ്ങൾ, താങ്ങാനാകുന്ന ജീവിതച്ചെലവ്, സുരക്ഷിതമായ അതിർത്തികൾ, നല്ല സ്കൂളുകൾ, മക്കൾക്ക് അവസരങ്ങൾ എന്നിവയാണ് അവർ ആഗ്രഹിക്കുന്നത്. എല്ലാറ്റിനുമുപരി, കഠിനാധ്വാനം ചെയ്യുകയും നിയമങ്ങൾ പാലിക്കുകയും ഈ രാജ്യത്തോടും അതിന്റെ ജനാധിപത്യ സംവിധാനത്തോടും വിശ്വസ്തരായി തുടരുകയും ചെയ്താൽ അമേരിക്കൻ സ്വപ്നം ഇപ്പോഴും തങ്ങളുടെ കൈയെത്തും ദൂരത്തുണ്ടെന്ന വിശ്വാസം അവർക്ക് നിലനിർത്താനാണ് ആഗ്രഹം. ഇന്നത്തെ പല രാഷ്ട്രീയക്കാരേക്കാളും ടോം സുവോസിക്ക് അത് നന്നായി മനസ്സിലാകുന്നതായി തോന്നുന്നു.

ഒടുവിൽ, അതായിരിക്കാം അദ്ദേഹത്തെ വിജയത്തിലേക്ക് അടുപ്പിക്കുന്ന രഹസ്യവും.


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# 'രാധ, രാധ മാത്രമല്ല'



രാജു മൈലപ്ര

മലയാളത്തിലെ പ്രമുഖ ആധുനിക സാഹിത്യകാരന്മാരിൽ ഒരാളാണ് എം. മുകുന്ദൻ. സാധാരണ മനുഷ്യരുടെ ജീവിതത്തിലെ സംഘർഷങ്ങളും, ഏകാന്തതയും, പ്രണയവും, സാമൂഹിക മാറ്റങ്ങളും, സൂക്ഷ്മമായും, വ്യത്യസ്തമായ ആഖ്യാന ശൈലിയിലും അവതരിപ്പിക്കുന്നതാണു മുകുന്ദന്റെ രചനകളുടെ പ്രത്യേകത. അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കഥകളിലൊന്നാണ് 'രാധ രാധ മാത്രം.' 1964-ൽ പ്രക്ഷേപണം ചെയ്ത ചാൾസ് ബ്യൂമോണ്ടിന്റെ 'Persons Unknown' എന്ന കഥയും 1970-ൽ പ്രസിദ്ധീകരിച്ച മുകന്ദന്റെ 'രാധ, രാധ മാത്രം' എന്ന കഥയും തമ്മിൽ എന്തെങ്കിലും സാമ്യമുണ്ടോ?

1. രാധ രാധ മാത്രം.

രാധ പതിവുപോലെ കോളേജ് കവിഞ്ഞ് വീട്ടിലേക്കു വരുന്ന വഴി, ബസ്സ്റ്റേപ്പിൽ വെച്ച് അപ്രതീക്ഷിതമായി തന്റെ സുഹൃത്ത് സുരേഷിനെ കാണുന്നു. ആഹ്ലാദത്തോടെ അവൾ അവന്റെ അരികിലേക്ക് ഓടിയെത്തി, വിശേഷങ്ങൾ തിരക്കുന്നു. പക്ഷേ സുരേഷിന് അവളെ മനസ്സിലാവുന്നില്ല.

'നീ ഏതാണു കുട്ടി?' എന്നയാൾ ചോദിച്ചപ്പോൾ തന്നെ കളിയാക്കുകയാണെന്നാണ് രാധ ആദ്യം കരുതിയത്.

എന്നാൽ അവളെ അറിയില്ലെന്നും അയാൾ തറപ്പിച്ചു പറഞ്ഞു.

കഴിഞ്ഞ ദിവസം വരെ കോളേജിലും കടൽക്കരയിലും ഒരുമിച്ചു നടന്ന തന്നെ, സുരേഷ് വഞ്ചിക്കുകയാണെന്നു കരുതിയ രാധ അമർഷത്തോടെ അവിടെ നിന്നും പോകുന്നു.

ബസ്സിറങ്ങി വീട്ടിലേക്കു നടക്കുന്ന രാധയെ, വഴിവക്കിലുള്ള വരൊക്കെ അപരിചിതയേപ്പോലെയാണു നോക്കുന്നത്. രാധ അതൊന്നും ശ്രദ്ധിക്കാതെ വീട്ടിലേക്കു നടന്നു.

വീട്ടിലെത്തിയപ്പോൾ അച്ഛൻ പതിവുപോലെ, പത്രം വായിച്ചുകൊണ്ട് വരാന്തയിലിരുപ്പുണ്ട്. അവൾ വീട്ടിലേക്കു കയറുവാൻ തുടങ്ങുമ്പോൾ, അയാൾ ചോദിക്കുന്നു:

'ഏതാ കുട്ടി നീ? എവിടുന്നാ വരുന്നേ?'

ഈ ചോദ്യം കേട്ടപ്പോൾ ഒന്നും പറയാനാവാതെ രാധ തരിച്ചു നിന്നു. അച്ഛൻ അമ്മയെ വിളിച്ചു:

ഏതോ ഒരു കുട്ടി, ചോദിച്ചിട്ട് ഒന്നും മിണ്ടുന്നില്ല.

അമ്മ, രാധയുടെ തോളിൽ കൈവെച്ചുകൊണ്ടു ചോദിച്ചു:

എന്താണ് കുട്ടി നിന്റെ പേര്- എവിടുന്നാ വരുന്നത്?'

ഇതു കൂടി കേട്ടതോടെ, രാധയുടെ സർവ നിയന്ത്രണവും വിട്ടു. അവളുടെ കൈയിൽ നിന്നു

പുസ്തകങ്ങൾ താഴെ വീണു ചിതറി. അവൾക്ക് കരച്ചിൽ നിയന്ത്രിക്കാനായില്ല–

'എന്താണ് നിങ്ങൾക്കൊക്കെ പറ്റിയത്– സ്വന്തം മകളെ കണ്ടിട്ട് നിങ്ങൾക്കു മനസ്സിലാവുന്നില്ലേ?'

മാനസീക വിഭ്രാന്തി ബാധിച്ച ഒരു പെൺകുട്ടിയോടെന്ന പോലെയാണ്, അച്ഛനും അമ്മയും രാധയോടും സംസാരിച്ചത്. അവർക്കു മാത്രം അറിയാവുന്ന പല സംഭവങ്ങളും അവൾ അവരെ ഓർമ്മിപ്പിച്ചെങ്കിലും, അത്തരം കാര്യങ്ങളൊന്നും അച്ഛനും അമ്മക്കും ഓർമ്മയില്ല.

മറ്റൊരു നിവൃത്തിയുമില്ലാതായപ്പോൾ രാധ ആ വീട്ടിൽ നിന്നുമിറങ്ങി.

പോകുന്ന വഴിവക്കിൽ, പക്ഷികളും, സമുദ്രവും, കാറ്റും, ആകാശവും, ഭൂമിയും ഒരേ സ്വരത്തിൽ ഏററു പാടി:

'നീ രാധയല്ല– നിന്നെ ഞങ്ങൾക്കറിയില്ല.'

വായനക്കാരുടെ മനസ്സിലും ഒരു വിഭ്രാന്തി പകർന്നു കൊണ്ട്, രാധ ഇരുട്ടിലേക്കു നടന്നു മറയുന്നു.

2. Person or Persons Unkown

ചാൾസ് ബ്യൂമോണ്ട്(Charles Beaumont) ഒരു അമേരിക്കൻ എഴുത്തുകാരനും തിരക്കഥാകൃത്തുമായിരുന്നു. 'The Twilight Zone' എന്ന ടെലിവിഷൻ പരമ്പരയ്ക്കായി നിരവധി ശ്രദ്ധേയമായ കഥകളും തിരക്കഥകളും രചിച്ചിട്ടുണ്ട്. മനുഷ്യന്റെ ഭയം, ഏകാന്തത, യാഥാർത്ഥ്യബോധം എന്നിവ അദ്ദേഹത്തിന്റെ രചനകളിലെ പ്രധാന പ്രമേയങ്ങളായിരുന്നു. 1962–ലാണു ഈ എപ്പിസോഡ് പ്രക്ഷേപണം ചെയ്യുന്നത്.

കഥയുടെ സംക്ഷിപ്ത വിവരണം

സുഹൃത്തുകളോടൊപ്പം ആഘോഷത്തിൽ പങ്കെടുത്ത ശേഷം ഡേവിഡ് ഗർണി എന്ന ഒരു സാധാരണ മനുഷ്യൻ സ്വന്തം വീട്ടിലെത്തി ഉറങ്ങുന്നു.

അയാൾ രാവിലെ ഉറക്കമുണർന്നു എഴുന്നേൽക്കുമ്പോൾ, സംഭവിക്കുന്നതെല്ലാം തികച്ചും അസാധരണമായ കാര്യങ്ങളാണ്. അയാളുടെ ഭാര്യ വിൽമ അയാളെ തറപ്പിച്ചു നോക്കിയിട്ടു ചോദിക്കുന്നു: 'ആരാണ് നിങ്ങൾ? എനിക്കു നിങ്ങളെ അറിയില്ല.' ഭാര്യ തമാശ പറയുകയാണെന്നാണു ഡേവിഡ് ആദ്യം കരുതിയത്. എന്നാൽ അവർ വളരെ ഗൗരവത്തിലാണു.

പതിവു പോലെ ഡേവിഡ് ജോലി സ്ഥലത്തേക്കു പോകുന്നു. എന്നാൽ വിചിത്രമെന്നു പറയട്ടെ, സഹപ്രവർത്തകരാരും ഡേവിഡിനെ തിരിച്ചറിയുന്നില്ല.



എനിക്ക് ഡേവിഡ് ഗർണി എന്നൊരു മകനില്ല.' അയാളുടെ അമ്മ തീർത്തു പറയുന്നു.

'ഞാൻ ഭ്രാന്തനാണോ?'– ഒരു നിമിഷത്തേക്ക് ഡേവിഡ് സ്വയം സംശയിക്കുന്നു. എന്നാൽ തന്റെ ജീവിതത്തെക്കുറിച്ച് വ്യക്തമായ ഓർമ്മകളുള്ളതിനാൽ താൻ ഭ്രാന്തനല്ലെന്ന് ഡേവിഡ് വിശ്വസിക്കുന്നു.

സംശയനിവൃത്തിക്കായി അയാൾ ഒരു മനോരോഗ വിദഗ്ദനെ സമീപിക്കുന്നു. യഥാർത്ഥത്തിൽ ഡേവിഡ് ഗർണി എന്നൊരു വ്യക്തി ഇല്ലെന്നും, അത് അയാളുടെ മനസ് സൃഷ്ടിച്ച ഒരു സാങ്കൽപ്പിക വ്യക്തിത്വമായിരിക്കുമെന്നാണ്' ഡോക്ടർ അഭിപ്രായപ്പെട്ടത്.

എന്തു ചെയ്യണമെന്നറിയാതെ നട്ടം തിരിയുന്ന അയാൾക്ക് ആശ്വാസമായി താനും ഭാര്യയും



ഒരുമിച്ചു നിൽക്കുന്ന വിവാഹ ഫോട്ടോ കണ്ടെത്തുന്നു. പോലീസ് ഉദ്യോഗസ്ഥരേയും, ഡോക്ടറേയും ഒരു തെളിവായി ഈ ഫോട്ടോ കാണിക്കുന്നു. അവരുടെ മുഖത്തു യാതൊരു ഭാവഭേദവുമില്ല. ഫോട്ടോ തിരിച്ച് ഡേവിഡിനു കൊടുക്കുന്നു. ഡേവിഡ് വീണ്ടും ഫോട്ടോയിലേക്കു നോക്കുമ്പോൾ, അതിൽ അയാൾ മാത്രം. ഭാര്യ ഇപ്പോൾ ചിത്രത്തിലില്ല. തന്റെ അസ്ഥിത്വം തെളിയിക്കുവാൻ ഉണ്ടായിരുന്ന അവസാന തെളിവും ഇല്ലാതായി.

**ഒരു ചെറിയ ട്വിസ്റ്റ്**

ഉറക്കത്തിൽ ഡേവിഡ് കിടക്കയിൽ നിന്നും താഴെ വീഴുന്നു. ഞെട്ടിയുണരുമ്പോൾ ഭാര്യ വിൽമ സമീപത്തുണ്ട്. അവർ പതിവുപോലെ സംസാരിക്കുന്നു. ഡേവിഡ് ആശ്വാസത്തോടെ അവളെ നോക്കുന്നു. അപ്പോൾ ഇതെല്ലാം ഒരു ദുഃസ്വപ്നമായിരുന്നോ?

വിൽമ ബാത്ത്റൂമിൽ നിന്നും പുറത്തു വരുമ്പോൾ ഡേവിഡ് ഞെട്ടിപ്പോകുന്നു. അവൾ സംസാരിക്കുന്നതും പെരുമാറുന്നതും തന്റെ ഭാര്യയപ്പോലെയാണ്. പക്ഷേ, അവളുടെ മുഖം ഡേവിഡ് അറിയുന്ന ഭാര്യയുടേതല്ല.

അയാൾ വീണ്ടും ആശയക്കുഴപ്പത്തിലാകുന്നു. അപ്പോൾ പ്രേക്ഷകനും ആ ചോദ്യത്തിനു മുന്നിൽ പകച്ചു നിൽക്കുന്നു.

അത് സ്വപ്നമായിരുന്നോ? അതോ ഡേവിഡ് മറ്റൊരു മാനസീക വിഭ്രാന്തിക്ക് അടിമപ്പെട്ടതാണോ? അതിനുള്ള വ്യക്തമായ ഉത്തരം കഥാകൃത്ത് നൽകുന്നില്ല. അതാണ് ഈ കഥയുടെ ഭീതിയും ശക്തിയും.

**** **** **** ****

'രാധ, രാധ മാത്രവും, Persons Unkown-' - ഉം തമ്മിൽ കഥയുടെ അടിസ്ഥാന ആശയത്തിൽ സാമ്യമുണ്ട്. ഒരു വ്യക്തിയെ ചുറ്റുമുള്ളവർ, സ്വന്തം കുടുംബം ഉൾപ്പെടെ തിരിച്ചറിയാതാകുകയും അതിലൂടെ അയാൾ അനുഭവിക്കുന്ന അസ്തിത്വ പ്രതിസന്ധിയും, ഏകാന്തതയും പ്രമേയമാകുകയും ചെയ്യുന്നു. എന്നാൽ കഥാപാത്രങ്ങളും, സംഭവവികാസവും, അവതരണ രീതിയും വ്യത്യസ്തമാണ്.

പ്രതീക്ഷിക്കാതെ, പെട്ടെന്നു ഒരു നിമിഷത്തിൽ തങ്ങളെ ആരും മനസ്സിലാകുന്നില്ല എന്നു വന്നാൽ നമ്മൾ എന്തു ചെയ്യും? ഈ ലോകത്ത് നമ്മൾ ആരുമല്ലാതായിത്തീരും. നമ്മളെ ഈ ലോകത്ത് നിലനിർത്തുന്നത് നമ്മെ തിരിച്ചറിയുന്നവർ ഇവിടെ ഉണ്ടാകുമ്പോഴാണ്. നമ്മുടെ അസ്തിത്വം അവർ നിഷേധിച്ചാൽ പിന്നെ നമുക്ക് ഈ ലോകത്ത് നിലനിൽപ്പില്ല.

ഇരുകഥകളുടേയും നായക/നായികമാർ ആവർത്തിച്ചു പറയുന്നത് ഒരു അടിസ്ഥാന വാക്യമാണ്.

Gurney: 'I am David Gurney.'

രാധ: 'ഞാൻ രാധയാണ്.'

ഇരുവരും സ്വന്തം identity സ്വയം പ്രഖ്യാപിക്കുന്നു. അതിൽ ഉറച്ചു നിൽക്കുന്നു.

പക്ഷേ ലോകം ഒരുമിച്ചു പറയുന്നു: 'നീ പറയുന്ന വ്യക്തിയല്ല നീ. നിന്നെ ഞങ്ങൾ അറിയുന്നില്ല.'

ഇവിടെയാണ് രണ്ടുകൃതികളും പരസ്പരം അത്ഭുതകരമായി ബന്ധിക്കപ്പെട്ടിരിക്കുന്നത്.

വലിയ സാഹിത്യ പ്രതിഭകളുടെ ഭാവന പലപ്പോഴും ഒരേ ചിറകിലേറിയാണല്ലോ പറക്കുന്നത്. അതും ഒരു അത്ഭുത പ്രതിഭാസമാണ്.

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®
You're in good hands.

CALL
**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

# റോക്ക്‌ലാൻഡ് തിരുക്കുടുംബ ദേവാലയത്തിൽ പരിശുദ്ധ കന്യകാ മറിയത്തിന്റെ തിരുനാൾ ഭക്ത്യാഘോഷപൂർവ്വം കൊണ്ടാടി



റോയ് ആന്റണി

റോക്ക്‌ലാൻഡ്: ന്യൂ യോർക്കിലെ ആദ്യ ഇടവകകളിൽ ഒന്നായ റോക്ക്‌ലാൻഡ് തിരുകുടുംബ ദേവാലയത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാൾ ഈ വർഷവും ഭക്തി നിർഭരമായ വിവിധ ചടങ്ങുകളോടെ ആഘോഷിച്ചു. നാട്ടിലെ തിരുനാളുകളെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ കൊടി തോരണങ്ങളും മുത്തുകുടകളും ദീപാലങ്കാരങ്ങളും ചെണ്ടമേളവും വെടിക്കെട്ടും ആഘോഷമായ പ്രദക്ഷിണവും ഉൾപ്പെടെ തനത് കേരളീയ പാരമ്പര്യത്തിന്റെ ചാരുത നിറഞ്ഞതായിരുന്നു ആഘോഷങ്ങൾ.

സെപ്റ്റംബർ ഒന്നാം തീയതി മുതൽ എട്ടാം തീയതി വരെ എല്ലാ ദിവസവും പരിശുദ്ധ ദിവ്യ കാരുണ്യ ആരാധന, ജപമാല, വിശുദ്ധ കുർബ്ബാന, മാതാവിന്റെ നൊവേന എന്നീ തിരു കർമ്മങ്ങളോടെയാണ് തിരുനാളിനുള്ള ആത്മീയ ഒരുക്കങ്ങൾ നടന്നത്. എട്ടാം തീയതി വുമൺസ് ഫോറത്തിന്റെ നേതൃത്വത്തിൽ ഭക്തി നിർഭരമായ ജപമാല റാലിയും സംഘടിപ്പിച്ചു.

സെപ്റ്റംബർ 11 വെള്ളിയാഴ്ച ഇടവക വികാരി റെവ. ഫാ. സ്റ്റീഫൻ കണിപ്പിള്ളിൽ കൊടിയേറ്റിയതോടെ തിരുന്നാളിന് ഔദ്യോഗിക തുടക്കമായി. തുടർന്ന് ഫാ. ജേക്കബ് തെക്കേത്തോട്ടത്തിൽ ദിവ്യ ബലി അർപ്പിച്ചു. സെപ്റ്റംബർ 12 ശനിയാഴ്ച ഫാ. മെൽവിൻ പോളിന്റെ മുഖ്യ കർമ്മികത്വത്തിൽ ദിവ്യ ബലിയും ലദീഞ്ഞും അർപ്പിക്കപ്പെട്ടു. വെള്ളി ശനി ദിവസങ്ങളിൽ തിരു കർമ്മങ്ങൾക്ക് ശേഷം പള്ളിയിൽ തന്നെ തയ്യാറാക്കിയ സ്നേഹ വിരുന്നും ഉണ്ടായിരുന്നു.

മുഖ്യ തിരുന്നാൾ ദിനമായ ഞായറാഴ്ച ഫാ. മെൽബിൻ ജോസഫ് പേഴത്തിങ്കൽ എം. സി .ബി.സ്സിന്റെ മുഖ്യ കർമികത്വത്തിൽ അർപ്പിക്കപ്പെട്ട ആഘോഷമായ പാട്ട് കുർബ്ബാന നടന്നു. ഫാ. ജോബി ജോസഫ് പൂച്ചുക്കണ്ടത്തിൽ, ഫാ. വിൻസെന്റ് പുന്നതാനത്ത്, ഫാ. റോയ് ചേട്ടാണിയിൽ, ഫാ. സെബാസ്റ്റ്യൻ ഇല്ലിക്കൽ സി. എം.ഐ എന്നിവർ സഹകർമ്മികരായിരുന്നു.

തുടർന്ന് ലദീഞ്ഞും വിശുദ്ധരുടെ തിരു സ്വരൂപങ്ങൾ വഹിച്ചുകൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണവും നടന്നു. സൺഡേ സ്കൂൾ വിദ്യാർഥികൾ അവതരിപ്പിച്ച ടാബ്ലോകൾ പ്രദക്ഷിണ









ത്തിന് ആത്മീയവും ഭക്തി നിർഭരവുമായ ചാരുത പകർന്നു. ഗിന്നസ് റെക്കോർഡ് ജേതാക്കളായ ജോയ്സ് വെട്ടവും ശിഷ്യരും അവതരിപ്പിച്ച പഞ്ചാരി മേളം താള ലയ വിസ്മയമായി മാറി.

ഇടവക വികാരി ഫാ. സ്റ്റീഫൻ കണിപ്പിള്ളിൽ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. കൈക്കാരൻമാരായ ലിജോ ജോൺ, അനിൽ ആന്റണി, ലീനു വയലുങ്കൽ, പാരിഷ് കൌൺസിൽ അംഗങ്ങൾ, വിവിധ തിരുനാൾ കമ്മറ്റികൾ, സൺഡേ സ്കൂൾ അധ്യാപകർ തുടങ്ങിയവർ ആഘോഷ പരിപാടികളുടെ വിജയത്തിനായി ആത്മാർത്ഥമായി പ്രവർത്തിച്ചു.

വിഭവസമൃദ്ധമായ സ്നേഹ വിരുന്നിനുശേഷം വർണാഭമായ വെടിക്കെട്ടോടെയാണ് ഈ വർഷത്തെ തിരുനാൾ ആഘോഷങ്ങൾക്ക് സമാപനം കുറിച്ചത്. വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും കേരളീയ പാരമ്പര്യത്തിന്റെയും മനോഹരമായ സംഗമമായി തിരുനാൾ ആഘോഷങ്ങൾ മാറി.






ONE WAY













NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call (877) 202-8112
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ജീവിതത്തിൽ സമയം കുറവായിരുന്നില്ല, നമ്മൾ ജീവിക്കാൻ മറന്നു പോയതായിരുന്നു



ശ്രീകുമാർ ഉണ്ണിത്താൻ

സമയം... അതൊരു പ്രശ്നം തന്നെയാണ്. എന്തിനും ഏതിനും സമയമില്ലാത്ത കാലം. എല്ലാവരും ഓട്ടത്തിലാണ്. എവിടേക്കാണെന്നറിയില്ല... എന്തിനാണെന്നറിയില്ല... പക്ഷേ എല്ലാവരും ഓടുന്നു. അക്കൂട്ടത്തിൽ ഞാനും ഓടുന്നു.

രാവിലെ അലാറം അടിക്കുന്നതിന് മുമ്പേ മനസ്സ് ഉണരും. “ഇന്ന് ഒരുപാട് കാര്യങ്ങളുണ്ട്...” കണ്ണ് തുറന്ന നിമിഷം മുതൽ ഓട്ടം തുടങ്ങും. പ്രഭാതഭക്ഷണം ഉണ്ടാക്കാൻ സമയമില്ല. കുട്ടികളെ സ്കൂളിൽ വിടാൻ സമയമില്ല. കുളിച്ചൊരുങ്ങാൻ സമയമില്ല. പ്രഭാതഭക്ഷണം കഴിക്കാൻ സമയമില്ല. ഓഫീസിൽ സമയത്ത് എത്താൻ സമയമില്ല.

ഓഫീസിലെത്തിയാലോ? ജോലി തീർക്കാൻ സമയമില്ല. മീറ്റിംഗിന് സമയമില്ല. മീറ്റിംഗിൽ ഇരിക്കുമ്പോൾ മറ്റൊരു മീറ്റിംഗിനുള്ള തിരക്ക്. ഉച്ചഭക്ഷണം പോലും സ്വസ്ഥമായി കഴിക്കാൻ സമയമില്ല. വൈകുന്നേരം ജോലി കഴിഞ്ഞിറങ്ങുമ്പോൾ, വഴിയിൽ പരിചയമുള്ള ഒരാളെ കണ്ടാൽ ഒന്ന് നിൽക്കാനും സംസാരിക്കാനും സമയമില്ല. ചിലപ്പോൾ... ഒന്ന് ചിരിക്കാൻ പോലും സമയമില്ല.

കടയിൽ പോയി സാധനങ്ങൾ വാങ്ങാൻ സമയമില്ലാത്തതിനാൽ ഓൺലൈൻ വഴി ഓർഡർ ചെയ്യും.

വീട്ടിലെത്തിയാൽ? കുട്ടികളോട് സംസാരിക്കാൻ സമയമില്ല. ഭാര്യയോട് ഒന്ന് മനസ്സുതുറന്ന് സംസാരിക്കാൻ സമയമില്ല. അച്ഛനെയും അമ്മയെയും വിളിക്കാൻ സമയമില്ല. അത്താഴം ഉണ്ടാക്കാൻ സമയമില്ല.

ദിനപത്രം മേശപ്പുറത്ത് കിടക്കും, പക്ഷേ വായിക്കാൻ സമയമില്ല. ടിവി ഓൺ ആയിരിക്കും, കാണാൻ സമയമില്ല. മൊബൈൽ കൈയിലുണ്ടാകും. പക്ഷേ അടുത്തിരിക്കുന്ന മനുഷ്യനെ കാണാൻ സമയമില്ല. അങ്ങനെയൊരു ദിവസം.

പതിവിലും കൂടുതൽ തിരക്കുള്ള ദിവസം. തീർക്കാനുള്ള ജോലികളുടെ നീണ്ട പട്ടികയുമായി അയാൾ ഓഫീസിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണ് മൊബൈൽ ശബ്ദിച്ചത്. സുഹൃത്തായിരുന്നു.

“എടാ... നീ എന്ത് പണിയാ കാണിച്ചത്? ഇന്നലെ പാർട്ടിക്ക് വരാതിരുന്നതെന്താ?” കമ്പ്യൂട്ടറിൽ നിന്ന് കണ്ണെടുക്കാതെ അയാൾ പറഞ്ഞു: “സോറി ഡാ... സമയം കിട്ടിയില്ല. നിനക്കറിയാമല്ലോ എന്റെ

തിരക്ക്...'' വാക്കുകൾ പൂർത്തിയാകുന്നതിന് മുമ്പേ ഫോൺ കട്ട് ചെയ്തു. അയാൾക്ക് അതിൽ വലിയ വിഷമമൊന്നും തോന്നിയില്ല. ''അവനൊക്കെ മനസ്സിലാകും...''

അൽപസമയം കഴിഞ്ഞപ്പോൾ വീണ്ടും ഫോൺ. അടുത്ത ബന്ധുവായിരുന്നു. എടാ... എന്താ ശനിയാഴ്ച ലക്ഷ്മിയുടെ കല്യാണത്തിന് വരാതിരുന്നത്? സോറി ... സമയം കിട്ടിയില്ല. നിങ്ങൾക്കു അറിയാമല്ലോ എന്റെ തിരക്ക്... അവിടെയും വാക്കുകൾ പൂർത്തിയാകുന്നതിന് മുമ്പേ ഫോൺ കട്ട് ചെയ്തു.

അയാൾ വീണ്ടും ജോലിയിലേക്ക് തിരിഞ്ഞു. ''സമയം കിട്ടിയില്ല...'' എത്ര എളുപ്പത്തിലാണ് നമ്മൾ ഈ വാക്കുകൾ പറയുന്നത്! ഒരു ദിവസം തന്നെ എത്ര തവണ? സുഹൃത്തിനോട്, ബന്ധുവിനോട്, ഭാര്യയോട്, കുട്ടികളോട്, അച്ഛനോട്, അമ്മയോട്, ഒടുവിൽ സ്വന്തം മനസ്സിനോട് പോലും. സമയം കിട്ടിയില്ല എന്ന് വാക്ക് ഉപയോഗിക്കുന്നു...

എന്നത്തെ പോലെ അന്നും രാത്രി വീട്ടിലെത്തുമ്പോൾ സമയം ഏറെ വൈകിയിരുന്നു. വീട്ടിൽ എല്ലാവരും ഉറങ്ങിയിരുന്നു. മേശപ്പുറത്ത് അയാൾക്കായി ഭക്ഷണം മൂടിവച്ചിരുന്നു. അയാൾ പതുക്കെ അത് തുറന്നു.

തണുത്ത ഭക്ഷണം. അതിനരികിൽ ഒരു ചെറിയ കുറിപ്പ്. ''അച്ഛാ, ഇന്ന് സ്കൂളിൽ എനിക്ക് സമ്മാനം കിട്ടി.

നാളെ കാണിക്കാം. ഗുഡ് നൈറ്റ്.'' മകൻ എഴുതിയതായിരുന്നു.

അയാൾ ആ കുറിപ്പ് കുറച്ചുനേരം നോക്കി നിന്നു. അപ്പോഴാണ് കിടപ്പുമുറിയിൽ നിന്ന് ഭാര്യയുടെ ശബ്ദം കേട്ടത്. ''നാളെ മോന്റെ സ്കൂളിൽ പോകണം... മറക്കല്ലേ.'' അയാൾ ഒന്നും പറഞ്ഞില്ല. കിടക്കയിൽ കിടന്നെങ്കിലും ഉറക്കം വന്നില്ല. മകൻ എഴുതിയ ആ ചെറിയ കുറിപ്പ് അയാളുടെ മനസ്സിൽ വീണ്ടും വീണ്ടും തെളിഞ്ഞു. ''നാളെ കാണിക്കാം...''

അടുത്ത ദിവസം രാവിലെ മകൻ സ്കൂളിലേക്ക് പോകാൻ തയ്യാറായി. ''അച്ഛാ... ഇന്നലെ കിട്ടിയ



സമ്മാനം കാണണോ?'' അയാൾ ഫോൺ താഴെ വച്ചു. ''കാണിക്കെടാ...'' മകൻ ഓടിപ്പോയി ബാഗിൽ നിന്ന് ഒരു ചെറിയ ട്രോഫി എടുത്തുകൊണ്ടുവന്നു. ''ഇത് എനിക്ക് കിട്ടിയതാണ്.'' അയാൾ മകനെ നോക്കി ചിരിച്ചു.

''വളരെ നന്നായിട്ടുണ്ട്...''

മകൻ കുറച്ചുനേരം അച്ഛനെ നോക്കി നിന്നു. പിന്നെ പതുക്കെ ചോദിച്ചു: ''അച്ഛന് ഇന്ന് സമയമുണ്ടോ സ്കൂളിൽ വരുവാൻ ?'' ആ ചോദ്യം അയാളുടെ ഹൃദയത്തിൽ എവിടെയോ തട്ടി. ''അച്ഛന് ഇന്ന് സമയമുണ്ടോ?'' അയാൾക്ക് എന്ത് മറുപടി പറയണമെന്ന് അറിയില്ലായിരുന്നു. ഇന്ന് അച്ഛന് പകരം അമ്മ വരും എന്ന പതിവ് പല്ലവി ആവർത്തിച്ച് അയാൾ രക്ഷപെട്ടു.

അമ്മ അസുഖമായപ്പോഴും അയാളെ പലവട്ടം വിളിച്ചു 'മോനേ, നിന്നെയൊന്ന് കാണണം'' എന്ന് മാത്രം പറഞ്ഞു. പക്ഷേ ഓരോ തവണയും ഒരേ മറുപടി 'ഇപ്പോൾ നല്ല തിരക്കാണ്, പിന്നെ വരാം.'' അങ്ങനെ ദിവസങ്ങൾ കടന്നുപോയി. ഒടുവിൽ, അമ്മയെ കാണാൻ എത്തിയപ്പോൾ അവിടെ കാത്തിരുന്നത് അമ്മയുടെ ജീവനില്ലാത്ത ശരീരമായിരുന്നു. അമ്മയെ കാണാൻ അവന് സമയമുണ്ടായില്ല... പക്ഷേ അമ്മയുടെ അവസാന യാത്ര കാണാൻ സമയം കണ്ടെത്തേണ്ടിവന്നു. കാരണം, അവൻ എപ്പോഴും തിരക്കിലായിരുന്നു.

വർഷങ്ങൾ കടന്നു. അയാളുടെ മകൻ വളർന്നു. പഠനം പൂർത്തിയാക്കി. ജോലി കിട്ടി. മറ്റൊരു നഗരത്തിലേക്ക് പോയി.

മകനെ കാണുവാൻ അച്ഛന് കൊതിയായി . അടുത്ത ആഴ്ച വീട്ടിലേക്ക് വരുമോ എന്ന് ചോദിക്കുന്നു മകന്റെ മറുപടി അയാളെ വല്ലാതെ വേദനിപ്പിച്ചു. എനിക്ക് സമയമില്ല.

എനിക്ക് വളരെ അധികം ജോലികൾ തീർക്കാനുണ്ട് . പിറ്റേ ആഴ്ച വരുമോ . അതിനും അവൻ മറുപടി നൽകിയില്ല.

കാലത്തിന്റെ ഈ കണക്ക് തീർക്കൽ പ്രകൃതിയുടെ വലിയൊരു നിയമമാണ്, നമ്മൾ ചെയ്യുന്ന കാര്യങ്ങൾ പലപ്പോഴും തിരിച്ചുവരുന്നത് പോലെ തോന്നും.

അന്നുരാത്രി അയാൾക്ക് ഉറങ്ങാനായില്ല. കുട്ടികൾ ആയിരുന്നപ്പോൾ അവരുടെ കൂടെ സമയം ചിലവഴിച്ചില്ല . അയാൾ തന്റെ പഴയ ജീവിതത്തെ ഓർത്തു. എത്രയോ ചടങ്ങുകൾ നഷ്ടപ്പെട്ടു. എത്രയോ സുഹൃത്തുക്കളുടെ ക്ഷണങ്ങൾ നിരസിച്ചു. എത്രയോ കുടുംബസംഗമങ്ങൾ ഒഴിവാക്കി. അമ്മ വിളിച്ചപ്പോൾ... ''പിന്നെ വിളിക്കാം... ഇപ്പോൾ തിരക്കാണ്.'' അച്ഛൻ സംസാരിക്കാൻ ശ്രമിച്ചപ്പോൾ... ''അച്ഛാ, പിന്നെ സംസാരിക്കാം... ഒരു മീറ്റിംഗിലാണ്.'' ഭാര്യ എന്തെങ്കിലും പറയാൻ വന്നപ്പോൾ... ''ഇപ്പോൾ സമയം ഇല്ല...'' മകൻ എന്തെങ്കിലും കാണിക്കാൻ വന്നപ്പോൾ... ''പിന്നെ കാണാം...'' അങ്ങനെ... അങ്ങനെ എല്ലാം പിന്നാക്കി ...

''പിന്നെ'' എന്ന വാക്കിന്റെ പിന്നാലെ ഓടിക്കൊണ്ടിരിക്കെ, ജീവിതത്തിലെ എത്രയോ ''ഇപ്പോൾ''കൾ അയാൾക്ക് നഷ്ടപ്പെട്ടു! അയാൾ ജനൽ തുറന്നു. പുറത്ത് പുലർച്ചെ. ആകാശം പതുക്കെ വെളുത്തുവരുന്നു.

അയാൾ സ്വയം ചോദിച്ചു: ''എനിക്ക് ശരിക്കും സമയം ഇല്ലായിരുന്നോ?'' ഉത്തരം മനസ്സ് തന്നു.

''സമയം ഉണ്ടായിരുന്നു... പക്ഷേ മുൻഗണനകളില്ലായിരുന്നു.'' സുഹൃത്തിന് അഞ്ച് മിനിറ്റ് കൊടുക്കാൻ സമയമുണ്ടായിരുന്നു. അമ്മയ്ക്ക് ഒരു ഫോൺ ചെയ്യാൻ രണ്ട് മിനിറ്റ് സമയമുണ്ടായിരുന്നു. മകനോടൊപ്പം ഇരിക്കാൻ പത്ത് മിനിറ്റ് സമയമുണ്ടായിരുന്നു. ഭാര്യയോട് ഒന്ന് മനസ്സുതുറന്ന് സംസാരിക്കാൻ അരമണിക്കൂർ സമയമുണ്ടായിരുന്നു.

പക്ഷേ...അവയെല്ലാം ''പിന്നെ'' എന്ന വാക്കിന് കൈമാറുകയായിരുന്നു. അയാൾ പഴയ ഒരു ഫോട്ടോ എടുത്തു. അതിൽ അച്ഛനും അമ്മയും, ഭാര്യയും, ചെറിയ മകനും... എല്ലാവരും ചിരിച്ചുകൊണ്ട് നിൽക്കുന്നു. അയാൾ ഫോട്ടോയിൽ വിരൽ കൊണ്ട് മകന്റെ മുഖം തൊട്ടു. പതുക്കെ പറഞ്ഞു: ''അന്ന് നിനക്കായി സമയം കണ്ടെത്തിയിരുന്നെങ്കിൽ...'' വാക്കുകൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

കണ്ണുകൾ നിറഞ്ഞു. നമ്മൾ പലപ്പോഴും പറയാറുണ്ട്: ''ഒരു ദിവസം സമയം കിട്ടുമ്പോൾ എല്ലാം ചെയ്യാം.''

പക്ഷേ... സമയം കിട്ടുന്ന ഒരു ദിവസം ഒരിക്കലും വരില്ല. കാരണം ജീവിതം നമ്മളോട് ചോദിക്കുന്നത്,

''നിനക്ക് എത്ര സമയം ഉണ്ടായിരുന്നു എന്നല്ല. ''നിനക്കുണ്ടായിരുന്ന സമയത്തിൽ നീ ആരെ സ്നേഹിച്ചു?''

''ആരോടൊപ്പം ഇരുന്നു?'' ''ആരുടെ കണ്ണീരൊപ്പി?'' ''ആരുടെ ചിരിയിൽ പങ്കുചേർന്നു?''എന്നാണ്.

നമ്മുടെ പഴയ തലമുറയെ നോക്കൂ. അവർക്കും ഒരു ദിവസം 24 മണിക്കൂർ തന്നെയായിരുന്നു. അവർ ജോലി ചെയ്തു. കുടുംബം നോക്കി. അയൽക്കാരെ കണ്ടു. സുഹൃത്തുക്കളെ വിളിച്ചു. ബന്ധുക്കളുടെ വീട്ടിൽ പോയി.

വിരുന്നുകൾ നടത്തി. കത്തുകൾ എഴുതി. അച്ഛനെയും അമ്മയെയും നോക്കി. കുട്ടികളോടൊപ്പം കളിച്ചു.

വൈകുന്നേരങ്ങളിൽ വീടിന്റെ മുറ്റത്ത് ഇരുന്നു സംസാരിച്ചു. അവർക്ക് എല്ലാത്തിനും സമയം ഉണ്ടായിരുന്നു.

കാരണം... അവർ ജീവിതത്തെ ''തീർക്കേണ്ട ജോലികളുടെ പട്ടിക''യായി കണ്ടിരുന്നില്ല. അവർ ജീവിതത്തെ ജീവിക്കേണ്ട ഒരു അവസരമായി കണ്ടിരുന്നു. നമുക്ക് സമയം കുറവല്ല. നമ്മുടെ ശ്രദ്ധ ചിതറിയതാണ്.

നമ്മുടെ മുൻഗണനകൾ മാറിയതാണ്. ഒരു ദിവസത്തിന്റെ 24 മണിക്കൂർ കൂട്ടാൻ നമുക്ക് കഴിയില്ല.

പക്ഷേ ആ 24 മണിക്കൂറിൽ എന്തിനൊക്കെ സമയം നൽകണം എന്ന് തീരുമാനിക്കാൻ നമുക്ക് കഴിയും. ഒരു ഫോൺ വിളിക്കാം. ഒരു സുഹൃത്തിനെ കാണാം. അമ്മയോട് സംസാരിക്കാം. അച്ഛന്റെ അരികിൽ കുറച്ചുനേരം ഇരിക്കാം. ഭാര്യയുടെ കണ്ണുകളിലേക്ക് നോക്കി സംസാരിക്കാം. മക്കൾ പറയുന്ന ചെറിയ കഥകൾ കേൾക്കാം.

വഴിയിൽ കണ്ട പരിചയക്കാരനോട് ഒന്ന് ചിരിക്കാം.

കാരണം... നമ്മൾ മാറ്റിവയ്ക്കുന്ന ആ ചെറിയ നിമിഷങ്ങളായിരിക്കും ഒരുനാൾ നമ്മുടെ ഏറ്റവും വലിയ ഓർമ്മകൾ. ''സമയം കിട്ടുമ്പോൾ ജീവിക്കാം'' എന്ന് പറഞ്ഞ് കാത്തിരുന്നാൽ, ജീവിതം തന്നെ ഒരുനാൾ നമ്മളോട് പറയും'സോറി... നിനക്കായി കാത്തുനിൽക്കാൻ എനിക്ക് ഇനി സമയമില്ല.''

അതുകൊണ്ട്... ചെയ്യേണ്ടുന്ന കാര്യങ്ങൾ ഇന്ന് തന്നെ ചെയ്യുക. നഷ്ടപ്പെടുത്തുന്ന സമയങ്ങൾ ഒരിക്കലും തിരികെ ലഭിക്കാത്ത നിമിഷങ്ങളാണ്.

കാലം മുന്നോട്ട് പോകും... ഘടികാരത്തിലെ സൂചികൾ വീണ്ടും വീണ്ടും ചുറ്റും...പക്ഷേ കടന്നുപോയ ഒരു നിമിഷത്തെ തിരികെ വിളിച്ചുവരുത്താൻ നമുക്ക് കഴിയില്ല.

ഒരു നാൾ നമ്മൾ മനസ്സിലാക്കും ജീവിതത്തിൽ സമയം ഒരിക്കലും കുറവായിരുന്നില്ല മറിച്ച്

നമ്മൾ ജീവിക്കാൻ മറന്നുപോയതായിരുന്നു.

# കാത്തലിക് കോൺഗ്രസ് ഗ്ലോബൽ മീറ്റ് : പതാക പ്രയാണത്തിന് അമേരിക്കയിൽ സ്വീകരണം നൽകി




ഷോളി കുമ്പിളുവേലി

സാൻ ഫ്രാൻസിസ്കോ : ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ വെച്ച് നടക്കുന്ന കാത്തലിക് കോൺഗ്രസ് ഗ്ലോബൽ മീറ്റിന്റെ ഭാഗമായി ലോകത്തിലെ വിവിധ രാജ്യങ്ങളിലൂടെ കടന്നുപോകുന്ന പതാക പ്രയാണത്തിന് സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ച അമേരിക്കയിലെ കാലിഫോർണിയയിൽ സ്വീകരണം നൽകി. കാലിഫോർണിയയിലെ ലിവർമോർ 'സെയിന്റ് തെരേസാ ഓഫ് കൽക്കട്ട' ദേവാലയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ബിഷപ്പ് ലഗേറ്റും, താമരശ്ശേരി രൂപത ബിഷപ്പുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, സീറോ മലബാർ കാത്തലിക്

കോൺഗ്രസ് (എസ്.എം.സി.സി) ഷിക്കാഗോ രൂപതാ പ്രസിഡന്റ് ജോർജ് വി ജോർജ്, എസ്.എം.സി.സി ബോർഡ് ചെയർമാൻ സിജിൽ പാലക്കലോടി എന്നിവർക്കു പതാക കൈമാറി. വികാരി സിജോ തറക്കുന്നേൽ, കൈക്കാരൻ ജിസ്മോൻ, അത്മായ പ്രതിനിധി ടോജോ തോമസ് എന്നിവർ സംസാരിച്ചു. പരിപാടികൾക്ക് വിപിൻ മാത്യു, ഫ്രാൻസി വർഗീസ്, അഖിൽ മാർട്ടിൻ ജോസ്, എസ്.എം.സി.സി പ്രതിനിധി ജിബി ജോർജ് എന്നിവർ നേതൃത്വം നൽകി.






കാത്തലിക് കോൺഗ്രസ് ഗ്ലോബൽ മീറ്റിനു എല്ലാവിധ ആശംസകളും നേരുന്നതായി ഷിക്കാഗോ രൂപത ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് അറിയിച്ചു. ഗ്ലോബൽ മീറ്റിനുള്ള എല്ലാ ഒരുക്കങ്ങളും പുരോഗമിക്കുന്നതായി കാത്തലിക് കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോർജുകുട്ടി പുല്ലാപ്പള്ളി, ഗ്ലോബൽ സെക്രട്ടറിയും,

എസ്.എം.സി.സി ഡയറക്ടർ ബോർഡ് ചെയർമാനുമായ സിജിൽ പാലക്കലോടി എന്നിവർ അറിയിച്ചു.

ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ വെച്ച് നടക്കുന്ന ഗ്ലോബൽ മീറ്റിൽ ഷിക്കാഗോ രൂപതയിൽ നിന്നും ഇരുപതോളും പ്രതിനിധികൾ പങ്കെടുക്കുമെന്ന് എസ്.എം.സി.സി രൂപത ഡയറക്ടർ റവ. ഫാ. ജോർജ് എളമ്പാശ്ശേരിൽ, പ്രസിഡൻറ് ജോർജ് വി ജോർജ്, ജനറൽ സെക്രട്ടറി ഷോളി കുമ്പിളുവേലി, ട്രഷർ ടോമി തോമസ് എന്നിവർ പറഞ്ഞു

ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ വെച്ച് നടക്കുന്ന ഗ്ലോബില മീറ്റിൽ, വിവിധ രാജ്യങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറോളും പ്രതിനിധികൾ പങ്കെടുക്കും. സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉൾപ്പെടെ വിവിധ ബിഷപ്പുമാരും കാത്തലിക് കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപുരക്കൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ, ട്രഷറർ അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ജനറൽ കോർഡിനേറ്റർ ഡേവിസ് എടകുളത്തൂർ, ജനറൽ കൺവീനർ ബെന്നി മാത്യു പുളിക്കക്കര തുടങ്ങി വിവിധ അത്മായ പ്രമുഖരും ഗ്ലോബൽ മീറ്റിൽ പങ്കെടുക്കും. ഗ്ലോബൽ മീറ്റിൽ പങ്കെടുക്കുന്ന പ്രതിനിധിസംഘം മാർപ്പാപ്പയെയും സന്ദർശിക്കും. അമേരിക്കയിൽ നിന്നുമുള്ള പ്രതിനിധി സംഘം പ്രസിഡൻറ് ജോർജ് വി ജോർജിൻറെ നേതൃത്വത്തിൽ ഒക്ടോബർ 18-ാം തീയതി പുറപ്പെടും.

### പുസ്തക പരിചയം - 38

# സീതാചക്രം
## (കവിതാസമാഹാരം)
## നസ്രേത്തിൽ ജോസ് വർഗ്ഗീസ്



**ബാജി ഓടംവേലി, ഡാലസ്**




മനുഷ്യജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെയും വൈകാരികമായ ആഴങ്ങളെയും ലളിതമായ ഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്ന മികച്ചൊരു കൃതിയാണിത്. ഭാവനയുടെ അതിപ്രസരമില്ലാതെ, ചുറ്റുമുള്ള ലോകത്തെ ആർദ്രതയോടെ നോക്കിക്കാണുന്ന ഒരു കവിയുടെ ഹൃദയസ്പർശിയായ വരികളാണ് ഈ പുസ്തകത്തിന്റെ ജീവൻ.

നസ്രേത്തിൽ ജോസ് വർഗ്ഗീസിന്റെ ആദ്യ കവിതാസമാഹാരമാണിത്. ഈ പുസ്തകം 2026 ജൂലൈയിൽ അമേരിക്കയിൽ വെച്ച് പ്രകാശനം ചെയ്യപ്പെട്ടു. ആത്മാവിൽ കവിത സൂക്ഷിക്കുന്ന മനുഷ്യരുടെ അടയാളപ്പെടുത്തലുകൾ

ഈ സമാഹാരത്തിൽ കാണാം. ഓർമ്മപ്പെടുത്തലുകളും പച്ചയായ ജീവിത സത്യങ്ങളും നിറഞ്ഞ സീതാചക്രം വായിച്ചു കഴിയുമ്പോൾ വായനക്കാരന്റെ ഉള്ളിൽ ഒരു നേരറിവിന്റെ വെളിച്ചമുണ്ടാകുമെന്നുറപ്പ്.

ഇംഗ്ളീഷിൽ 'Magic Squares' എന്നു വിളിക്കപ്പെടുന്ന 'സീതാചക്രം' എന്ന രാശിപ്പലക പോലെയുള്ള മാന്ത്രികസമചതുരം വളരെ പ്രസിദ്ധമാണ്. ഗണിതശാസ്ത്രത്തിലെ വെറുമൊരു മാന്ത്രിക സമചതുരം മാത്രമായിട്ടല്ല അത് അറിയപ്പെടുന്നത്. അതിന് തികച്ചും ഒരു മാന്ത്രിക പരിവേഷം ഉണ്ട്. കുട്ടികൾക്കിടയിൽ മാത്രമല്ല മുതിർന്നവർക്കിടയിലും വളരെ പ്രചാരം നേടിയ ഒരു ഗണിത വിനോദമാണിത്. ജ്യോതിഷത്തിലും വാസ്തുവിദ്യയിലും ഭാവി പ്രവചിക്കനായി ഇത് ഉപയോഗിക്കുന്നു. ഇതിനെ ഉയർച്ച താഴ്ചകളുടെ ജീവിതചക്രമായി കാണാം.

ഒമ്പതു ഖണ്ഡങ്ങളുള്ള ഒരു മാന്ത്രിക ചക്രമാണ് സീതാചക്രം. ഓരോ വരിയിലുമുള്ള അക്കങ്ങൾ കൂട്ടിയാൽ 15 വരും. കുളിച്ച് ശുദ്ധമായി ഭക്തിയോടെ കണ്ണുകളടച്ച് കളത്തിൽ എതെങ്കിലുമൊന്നിൽ തൊടുക. അല്ലെങ്കിൽ ഒരു പൂവോ അക്ഷതമോ എറിയുക. 1 എന്ന അക്കമെങ്കിൽ ധനലാഭം. 2. നാശം 3. സ്നേഹം 4. പീഡ 5. ക്ഷേമം 6. കലഹം 7. ധനം 8. മരണം 9. സന്തോഷം. ഇത് രസകരമായ ഒരു വിശ്വാസം മാത്രമാണ്. ചിലോർക്ക് ശരിയാകും ചിലോർക്ക് ശരിയാകില്ല. ശരിയാകുന്നവരുടെ വിശ്വാസം കൂടും. തെറ്റിപ്പോകുന്നവർ ആരോടും പറയില്ലെന്നു മാത്രമല്ല അവർ പോലും മറന്നു പോവുകയും ചെയ്യും. മനുഷ്യ ജീവിതം, വിശ്വാസം, പ്രകൃതി, കാലം, പ്രത്യാശ, പ്രണയം, വിരഹം, വാർദ്ധക്യം, കുടുംബബന്ധങ്ങളിലെ ഉലച്ചിലുകൾ, സാമൂഹിക തിന്മകൾ എന്നിവയിലൂടെയെല്ലാം ഈ കവിതകൾ കടന്നു പോകുന്നുണ്ട്.




പിതൃത്വത്തിന്റെ മൗനമായ വേദനകളെയും കുടുംബത്തിനു വേണ്ടി അയാൾ നടത്തുന്ന ആത്മത്യാഗത്തെയും വരച്ചു കാട്ടുന്ന ഹൃദയസ്പർശിയായ കവിതയാണ് 'കല്ല് '. ഉറക്കത്തിൽ പോലും അപ്പനെ അലട്ടുന്ന കഠിനമായ വേദനയെക്കുറിച്ചാണ് കവിത സംസാരിക്കുന്നത്. ആ വേദനയ്ക്ക് മെഡിക്കൽ ലോകം 'കിഡ്ണിയിലെ കല്ല്' എന്ന് പേരിട്ട് സർജറി നിർദ്ദേശിക്കുമ്പോൾ, ജീവിത യാഥാർത്ഥ്യങ്ങൾ നന്നായറിയാവുന്ന അമ്മ അതിനെ നെഞ്ചിലെ കല്ല് അഥവാ കുടുംബഭാരമെന്ന് വിശേഷിപ്പിക്കുന്നു. മൂന്ന് ഓപ്പറേഷനുകൾ കഴിഞ്ഞിട്ടും മാറാത്ത വേദന, നാലാമത്തെ മകൾ വിവാഹപ്പന്തലിൽ അപ്പനെ കെട്ടിപ്പിടിച്ചു കരയുന്നതോടെ സ്വയം അലിഞ്ഞ് ഇല്ലാതാവുകയാണ് ചെയ്യുന്നത്. അപ്പനിപ്പോൾ കല്ല് കിഡ്ണിയിലില്ല നെഞ്ചിലുമില്ല മറിച്ച് കരളിൽ നാലായി പൊടിഞ്ഞു കിടക്കുകയാണെന്ന് കവി എഴുതുന്നു.

ബൈബിളിലെ ഒറ്റുകാരനായ യൂദാസിന്റെ ഉള്ളിലെ ആത്മസങ്കർഷങ്ങളെയും പശ്ചാത്താപത്തെയും തിരയുന്ന മനോഹരമായ കവിതയാണ് 'യൂദാ ഇസ്കരിയോത്താവ്' മുപ്പത് വെള്ളിക്കാശിന്റെ തിളക്കത്തിൽ കണ്ണ് മഞ്ഞളിച്ചു പോയ യൂദാസ്, ഒടുവിൽ താൻ ഒറ്റിക്കൊടുത്തത് സാക്ഷാൽ വെളിച്ചത്തെയും സത്യത്തെയുമായിരുന്നു എന്ന് തിരിച്ചറിയുന്ന നിമിഷമാണ് ഇതിന്റെ കേന്ദ്രബിന്ദു.

'ഞാനറിഞ്ഞിരുന്നില്ലവൻ ക്രിസ്തുവായിരുന്നെന്ന്

ഞാനറിഞ്ഞിരുന്നില്ലവൻ വെളിച്ചമായിരുന്നെന്ന്

ഞാനറിഞ്ഞിരുന്നില്ലവൻ സത്യമായിരുന്നെന്ന്

ഞാനറിഞ്ഞിരുന്നില്ല ഞാനറിഞ്ഞിരുന്നതേയില്ല'



എന്ന് യൂദാസ് താൻ ചെയ്ത തെറ്റിന്റെ ആഴം മനസ്സിലാക്കി ആവർത്തിച്ചു വിലപിക്കുമ്പോൾ അത് മനുഷ്യന്റെ തിരിച്ചറിവില്ലായ്മയുടെ പ്രതീകമായി മാറുന്നു.

ഈ സമാഹാരത്തിന്റെ ഏറ്റവും ദീർഘവും നാടകീയവുമായ കവിതയാണ് 'ശ്യാമള'. നാല് ഭാഗങ്ങളിലായി ഒരു ദമ്പതികളുടെ ജീവിതത്തിന്റെ വസന്തകാലം മുതൽ ശരത്കാലം വരെയുള്ള പ്രയാണമാണ് ഇതിൽ സങ്കടത്തോടെ വിവരിക്കുന്നത്. പരസ്പരം സ്നേഹിച്ചും, മക്കളെ ചോരനീരാക്കിയും വളർത്തി വലിയ നിലകളിൽ എത്തിച്ച് ഒടുവിൽ വൃദ്ധസദനത്തിലേക്ക് യാത്രയാകാൻ നിർബന്ധിതമാകുന്നതാണ് ഇതിവൃത്തം.

'വീടിന്റെ മുറ്റത്തടക്കല്ലേ അമ്മയെ

വീട് വിൽക്കാനുള്ളതാ, വിറ്റു പോകില്ല

കൂട്ടത്തിലാരോ പറയുന്നതു കേട്ടു'

എന്ന വിദേശത്തുള്ള മകന്റെ വാക്കുകളിലാണ് കവിത അവസാനിക്കുന്നത്. ഇത് വായനക്കാരെ ഞെട്ടിക്കുകയും ദിവസങ്ങളോളം കൊത്തി വലിക്കുകയും ചെയ്യും. മാതൃത്വത്തെയും പിതൃത്വത്തെയും വിപണിമൂല്യത്തോടെ മാത്രം കാണുന്ന തലമുറയുടെ സ്വാർത്ഥതയ്ക്കെതിരെയുള്ള ശക്തമായ സാമൂഹിക വിരൽചൂണ്ടലാണ് ഈ കവിത.

'ഇതുവരെ എഴുതാത്ത
പദങ്ങളെഴുതി ഞാൻ
ഇതുവരെ പാടാത്ത
പാട്ടുകൾ പാടി ഞാൻ
ഇതുവരെയണിയാത്ത
ചമയങ്ങളണിഞ്ഞു ഞാൻ
ഇതുവരെ ആടാത്ത
കഥകളാടാം തോഴി

ഇതുവരെ ആടാത്ത കഥകളാടാം തോഴി' എന്ന് താളത്തിൽ പാടി 'ചുംബിച്ചുറക്കുവോൾ' എന്ന കവിതയിൽ തുളസിത്തറയിൽ കൂടുകൂട്ടി തോഴിക്കായ് കവി കാത്തിരിക്കുന്നത് കാണാം. വളരെ സൂക്ഷ്മതയോടെ തപസ്സിരുന്നാണ് കവിതകളിലെ ഓരോ വാക്കുകളും തിരഞ്ഞെടുത്തിരിക്കുന്നത്.

'അണി അണി ചേരുക കർഷകരെ

നമ്മൾ വിതച്ച വയലുകളിൽ
അടിമകളായിനി പണിയില്ല
അടിമച്ചങ്ങല ബന്ധിപ്പിച്ചാൽ
പൊട്ടിച്ചെറിയും നമ്മളിനി'

എന്ന് കർഷകരോടൊത്ത് ചേർന്ന് 'കൊയ്ത്തുപാട്ട്' പാടി അവരോടൊപ്പം മരണം വരെയും പൊരുതുന്ന കവിയെ നമുക്ക് കാണാൻ സാധിക്കും.

ഏദന്തോട്ടത്തിലെ ആദ്യമാതാവായ ഹവ്വയെ മുൻനിർത്തി പ്രണയത്തിന്റെ പരസ്പര പൂരകങ്ങളായ ഭാവത്തെ അടയാളപ്പെടുത്തുന്ന കവിതയാണ് 'ഹവ്വാ'. ജീവിതത്തിലെ സുഖങ്ങളും സ്വപ്നങ്ങളും മാത്രമല്ല, ദുഃഖങ്ങളും വീഴ്ചകളും ഒരുപോലെ പങ്കിടുന്നതാണ് യഥാർത്ഥ പ്രണയമെന്ന് കവിത വ്യക്തമാക്കുന്നു. പുരുഷന്റെ ജീവിതത്തിന് പൂർണ്ണത നൽകുന്നതും, പ്രതിസന്ധികളിൽ തണലായി നിൽക്കുന്നതുമായ സ്ത്രീത്വത്തിന്റെ മഹത്വത്തെയാണ് കവി ഇതിലൂടെ ആവിഷകരിക്കുന്നത്.

'ഒരായിരം ജന്മങ്ങൾ പുഷ്പിതമാകുമ്പോൾ

പൂവിന്റെ നിറമായ് നീ വരുമോ?

ഒരായിരം പുലരിയിൽ പുളകിതമാകുമ്പോൾ

പൂവിൻ മണമായ് നീ വരുമോ?'

എന്ന് കവി ഹവ്വായോട് അഭ്യർത്ഥിക്കുന്നത് പ്രണയത്തിന്റെ നിത്യതയെ ഓർമ്മിപ്പിക്കുന്നു.

'എന്റെ വടുക്കൾ ഞാൻ ധരിക്കും,

എന്റെ പേരു ഞാൻ സ്വീകരിക്കും,

ധൈര്യത്തോടിരുട്ടിലൂടെ പൂക്കും' എന്ന് 'ഡാണ്ടിലിയോൺ' എന്ന കവിതയിൽ കാണുന്നു. കൊള്ളരുതാത്തതെന്നു പറഞ്ഞ് എല്ലാവരും നശിപ്പിക്കുന്ന മഞ്ഞപൂക്കളുള്ള ഡാണ്ടിലിയിയോൺ എന്ന കളയുടെ ജന്മത്തിൽ അഭിമാനം കൊള്ളുന്നു. പണ്ടൊരിക്കൽ വിളകളെല്ലാം കളകളായിരുന്നെന്ന് കവി നിരീക്ഷിക്കുന്നു. നമ്മുടെ നിത്യജീവിതത്തിൽ നാം കാണാറുള്ളതും എന്നാൽ ശ്രദ്ധിക്കാതെ പോകുന്നതുമായ പല ബിംബങ്ങളെയും കവിതയിലേക്ക് ആവാഹിക്കുന്നതിൽ കവി വിജയിച്ചിരിക്കുന്നു. ജീവിതത്തോട് അത്രമേൽ ചേർന്നു നിൽക്കുന്ന ഇത്തരം കാഴ്ചകൾ വായനക്കാരിൽ കവിത വായിച്ചു കഴിഞ്ഞും ദീർഘകാലം പ്രകാശം പരത്തി നിലനിൽക്കുന്ന ഒരു അനുഭൂതി പകരും.

പണത്തിനു പിന്നാലെയുള്ള നെട്ടോട്ടത്തിൽ നഷ്ടപ്പെട്ടു പോകുന്ന മനുഷ്യത്വത്തെയും സ്നേഹത്തെയും തിരികെ പിടിക്കാനാണ് കവി കവിതകളിലൂടെ ആവശ്യപ്പെടുന്നത്. നന്മയുടെ വലിയ സന്ദേശം കൈമാറുന്ന ഈ കവിതകൾ ഗൗരവതരമായ വായനയും ആഴത്തിലുള്ള ചർച്ചകളും അർഹിക്കുന്നു.

ഈ കവിതാസമാഹരത്തിൽ ജീവിതത്തിന്റെ കയറ്റിറക്കത്തിന്റെ ശേഷിപ്പുകൾ വായിച്ചെടുക്കുവാൻ സാധിക്കും. കവിതയ്ക്കൊഴികെ മറ്റെല്ലാത്തിനും അതിരുകൾ ഉണ്ടെന്നും കവിത മാത്രം നിർവ്വചനങ്ങളിൽ ഒതുങ്ങാതെ ചിന്തകളുടെ ഒരറ്റത്ത് ജീവിക്കുന്നു എന്നും ഈ കവിതകളിൽ വെളിവാക്കുന്നുണ്ട് എന്ന് പ്രസാധകക്കുറിപ്പിൽ മുഖം ബുക്സിന്റെ എഡിറ്റർ അഭിപ്രായപ്പെട്ടിരിക്കുന്നു.

'സീതാചക്രം ജീവിതയാഥാർത്ഥ്യങ്ങളുടെ കാവ്യസഞ്ചാരം' എന്ന പേരിൽ മാധ്യമപ്രവർത്തകൻ അനിൽ പെണ്ണുക്കരയാണ് അവതാരിക എഴുതിയിരിക്കുന്നത്. ആനുകാലികങ്ങളിലും ഓൺലൈൻ മാഗസിനിലുകളുമായി മുപ്പത്തി ഏഴ് ഇടങ്ങളിൽ ആദ്യമായി വെളിച്ചം കണ്ട കവിതകളാണ് ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്നത്. 54 കവിതകളുടെ ഈ സമാഹാരം മലപ്പുറത്തുള്ള മുഖം ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 104 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 10 ഡോളറാണ്.



**നസ്രേത്തിൽ ജോസ് വർഗ്ഗീസ്**

ആലപ്പുഴ ജില്ലയിലെ മാവേലിക്കര കല്ലുമല നസ്രേത്തിൽ കൊച്ചുകുഞ്ഞു വർഗ്ഗീസിന്റെയും പെണ്ണമ്മ വർഗ്ഗീസിന്റെയും മകൻ. 1992 മെയ് മുതൽ 2023 നവംബർ വരെ മുപ്പത്തിയൊന്ന് വർഷം മുത്തുകളുടെയും പവിഴങ്ങളുടെയും തീരമായ ബഹ്റൈനിൽ പ്രവാസിയായിരുന്നു. ഇപ്പോൾ അമേരിക്കയിലെ പെൻസിൽവാനിയയിലെ ഫിലഡൽഫിയയിൽ കുടുംബസമേതം താമസിക്കുന്നു.

മുൻപ് ബഹ്റൈനിൽ ആയിരുന്നപ്പോൾ സാഹിത്യ സാംസ്കാരിക കൂട്ടായ്മകളിലൊക്കെ സജീവമായിരുന്നു. ഇപ്പോൾ അമേരിക്കയിൽ എത്തിയ നാൾ മുതൽ തന്റെ ഇഷ്ടക്കാരെ കണ്ടെത്താനുള്ള ശ്രമത്തിലാണ്. ആനുകാലികങ്ങളിൽ തുടർച്ചയായി കവിതകൾ എഴുതുന്നു.

സീതാചക്രം ആദ്യ കവിതാസമാഹാരമാണ്. കോളേജിൽ പഠിക്കുമ്പോൾ മൂന്നു വർഷം തുടർച്ചയായി കവിതാരചന മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചിട്ടുണ്ട്. നിരവധി ആൽബങ്ങളിൽക്ക് ഗാനങ്ങൾ എഴുതിയിട്ടുണ്ട്.

ഭാര്യ :- ഷീബ ജോസ്

മക്കൾ :- സെലിസ്റ്റ്, ക്രിസ്റ്റബെൽ, സെലിൻ.

# വിദേശങ്ങളിലെ ഓണാഘോഷങ്ങൾ: ആവേശത്തിനൊപ്പം വേണം സാംസ്കാരിക പക്വതയും പൗരബോധവും

ഈ വർഷം കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ തുടങ്ങി പ്രവാസി മലയാളികൾ താമസിക്കുന്ന വിവിധ സ്ഥലങ്ങളിൽ നടന്ന ഓണാഘോഷങ്ങളുടെ ചിത്രങ്ങളും വീഡിയോകളും സമൂഹമാധ്യമങ്ങളിലൂടെ കാണാനിടയായി. പൂക്കളങ്ങളും ഓണസദ്യകളും തിരുവാതിരയും കുട്ടികളുടെ കലാപരിപാടികളും കുടുംബങ്ങളുടെ ഒത്തുചേരലുകളും കണ്ടപ്പോൾ അതിയായ സന്തോഷം തോന്നി. ആയിരക്കണക്കിന് കിലോമീറ്റർ അകലെ ജീവിക്കുമ്പോഴും പ്രവാസി മലയാളികൾ സ്വന്തം നാടിനെയും ഭാഷയെയും പാരമ്പര്യത്തെയും മറക്കുന്നില്ലെന്നത് അഭിനന്ദനാർഹമാണ്.

കാനഡയിലെ ടൊറന്റോ, വാൻകൂവർ, കാൽഗറി, ഒട്ടാവ തുടങ്ങിയ നഗരങ്ങളിൽ വിവിധ സംഘടനകൾ ഹാളുകളിലും പാർക്കുകളിലും കമ്മ്യൂണിറ്റി സെന്ററുകളിലുമായി ഓണാഘോഷങ്ങൾ നടത്തിയതായി റിപ്പോർട്ടുകളുണ്ട്. യുഎഇയിൽ ഓണസദ്യകളും കലാപരിപാടികളും വിവിധ വേദികളിലായി മാസങ്ങളോളം നീളുന്ന രീതിയിൽ സംഘടിപ്പിക്കപ്പെടുന്നു. ഷാർജ എക്സ്പോ സെന്റർ പോലുള്ള വലിയ വേദികളിലും പരിപാടികൾ നടന്നു. മലേഷ്യയിലെ ദേശീയതല ഓണാഘോഷം സെപ്റ്റംബർ 12-ന് രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് രണ്ടുവരെ ഒരു കൺവെൻഷൻ സെന്ററിനുള്ളിൽ ക്രമീകരിച്ചതും ശ്രദ്ധേയമാണ്. ബ്രിട്ടനിലെ വെയിൽസിൽ നടന്ന പരിപാടിയും നിശ്ചിത സമയപരിധിയുള്ള ഒരു കമ്മ്യൂണിറ്റി ഹാളിലായിരുന്നു. ഇവയെല്ലാം പ്രവാസി മലയാളികളുടെ സംഘടനാശേഷിയും സാംസ്കാരിക സാന്നിധ്യവും വ്യക്തമാക്കുന്നു.

എന്നാൽ അതോടൊപ്പം അസ്വസ്ഥതയുണ്ടാക്കിയ ചില കാഴ്ചകളും കണ്ടു. ഓണം നമ്മുടെ ഏറ്റവും പ്രിയപ്പെട്ട ആഘോഷമാണെന്നതുകൊണ്ട് അതിന്റെ പേരിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും ന്യായീകരിക്കേണ്ടതില്ല. സ്വന്തം സമൂഹത്തിന്റെ ആഘോഷങ്ങളെ ആത്മപരിശോധനയോടെ വിലയിരുത്താൻ കഴിയുന്നതും സാംസ്കാരിക പക്വതയുടെ അടയാളമാണ്.

സന്തോഷം പങ്കിടുന്നതും സന്തോഷം മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്നതും രണ്ടാണ്. വിദേശരാജ്യങ്ങളിൽ ജീവിക്കുമ്പോൾ നാം ഒരു ബഹുസാംസ്കാരിക സമൂഹത്തിന്റെ ഭാഗമാണ്. നമ്മുടെ അടുത്ത വീട്ടിൽ താമസിക്കുന്നവർ മലയാളികളായിരിക്കണമെന്നില്ല. അവർക്ക് ഓണത്തിന്റെ പശ്ചാത്തലമോ ചെണ്ടമേളത്തിന്റെ പ്രാധാന്യമോ മാവേലിയുടെ കഥയോ അറിയണമെന്നില്ല. അമിതശബ്ദത്തോടെയുള്ള ആഘോഷങ്ങളിലും ഘോഷയാത്രകളിലും അവർ താൽപ്പര്യം കാണിക്കണമെന്നും നിർബന്ധമില്ല. നമ്മുടെ ആഘോഷം അവരിൽ അടിച്ചേൽപ്പിക്കാൻ നമുക്ക് അവകാശവുമില്ല.

ഹാളിനുള്ളിൽ നടത്തുന്ന സംഗീതവും ആഘോഷവും പുറത്തിറങ്ങി മറ്റുള്ളവരുടെ വീടുകളിലും വ്യാപാര



സ്ഥാപനങ്ങളിലും ജോലിസ്ഥലങ്ങളിലും മുഴങ്ങിത്തുടങ്ങുമ്പോൾ അതിന്റെ സ്വഭാവം മാറുന്നു. അത് നമ്മുടെ കാതിൽ ആഘോഷസംഗീതമായിരിക്കാം; മറ്റൊരാളുടെ കാതിൽ അനാവശ്യമായ ബഹളമായിരിക്കാം.

ഈ വർഷത്തെ ചില വീഡിയോകളിൽ പാർക്കിങ് സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ പ്രവേശനകവാടങ്ങളിലും പൊതുജനങ്ങൾ സഞ്ചരിക്കുന്ന ഇടങ്ങളിലുമായി വലിയ ശബ്ദത്തിൽ ചെണ്ടയും സംഗീതവും അവതരിപ്പിക്കുന്നതായി കണ്ടു. ആ ദൃശ്യങ്ങളിലെ ഓരോ പരിപാടിക്കും ആവശ്യമായ അനുമതിയുണ്ടായിരുന്നോ, നിയമപരമായ സാഹചര്യങ്ങൾ എന്തായിരുന്നു എന്നൊന്നും എനിക്ക് അറിയില്ല. അതിനാൽ അവയെ നിയമലംഘനങ്ങളായി വിധിക്കാനാവില്ല. എന്നാൽ അത്തരം കാഴ്ചകൾ ഒരു പ്രധാന ചോദ്യം ഉയർത്തുന്നു: ആഘോഷവേദിയുടെ അതിരുകൾ എവിടെയാണ് അവസാനിക്കുന്നത്?




ചെണ്ടമേളം കേരളത്തിന്റെ ശക്തമായ കലാപാരമ്പര്യമാണ്. അതിന്റെ താളവും ആവേശവും നിഷേധിക്കാനാവില്ല. എന്നാൽ എല്ലാ സ്ഥലവും ചെണ്ടമേളത്തിനുള്ള വേദിയല്ല. താമസമേഖലകൾ, കെട്ടിട സമുച്ചയങ്ങൾ, ആശുപത്രികളുടെ പരിസരം, വ്യാപാര സ്ഥാപനങ്ങളുടെ പ്രവേശനഭാഗങ്ങൾ, പൊതുപാർക്കിങ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അമിതമായ ശബ്ദം സൃഷ്ടിക്കുന്നത് ഒഴിവാക്കണം.

വലിയ ശബ്ദമുള്ള പരിപാടികൾ ശബ്ദനിയന്ത്രണ സൗകര്യമുള്ള ഹാളിനുള്ളിൽ നടത്തുന്നതാണ് ഉചിതം. ഹാൾ ബുക്ക് ചെയ്തതുകൊണ്ട് എത്ര ശബ്ദവും എത്ര സമയവും അനുവദനീയമാണെന്ന് കരുതാനാവില്ല. ഹാളിന്റെ നിബന്ധനകൾ, നഗരത്തിന്റെ ശബ്ദനിയന്ത്രണ വ്യവസ്ഥകൾ, പരിപാടിയുടെ സമയപരിധി എന്നിവ സംഘാടകർ മുൻകൂട്ടി മനസ്സിലാക്കണം.

സൗണ്ട് സിസ്റ്റം കൈകാര്യം ചെയ്യുന്നവർക്ക് വ്യക്തമായ പരമാവധി ശബ്ദപരിധി നൽകണം. ഹാളിന് പുറത്തായി സ്പീക്കറുകൾ സ്ഥാപിക്കുന്നത് ഒഴിവാക്കണം. ചെണ്ടമേളം പ്രവേശനപരിപാടിയായി വേണമെങ്കിൽ അതിന് നിശ്ചിത സമയവും നിയന്ത്രിത ശബ്ദവും ദൈർഘ്യവും ഉണ്ടായിരിക്കണം. പരിപാടി അവസാനിച്ചശേഷവും പാർക്കിങ് സ്ഥലത്ത് അനൗപചാരികമായി ചെണ്ടയും പാട്ടും തുടരാൻ അനുവദിക്കരുത്. സമൂഹമാധ്യമ റീലുകൾ നിർമിക്കുന്നതിനായി പൊതുസ്ഥലങ്ങളിൽ അനാവശ്യ പ്രകടനങ്ങളും കോലാഹലങ്ങളും ഗോഷ്ടികളും നടത്തുന്ന കാഴ്ചകളും ഈ വർഷം പലേടത്തും കാണാനിടയായി.

എല്ലാ കാഴ്ചകളും എല്ലാവർക്കും രസകരമാകണമെന്നില്ല. പരമ്പരാഗത കേരളീയ വസ്ത്രങ്ങൾക്ക് അതിന്റേതായ സൗന്ദര്യമുണ്ട്. കസവുസാരി, സെറ്റ് മുണ്ട്, മുണ്ട്, കുട്ടികളുടെ കേരളീയ വേഷങ്ങൾ എന്നിവയെല്ലാം ഓണവേദിക്ക് ചാരുത നൽകുന്നു. നമുക്ക് അവ വളരെ മനോഹരമായി തോന്നാം. എന്നാൽ അവയുടെ സാംസ്കാരിക പശ്ചാത്തലം അറിയാത്തവരുടെ കാഴ്ചപ്പാടും താൽപ്പര്യവും വ്യത്യസ്തമായിരിക്കാം. നമ്മുടെ വസ്ത്രവും ആഘോഷരീതിയും എല്ലാവരും ഒരേ ആവേശത്തോടെ സ്വീകരിക്കണമെന്ന് പ്രതീക്ഷിക്കേണ്ടതില്ല.

മാവേലി, പുലിവേഷം, അതിശയോക്തി കലർന്ന ഹാസ്യവേഷങ്ങൾ തുടങ്ങിയവ വേദിയിലെ കലാപരിപാടികളുടെ ഭാഗമായി മനോഹരമായിരിക്കാം. എന്നാൽ അതേ വേഷത്തിൽ റെസ്റ്റോറന്റുകളിലും കടകളിലും പൊതുഗതാഗത സംവിധാനങ്ങളിലും മറ്റുള്ളവരുടെ സ്വകാര്യ ഇടങ്ങളിലേക്കും സംഘമായി പ്രവേശിച്ച് ബഹളം സൃഷ്ടിക്കുമ്പോൾ അത് ചിലർക്ക് അസൗകര്യമായി തോന്നാം. സമൂഹമാധ്യമ പോസ്റ്റുകൾക്കായി നടത്തുന്ന എല്ലാ പ്രകടനങ്ങളും പൊതുസ്ഥലങ്ങൾക്ക് അനുയോജ്യമാകണമെന്നില്ല.

നമുക്ക് തമാശയായി തോന്നുന്ന പ്രവൃത്തി മറ്റൊരാൾക്ക് ശല്യമാകാം. ഒരാളുടെ അടുത്തേക്ക് അപ്രതീക്ഷിതമായി ചെന്നുനിൽക്കുക, അവരുടെ പ്രതികരണം അനുമതിയില്ലാതെ വീഡിയോയിൽ പകർത്തുക, വഴിയാത്രക്കാരെ നൃത്തത്തിലോ ഫോട്ടോയിലോ പങ്കെടുക്കാൻ നിർബന്ധിക്കുക എന്നിവയൊന്നും സാംസ്കാരിക സൗഹൃദത്തിന്റെ ഉദാഹരണങ്ങളല്ല.

മലയാളിയല്ലാത്ത ഒരാൾ നമ്മുടെ പരമ്പരാഗത വേഷത്തെ കൗതുകത്തോടെ നോക്കിയാൽ അത്

പരിഹാസമാണെന്ന് കരുതേണ്ടതില്ല. അതുപോലെ, അവർക്ക് താൽപ്പര്യമില്ലെങ്കിൽ നമ്മുടെ ആഘോഷത്തിൽ പങ്കെടുക്കാൻ നിർബന്ധിക്കാനും പാടില്ല. സംസ്കാരം പരിചയപ്പെടുത്തേണ്ടത് സൗമ്യതയോടെയും പരസ്പരബഹുമാനത്തോടെയുമാണ്; സമ്മർദത്തിലൂടെയല്ല.

മുൻകാലങ്ങളിൽ ഓണം കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഒത്തുചേരലായിരുന്നു. എന്നാൽ ഇന്ന് ചില ആഘോഷങ്ങൾ സമൂഹമാധ്യമങ്ങൾക്കുവേണ്ടിയുള്ള ദൃശ്യനിർമാണമായി മാറുന്നതായി തോന്നുന്നു. പരിപാടിയുടെ ഉള്ളടക്കത്തേക്കാൾ വീഡിയോയുടെ പശ്ചാത്തലം, വേഷങ്ങളുടെ പ്രദർശനം, കൂട്ടമായുള്ള പ്രവേശനം, ക്യാമറയ്ക്കുവേണ്ടിയുള്ള ബഹളം എന്നിവയ്ക്ക് മുൻഗണന ലഭിക്കുന്നു.

ഒരു പരിപാടി വിജയിച്ചോ എന്ന് തീരുമാനിക്കുന്നത് അതിന്റെ വീഡിയോയ്ക്ക് എത്ര കാഴ്ചകൾ ലഭിച്ചു എന്നതുകൊണ്ടല്ല. പരിപാടി ക്രമബദ്ധമായിരുന്നോ, പങ്കെടുക്കുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭിച്ചോ, സമയക്രമം പാലിച്ചോ, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയോ എന്നിവയുടെ അടിസ്ഥാനത്തിലാണ് അതിനെ വിലയിരുത്തേണ്ടത്.

പൊതുസ്ഥലങ്ങളിൽ വീഡിയോ ചിത്രീകരിക്കുമ്പോൾ പശ്ചാത്തലത്തിലുള്ള അപരിചിതരുടെ സ്വകാര്യതയും പരിഗണിക്കണം. ക്യാമറയ്ക്കുവേണ്ടി ആഘോഷിക്കുമ്പോൾ പലപ്പോഴും നമുക്ക് ചുറ്റുമുള്ള മനുഷ്യരെ കാണാൻ കഴിയാതെ പോകുന്നു.

ഈ വർഷത്തെ ചില ആഘോഷദൃശ്യങ്ങൾ കണ്ടപ്പോൾ പാർക്കിങ് ക്രമീകരണത്തെക്കുറിച്ചും ചിന്തിക്കേണ്ടിവന്നു. ആളുകളെ ഇറക്കുന്നതിനായി കെട്ടിടത്തിന്റെ പ്രവേശനകവാടത്തിനു മുന്നിൽ വാഹനങ്ങൾ നിർത്തുക, അഗ്നിശമനപാതകൾ തടസ്സപ്പെടുത്തുക എന്നിവ ചെറുതായി കാണേണ്ട കാര്യങ്ങളല്ല. വാഹനങ്ങൾ ദൂരെയുള്ള സ്ഥലങ്ങളിൽ പാർക്ക് ചെയ്തശേഷം പരമ്പരാഗത വേഷത്തിൽ പൊതുനിരത്തിലൂടെ ദീർഘദൂരം നടന്നുപോകേണ്ടിവരുന്നവരെയും കാണാനിടയായി. ഇത് പങ്കെടുക്കുന്നവരുടെ സുരക്ഷയെയും സൗകര്യത്തെയും ബാധിക്കുന്ന കാര്യമാണ്.

നൂറുകണക്കിന് ആളുകൾ പങ്കെടുക്കുന്ന പരിപാടിക്ക് ഹാൾ മാത്രം ബുക്ക് ചെയ്താൽ പോരാ; ആവശ്യത്തിന് പാർക്കിങ് സൗകര്യമുണ്ടോ എന്നും ഉറപ്പാക്കണം. ഇല്ലെങ്കിൽ സമീപത്തെ അംഗീകൃത പാർക്കിങ് സ്ഥലം കണ്ടെത്തി ഷട്ടിൽ സംവിധാനം ഏർപ്പെടുത്താം. വയോധികർക്കും കുട്ടികളുള്ള കുടുംബങ്ങൾക്കും ഭിന്നശേഷിക്കാർക്കും പ്രവേശനകവാടത്തിനു സമീപം സുരക്ഷിതമായി ഇറങ്ങുന്നതിനുള്ള പ്രത്യേക സൗകര്യവും ഒരുക്കണം. പാർക്കിങ് സ്ഥലങ്ങളിൽ രീൽസിനും മറ്റുമായി ചെണ്ടമേളവും കൂട്ടനൃത്തവും വീഡിയോ ചിത്രീകരണവും നടത്തുന്നതായും കാണാനിടയായി. ഇത്തരം പ്രവർത്തനങ്ങൾ വാഹനങ്ങളുടെ സഞ്ചാരത്തെ തടസ്സപ്പെടുത്താം. ഡ്രൈവർമാരുടെ കാഴ്ച മറയ്ക്കുകയും അപകടസാധ്യത വർധിപ്പിക്കുകയും ചെയ്യും. പൊതുസുരക്ഷയെ അപകടത്തിലാക്കുന്ന ഒരു പ്രവർത്തനവും ''ഓണത്തിന്റെ ആവേശം'' എന്ന പേരിൽ ന്യായീകരിക്കാനാവില്ല.

കേരളത്തിൽ നടന്ന ഒരു മുൻ ഓണാഘോഷത്തിനിടെ വിദ്യാർഥികൾ സഞ്ചരിച്ചുകൊണ്ടിരുന്ന വാഹനങ്ങളുടെ ഫുട്ബോർഡിലും ജനലുകളിലും അപകടകരമായി നിന്നതിനെ തുടർന്ന് മോട്ടോർ വാഹനവകുപ്പ് നടപടി സ്വീകരിച്ചിരുന്നു. ആഘോഷം പൊതുസുരക്ഷയ്ക്ക് മുകളിലല്ലെന്ന് അധികൃതർ വ്യക്തമാക്കിയ സംഭവമായിരുന്നു അത്. വിദേശത്തായാലും നാട്ടിലായാലും ഈ പാഠം പ്രസക്തമാണ്.

പ്രവാസി ഓണാഘോഷങ്ങൾ പലപ്പോഴും രാവിലെ ആരംഭിച്ച് വൈകുന്നേരംവരെ നീളുന്നു. പരിപാടി വൈകി തുടങ്ങുക, പ്രസംഗങ്ങൾ നിയന്ത്രണമില്ലാതെ നീട്ടുക, സദ്യ മണിക്കൂറുകൾ വൈകി വിളമ്പുക, നിശ്ചയിച്ച അവസാനസമയം കഴിഞ്ഞിട്ടും സംഗീതം തുടരുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ സമൂഹമാധ്യമങ്ങളിൽ കാണാനിടയായി.. ഹാൾ ജീവനക്കാർക്ക് അധികസമയം ജോലി ചെയ്യേണ്ടിവരുകയു മറ്റും ചെയുന്നത് ഒഴിവാക്കേണ്ടതാണ്.

മലേഷ്യയിലെ ഈ വർഷത്തെ ദേശീയ ഓണാഘോഷം രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് രണ്ടുവരെ എന്ന് വ്യക്തമായ സമയക്രമത്തോടെ പ്രഖ്യാപിച്ചിരുന്നു. ബ്രിട്ടനിലെ ഒരു കമ്മ്യൂണിറ്റി ഹാൾ പരിപാടിയും രാവിലെ പതിനൊന്നുമുതൽ വൈകുന്നേരം അഞ്ചുവരെ എന്ന നിശ്ചിത സമയക്രമത്തിലാണ് സംഘടിപ്പിച്ചത്. പരിപാടിയുടെ തുടക്കവും അവസാനവും മുൻകൂട്ടി അറിയിക്കുകയും പ്രഖ്യാപിച്ച സമയക്രമം പാലിക്കുകയും ചെയ്യുന്നത് മികച്ച പൗരബോധത്തിന്റെയും സംഘാടനമികവിന്റെയും ഭാഗമാണ്. നമ്മുടെ നാട്ടിലെ ''കുറച്ചുകൂടി വൈകിയാലും പ്രശ്നമില്ല'' എന്ന സമീപനം എല്ലാ രാജ്യങ്ങളിലും എല്ലാ വേദികളിലും സ്വീകരിക്കപ്പെടണമെന്നില്ല.

ഓണസദ്യയില്ലാതെ ഓണം പൂർണമാകില്ല. എന്നാൽ ഒരിടത്ത് പ്രാദേശിക ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ തയ്യാറാക്കിയതായി ആരോപിക്കപ്പെട്ട സദ്യ അധികൃതർ തടഞ്ഞുവെന്ന തരത്തിലുള്ള വിവരങ്ങളും സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചു. സംഘടനകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസമാണ് അതിനു പിന്നിലെന്ന ആരോപണവും ഉയർന്നു. എന്നാൽ ഇക്കാര്യത്തിലെ വസ്തുതകൾ ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെടാതെ ഏതെങ്കിലും സംഘടനയെയോ വ്യക്തിയെയോ കുറ്റപ്പെടുത്തുന്നത് ശരിയല്ല. അതേസമയം, ഇത്തരം വിവാദങ്ങൾ ഭക്ഷ്യസുരക്ഷാ നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടതിന്റെ ആവശ്യകത നമ്മെ ഓർമിപ്പിക്കുന്നു.. ഭക്ഷണം തയ്യാറാക്കുന്നതും സൂക്ഷിക്കുന്നതും വിളമ്പുന്നതും പ്രാദേശിക ആരോഗ്യ ഭക്ഷ്യസുരക്ഷാ നിയമങ്ങൾ പാലിച്ചായിരിക്കണം. ആവശ്യമായ അനുമതികളും പരിശോധനകളും മുൻകൂട്ടി ഉറപ്പാക്കണം. വ്യക്തിവിരോധത്തിന്റെയോ സംഘടനകൾ തമ്മിലുള്ള മത്സരത്തിന്റെയോ വേദിയായി ഭക്ഷ്യസുരക്ഷയെ മാറ്ററുത്; അതുപോലെ നിയമലംഘനങ്ങളെ സംഘടനാവൈരമെന്ന് പറഞ്ഞ് നിസ്സാരവത്കരിക്കാനും പാടില്ല.

ഈ വർഷം തിരുവനന്തപുരത്തെ ഔദ്യോഗിക ഓണാഘോഷങ്ങളുടെ ഭാഗമായി കനകക്കുന്നിൽ പ്ലാസ്റ്റിക്

ഉപയോഗം നിയന്ത്രിക്കുന്നതിനായി ''പ്ലാസ്റ്റിക് അറസ്റ്റ്'' എന്ന പരിസ്ഥിതിസൗഹൃദ പദ്ധതി ആരംഭിച്ചിരുന്നു. ആഘോഷവും പരിസ്ഥിതി ഉത്തരവാദിത്തവും ഒരുമിച്ചുകൊണ്ടുപോകാൻ കഴിയുമെന്നതിന് നല്ല ഉദാഹരണമാണിത്. വിദേശ മലയാളി സംഘടനകൾക്കും പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ, വ്യക്തമായി അടയാളപ്പെടുത്തിയ മാലിന്യബിന്നുകൾ, ഭക്ഷ്യമാലിന്യം കുറയ്ക്കുന്നതിനുള്ള സംവിധാനം എന്നിവ സ്വീകരിക്കാം. പരിപാടിക്കുശേഷം ഹാളും പരിസരവും എങ്ങനെയാണ് വിട്ടുപോകുന്നത് എന്നത് ആ സമൂഹത്തിന്റെ സംസ്കാരത്തെക്കുറിച്ച് വലിയൊരു സന്ദേശം നൽകുന്നു. ഭക്ഷണാവശിഷ്ടങ്ങൾ, കപ്പുകൾ, പ്ലേറ്റുകൾ, അലങ്കാരവസ്തുക്കൾ, പൂക്കൾ എന്നിവ പാർക്കിങ് സ്ഥലത്തോ പുറത്തുള്ള നടപ്പാതയിലോ ഉപേക്ഷിക്കരുത്. ഹാൾ വൃത്തിയാക്കുന്നത് ജീവനക്കാരുടെ മാത്രം ജോലിയാണെന്ന് കരുതുന്നത് ശരിയായ സമീപനമല്ല. നമ്മൾ സൃഷ്ടിച്ച മാലിന്യം ഉത്തരവാദിത്തത്തോടെ നീക്കം ചെയ്യണം.

വിദേശമണ്ണിൽ നമ്മൾ വ്യക്തികളായി മാത്രമല്ല വിലയിരുത്തപ്പെടുന്നത് എന്ന യാഥാർഥ്യം പലരും മറക്കുന്നു. ഒരു വിദേശരാജ്യത്ത് മലയാളികളുടെ പരിപാടിയിൽ മോശമായ അനുഭവം നേരിടുന്ന ഒരാൾ അതിനെ ഒരു വ്യക്തിയുടെ തെറ്റായി മാത്രം കാണണമെന്നില്ല. ഇന്ത്യൻ സമൂഹത്തെ മുഴുവൻ അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താൻ സാധ്യതയുണ്ട്. വാഹനങ്ങൾ തെറ്റായി പാർക്ക് ചെയ്താലും ഒരു സംഘം അമിതമായി ശബ്ദമുണ്ടാക്കിയാലും, പൊതുസ്ഥലത്ത് മോശമായി പെരുമാറിയാലും അതിന്റെ അപകീർത്തി എല്ലാവരിലേക്കും വ്യാപിച്ചേക്കാം. അത് ന്യായമല്ലെങ്കിലും യാഥാർഥ്യമാണ്.

അതുകൊണ്ടുതന്നെ വിദേശത്തെ ആഘോഷങ്ങളിൽ നമുക്ക് ഇരട്ട ഉത്തരവാദിത്തമുണ്ട്. നമ്മൾ സ്വന്തം സന്തോഷത്തിനായി ആഘോഷിക്കുന്നു; അതോടൊപ്പം നമ്മുടെ നാടിനെയും സംസ്കാരത്തെയും മറ്റുള്ളവരുടെ മുന്നിൽ പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

ഇന്ന് പല പ്രദേശങ്ങളിലും വിവിധ സംഘടനകൾ ഒരേ കാലയളവിൽ ഓണാഘോഷങ്ങൾ നടത്തുന്നു. ആരുടെ പരിപാടിയിൽ കൂടുതൽ ആളുകൾ വന്നു, ആരാണ് വലിയ താരത്തെ കൊണ്ടുവന്നത്, ആരുടെ സദ്യയിൽ കൂടുതൽ വിഭവങ്ങളുണ്ടായിരുന്നു, ആരുടെ ചെണ്ടമേളമായിരുന്നു ഏറ്റവും വലുത് എന്നിങ്ങനെയുള്ള മത്സരം രൂപപ്പെടുന്നു.

ആരോഗ്യകരമായ മത്സരം പരിപാടികളുടെ നിലവാരം ഉയർത്താം. എന്നാൽ അത് പ്രൗഢി പ്രദർശിപ്പിക്കാനുള്ള മത്സരമായി മാറുമ്പോൾ ചെലവും ശബ്ദവും തിരക്കും പാഴാക്കലും വർധിക്കും. സംഘടനയുടെ പേരും നേതാക്കളുടെ ചിത്രങ്ങളും വലുതാക്കുന്നതിനുപകരം സാമൂഹികബോധത്തിനും പങ്കെടുക്കുന്നവരുടെ സൗകര്യത്തിനും പൊതുസുരക്ഷയ്ക്കും മുൻഗണന നൽകണം.

വിമർശനം നമ്മുടെ സംസ്കാരത്തെ ചെറുതാക്കുന്നില്ല. ഈ കാര്യങ്ങൾ തുറന്നുപറയുമ്പോൾ, ''മലയാളികളുടെ ആഘോഷത്തെ മാത്രം എന്തിനാണ് വിമർശിക്കുന്നത്?'' എന്ന ചോദ്യം ഉയർന്നേക്കാം. എല്ലാ സമൂഹങ്ങളിലും ക്രമരഹിതമായ ആഘോഷങ്ങൾ ഉണ്ടാകാം. എന്നാൽ മറ്റുള്ളവരുടെ തെറ്റുകൾ നമ്മുടെ തെറ്റുകൾക്ക് ന്യായീകരണമല്ല.

നമ്മുടെ വീടിനെ വൃത്തിയാക്കാൻ അയൽവാസിയുടെ മുറ്റം ആദ്യം പരിശോധിക്കേണ്ടതില്ല. സ്വന്തം സമൂഹത്തെ സ്നേഹിക്കുന്നവർക്ക് അതിന്റെ കുറവുകൾ ചൂണ്ടിക്കാണിക്കാനും തിരുത്തൽ ആവശ്യപ്പെടാനും കഴിയും. അതാണ് യഥാർഥ സ്നേഹം. പൊതുവിമർശനങ്ങൾ ഓണത്തിനെതിരെയല്ല; ഓണത്തിന്റെ പേരിൽ നടക്കുന്ന പൗരബോധമില്ലാത്ത പ്രവർത്തനങ്ങൾക്കെതിരെയാണ്. പരമ്പരാഗത വസ്ത്രത്തിനെതിരെയല്ല; സാഹചര്യം പരിഗണിക്കാതെയുള്ള നിർബന്ധിത പ്രകടനത്തിനെതിരെയാണ്. ചെണ്ടമേളത്തിനെതിരെയല്ല; മറ്റുള്ളവരുടെ സമാധാനം കെടുത്തുന്ന അമിതശബ്ദത്തിനെതിരെയാണ്. വലിയ പരിപാടികൾക്കെതിരെയല്ല; ആസൂത്രണമില്ലാത്ത തിരക്കിനും സാമൂഹ്യബോധമില്ലാത്ത പ്രവർത്തികൾക്കെതിരേയുമാണ്. ഈ വർഷത്തെ ഓണാഘോഷങ്ങളുടെ ദൃശ്യങ്ങൾ കണ്ടപ്പോൾ സന്തോഷത്തോടൊപ്പം ഒരു ചോദ്യം മനസ്സിൽ അവശേഷിച്ചു: നമ്മൾ വിദേശരാജ്യങ്ങളിൽ കേരളത്തിന്റെ സംസ്കാരമാണോ അവതരിപ്പിക്കുന്നത്, അതോ നമ്മുടെ ശബ്ദവും എണ്ണവും സാമ്പത്തികശേഷിയും പ്രദർശിപ്പിക്കുകയാണോ?

നല്ലൊരു ഓണാഘോഷം സമീപവാസികളെ ഭയപ്പെടുത്തുകയോ അസ്വസ്ഥരാക്കുകയോ ചെയ്യില്ല. അത് മറ്റുള്ളവരിൽ കൗതുകവും ആദരവും ജനിപ്പിക്കും. ആഘോഷത്തിൽ പങ്കെടുത്തിട്ടില്ലാത്ത ഒരാൾപോലും ''അവർ വളരെ മനോഹരമായും ക്രമബദ്ധമായും ആഘോഷിച്ചു'' എന്ന് പറയുമ്പോഴാണ് നമ്മുടെ സംസ്കാരം വിജയിക്കുന്നത്.

പൂക്കളം ഒരുക്കാം. സദ്യ വിളമ്പാം. പരമ്പരാഗത വസ്ത്രങ്ങൾ ധരിക്കാം. മാവേലിയെ വരവേൽക്കാം. ചെണ്ടമേളവും തിരുവാതിരയും കലാപരിപാടികളും നടത്താം. എന്നാൽ വലിയ ശബ്ദങ്ങൾ ഹാളിനുള്ളിൽ ഒതുക്കണം. പൊതുവഴികളും പാർക്കിങ് സ്ഥലങ്ങളും മറ്റുള്ളവരുടെ സ്വകാര്യ ഇടങ്ങളും കൈയടക്കരുത്. വേഷവും തമാശയും ആരുടെയും മേൽ നിർബന്ധമായി അടിച്ചേൽപ്പിക്കരുത്. മാലിന്യം അവശേഷിപ്പിക്കരുത്. നിയമവും സമയവും അയൽവാസികളുടെ സമാധാനവും മാനിക്കണം.അങ്ങനെ ആഘോഷിച്ചാൽ ഓണം വിദേശമണ്ണിലെ മലയാളികളുടെ അഭിമാനമാകും. അല്ലാത്തപക്ഷം നമ്മുടെ സന്തോഷത്തിനായി മറ്റുള്ളവർ സഹിക്കേണ്ടിവരുന്ന ഒരു സാമൂഹിക ബാധ്യതയായി അത് മാറും.

മാവേലി നാടുവാണിരുന്ന കാലത്തെക്കുറിച്ച് പാടുമ്പോൾ എല്ലാവരും ഒരുപോലെ സന്തോഷത്തോടെ ജീവിച്ചിരുന്നുവെന്നാണ് നമ്മൾ പറയുന്നത്. ആ സന്ദേശം സത്യമാണെങ്കിൽ നമ്മുടെ ആഘോഷം കാരണം മറ്റൊരാൾക്ക് അസ്വസ്ഥത ഉണ്ടാകാതിരിക്കാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്.

ആഘോഷത്തിന് ആവേശം വേണം; അതിരുകളും വേണം. സംസ്കാരത്തിന് അഭിമാനം വേണം; പൗരബോധവും വേണം. ഓണം നമ്മുടേതാണ് , പൊതുസ്ഥലങ്ങൾ എല്ലാവരുടേതുമാണ് .

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

~~Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US~~ insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഫ്രണ്ട്സ് ഓഫ് തിരുവല്ലയുടെ നേതൃത്വത്തിൽ അവർ ഒന്നിച്ചു കൂടി,

# ഓർമ്മകൾ കൊണ്ട് സദ്യ ഉണ്ടാക്കി, സ്റ്റാഫോർഡിൽ തിരുവല്ലയിലെ ഓണം പുനർജനിച്ചു!




**ഡോ. ജോർജ് എം. കാക്കനാട്**

ഹൂസ്റ്റൺ: തിരുവല്ലയിൽ നിന്ന് എത്തിയ അവർ ഒന്നിച്ചു കൂടി. നാടിന്റെ കഥകളും ഓർമകളും ഒരുമിച്ചു പങ്കുവച്ചു. ഗൃഹാതുരത്വം നിറഞ്ഞു നിന്ന ആ മനോഹര ദിനത്തിൽ ആട്ടവും പാട്ടും എല്ലാമായി അവർ ഒത്തൊരുമിച്ച് ഓണം കൊണ്ടാടി. അങ്ങനെ സ്റ്റാഫോർഡ് ഒരു കൊച്ചു തിരുവല്ലയായി മാറി.

തിരുവല്ലയുടെ സ്നേഹവും സൗഹൃദവും പൈതൃകവും ഹൃദയത്തിൽ സൂക്ഷിക്കുന്ന ഹൂസ്റ്റൺ മേഖലയിലെ കൂട്ടായ്മയായ ഫ്രണ്ട്സ് ഓഫ് തിരുവല്ലയുടെ ഓണാഘോഷം സ്റ്റാഫോർഡിലെ APNA MAX റെസ്റ്റോറന്റിൽ വിപുലമായ പരിപാടികളോടെ നടന്നു. കുടുംബങ്ങളും സുഹൃത്തുക്കളും ഒത്തുചേർന്ന ആഘോഷം അക്ഷരാർത്ഥത്തിൽ പ്രവാസ ഭൂമിയിൽ ഒരു കൊച്ചു തിരുവല്ലയും അവിടുത്തെ ഓണാഘോഷവും ആയി മാറി.

നിശ്ശബ്ദ പ്രാർത്ഥനയോടെയാണ് ആഘോഷത്തിന് തുടക്കമായത്.

ഫ്രണ്ട്സ് ഓഫ് തിരുവല്ല സെക്രട്ടറി ഡോ. ജോർജ് കാക്കനാട്ട് സ്വാഗതപ്രസംഗം നടത്തി.

''ഫ്രണ്ട്സ് ഓഫ് തിരുവല്ല ഒരു സംഘടന മാത്രമല്ല, ഹൂസ്റ്റൺ പ്രദേശത്ത് ജീവിക്കുന്ന അനേകം തിരുവല്ലക്കാരുടെ ഒരു വികാരമാണ്. പരസ്പരമുള്ള സ്നേഹവും കരുതലും സ്വന്തം നാടിനോടുള്ള ആത്മബന്ധവും നമ്മെ ഒന്നിപ്പിക്കുന്ന ശക്തിയാണെന്ന് സ്വാഗത പ്രസംഗത്തിൽ ഡോ. കാക്കനാട്ട് പറഞ്ഞു. തിരുവല്ലയിൽ നിന്ന് അകന്ന് ജീവിക്കുമ്പോഴും സ്വന്തം നാടിന്റെ ഓർമ്മകളും സംസ്കാരവും നിലനിർത്തുകയും, നാട്ടിലുള്ള ദുരിതമനുഭവിക്കുന്നവരെ സഹായിക്കുകയും ചെയ്യുന്നത് കൂട്ടായ്മയുടെ

പ്രധാന ലക്ഷ്യങ്ങളിലൊന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹൂസ്റ്റൺ സമൂഹത്തിൽ ഫ്രണ്ട്സ് ഓഫ് തിരുവല്ല വളർന്നുവന്നതും സമൂഹത്തിൽ സ്വന്തമായൊരു ഇടം നേടിയതും പ്രസിഡന്റ് സുജാ കോശി അധ്യക്ഷപ്രസംഗത്തിൽ വിശദീകരിച്ചു. സംഘടനയുടെ സാമൂഹിക പ്രതിബദ്ധതയും തിരുവല്ലയിൽ ദുരിതമനുഭവിക്കുന്നവർക്കായി നടത്തിവരുന്ന വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളും അവർ വിശദീകരിച്ചു. നാട്ടിലെ ആവശ്യക്കാരെ സഹായിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുമെന്നും അവർ വ്യക്തമാക്കി.

ചടങ്ങിലെ മുഖ്യാതിഥി റവ. ഡോ. ബിന്നി ഫിലിപ്പ് ഓണത്തിന്റെ ആഴമേറിയ ജീവിതസന്ദേശത്തെക്കുറിച്ച് ചിന്തോദ്ദീപകമായ പ്രഭാഷണം നടത്തി. ജീവിതത്തിലെ ഓരോ അനുഭവത്തിനും അതിന്റേതായ ലക്ഷ്യവും ആസ്വാദനവും ഉണ്ടെന്നും, ഒരുമിച്ചിരുന്ന് ഭക്ഷണം പങ്കിടുന്നതുപോലെയുള്ള ലളിതമായ അനുഭവങ്ങൾ പോലും മനുഷ്യരിൽ സന്തോഷവും സംതൃപ്തിയും സൃഷ്ടിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഓണത്തിന് പിന്നിൽ ഒരു ഐതിഹ്യം മാത്രമല്ല, മനുഷ്യന്റെ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു മാനസികവും സാമൂഹികവുമായ സന്ദേശം കൂടിയുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ആധുനിക സമൂഹത്തിൽ മനുഷ്യർ കൂടുതൽ ഭൗതികതയിലേക്ക് നീങ്ങുമ്പോൾ, പലപ്പോഴും മനുഷ്യരെ സ്നേഹിക്കുന്നതിനുപകരം ഉപയോഗിക്കുകയും, വസ്തുക്കളെ ഉപയോഗിക്കുന്നതിനുപകരം അവയ്ക്കു പിന്നാലെ പോകുകയും, ദൈവത്തെ ആരാധിക്കുന്നതിനുപകരം സ്വന്തം അഹത്തെ ആരാധിക്കുകയും ചെയ്യുന്ന പ്രവണത വളരുകയാണെന്ന് അദ്ദേഹം പറഞ്ഞു. അഹങ്കാരവും സ്വാർത്ഥതയും സമൂഹത്തിന്റെ വലിയ വെല്ലുവിളികളായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ഓണത്തിന്റെ സന്ദേശത്തിന് ഏറെ പ്രസക്തിയുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്നേഹം, ബന്ധം, പങ്കുവെക്കൽ, സൃഷ്ടിപരത, കൂട്ടായ്മ, സന്തോഷം എന്നിവയാണ് ഓണം നമ്മെ ഓർമ്മിപ്പിക്കുന്ന പ്രധാന മൂല്യങ്ങളെന്ന് റവ. ഡോ. ബിന്നി ഫിലിപ്പ് പറഞ്ഞു. മനുഷ്യരെ സ്നേഹിക്കാനും വസ്തുക്കളെ ആവശ്യത്തിനനുസരിച്ച് ഉപയോഗിക്കാനും ദൈവത്തെ ആരാധിക്കാനും ഓണം നമ്മെ പഠിപ്പിക്കുന്നു. സ്വന്തം അഹത്തെ ആരാധിക്കാതെ പരസ്പരം സ്നേഹിക്കുകയും സമൂഹമായി മുന്നേറുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും ഓണം ഓർമ്മപ്പെടുത്തുന്നു. ഓണം മനുഷ്യരിൽ സൃഷ്ടിക്കുന്ന മാനസികമായ സന്തോഷവും ഒരുമിച്ചുകൂടുന്നതിലൂടെ ലഭിക്കുന്ന ആത്മസംതൃപ്തിയും വളരെ വിലപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ജഡ്ജ് ജൂലി മാത്യു ആശംസകൾ അർപ്പിച്ചു. തിരുവല്ലയോടുള്ള തന്റെ പ്രത്യേക സ്നേഹവും ആത്മബന്ധവും അവർ പങ്കുവെച്ചു. തിരുവല്ലയുമായുള്ള വ്യക്തിപരമായ ബന്ധവും ഓർമ്മകളും അവർ സദസ്സുമായി പങ്കിട്ടു.

തുടർന്ന് നടന്ന കലാപരിപാടികൾ ആഘോഷത്തിന് കൂടുതൽ നിറവും ആവേശവും പകർന്നു. ഡോ. അന്ന ഫിലിപ്പിന്റെ സംഗീതാവിഷ്കാരം, പ്രശസ്ത പിന്നണി ഗായിക റീവ റെജിയുടെ ഗാനാലാപനം, അനുമോൾ മേസണും സംഘവും അവതരിപ്പിച്ച നൃത്തം, തിരുവല്ല കിഡ്സിന്റെ കലാപരിപാടികൾ എന്നിവ ശ്രദ്ധേയമായി.








തിരുവല്ല ഗ്രൂപ്പ് സോംഗ് ടീം അവതരിപ്പിച്ച കൂട്ടായ ഗാനവും തിരുവല്ല ബോട്ട് ക്ലബ് അവതരിപ്പിച്ച ആവേശകരമായ വള്ളംകളി ദൃശ്യാവിഷ്കാരവും സദസ്സിന് കേരളത്തിന്റെ തനിമയും ഓണത്തിന്റെ ആവേശവും സമ്മാനിച്ചു. ട്രഷറർ ഉമ്മൻ തോമസ് നന്ദിപ്രസംഗം നടത്തി. ആഘോഷത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച സംഘാടകരോടും അതിഥികളോടും കലാകാരന്മാരോടും സന്നദ്ധ പ്രവർത്തകരോടും പരിപാടിയിൽ പങ്കെടുത്ത എല്ലാവരോടും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

തുടർന്ന് എല്ലാവരും ഒരുമിച്ചിരുന്ന് പങ്കിട്ട വിഭവസമൃദ്ധമായ ഓണസദ്യയോടെ ആഘോഷത്തിന് സമാപനമായി. സദ്യയുടെ മേശയിൽ പങ്കിട്ട ഓരോ വിഭവവും സൗഹൃദത്തിന്റെയും പങ്കുവെക്കലിന്റെയും കേരളീയ പാരമ്പര്യത്തിന്റെയും പ്രതീകമായി മാറി.

കേരളത്തിൽ നിന്ന് ആയിരക്കണക്കിന് മൈലുകൾ അകലെ ജീവിക്കുമ്പോഴും തിരുവല്ല ഒരു സ്ഥലത്തിന്റെ പേര് മാത്രമല്ല, ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു വികാരവും ബന്ധവും ഓർമ്മയും സ്വന്തം നാടിനോടുള്ള സ്നേഹവുമാണെന്ന് ഫ്രണ്ട്സ് ഓഫ് തിരുവല്ലയുടെ ഓണാഘോഷം ഒരിക്കൽ കൂടി തെളിയിച്ചു.

പുതിയ തലമുറയിലേക്കും സ്വന്തം നാടിന്റെ സംസ്കാരവും പൈതൃകവും കൈമാറിക്കൊണ്ട്, പരസ്പര സ്നേഹവും കരുതലും സാമൂഹിക പ്രതിബദ്ധതയും കൂടുതൽ ശക്തിപ്പെടുത്താനുള്ള വേദിയായി ഫ്രണ്ട്സ് ഓഫ് തിരുവല്ലയുടെ ഓണാഘോഷം മാറി.















emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise


emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Shirley A. Abraham
Award Winning Real Estate Broker
Commercial • Investment • Advisory
Long Island | NYC | New York State
1-516-712-9262
Get local help with your Medicare questions.
It's time to take advantage.
Philipose Samuel
Just Click
eMalayalee.com/Advertise

# ബ്രിക്സ് വേദിയിൽ ഇന്ത്യയുടെ നയതന്ത്ര വിജയം




സുരേന്ദ്രൻ നായർ

സെപ്റ്റംബർ 12 13 തീയതികളിൽ ഡൽഹിയിൽ നടന്ന പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിയും തുടർന്നുണ്ടായ ഡൽഹി ഡിക്ലറേഷനും ഇന്ത്യൻ നയതന്ത്രജ്ഞതയുടെയും ചെയർമാൻ നരേന്ദ്ര മോദിയുടെയും വിജയ വീഥിയിലെ നാഴികക്കല്ലായി ആഗോള മാധ്യമങ്ങൾ ഉൾപ്പെടെ പ്രകീർത്തിക്കപ്പെടുകയാണല്ലോ. ബ്രിക്സ് രാഷ്ട്രങ്ങൾക്കു ഉൾപ്പെടെ ഉത്തരവാദിത്വമുള്ള യുദ്ധക്കെടുതികളാൽ ലോകം വീർപ്പുമുട്ടുമ്പോൾ ഒന്നിച്ചു കൂടാമെങ്കിലും ഏകമനസ്സോടെയുള്ള ഒരു സംയുക്ത പ്രസ്താവന സുസാധ്യമാണെന്നു അംഗ രാജ്യങ്ങൾ പോലും കരുതിയിരുന്നില്ല. അവിടെയാണ് ലോകത്തെ വിസ്മയിപ്പിച്ച നയതന്ത്ര വിജയം ഇന്ത്യ കൈവരിച്ചിരിക്കുന്നത്. ചേരിചേരാ നയത്തിൽ നിന്നും നയതന്ത്ര നേതൃത്വത്തിലേക്കുള്ള ഇന്ത്യയുടെ ഈ മാറ്റം

വർഷങ്ങളായി രാജ്യം ആർജിച്ചെടുത്ത അനുഭവ സമ്പത്തിന്റെയും പ്രധാന മന്ത്രി നരേന്ദ്ര മോദിയുടെയും വിദേശകാര്യ മന്ത്രി ജയശങ്കറിന്റെയും വ്യക്തമായ ദീർഘ വീക്ഷണത്തിന്റെയും അനന്തര ഫലമാണ്.

പത്തു പ്രധാന വിഷയങ്ങൾ സംബന്ധിച്ച ഡൽഹി ഡിക്ലറേഷൻ എന്ന സംയുക്ത പ്രസ്താവനയിൽ അംഗ രാഷ്ട്രങ്ങളുടെ പരസ്പര സഹായത്തോടെയും സഹകരണത്തോടെയുള്ള സുസ്ഥിര വികസനത്തിനായുള്ള പദ്ധതികൾ മുന്നോട്ടു വെക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ പൊതുസഭയിൽ പൊതുവായ വിഷയങ്ങളിൽ സമാന അഭിപ്രായം രൂപപ്പെടുത്തി ഒരു വിലപേശൽ ശക്തിയാകുകയെന്ന ഉദ്ദേശത്തോടെ 2006 ൽ രൂപപ്പെട്ട ബ്രികസിന് അന്നൊരു സംഘടനാ രൂപം ഉണ്ടായിരുന്നില്ല. ബ്രിട്ടീഷ് ധനതത്വ ശാസ്ത്രജ്ഞനായ ജിം ഓനീൽ തന്റെ ഒരു പ്രബന്ധത്തിൽ അന്ന് ലോകത്തു ഉയർന്നുവരുന്ന സാമ്പത്തിക ശക്തികളായി ബ്രസീൽ റഷ്യ ഇന്ത്യ ചൈന എന്നീ

നാലു രാജ്യങ്ങളെ ബ്രിക് എന്ന് വിശേഷിപ്പിച്ചു. ആ വിശേഷണത്താൽ പ്രചോദിതരായ നാലു രാജ്യങ്ങളുടെയും രാഷ്ട്രത്തലവന്മാർ 2009 ൽ റഷ്യയിൽ ആദ്യ യോഗം ചേരുകയും തുടർന്ന് 2010 ൽ സൗത്ത് ആഫ്രിക്കയെ കുടി ഉൾപ്പെടുത്തി ബ്രിക്നെ അഞ്ചു രാജ്യങ്ങൾ ചേരുന്ന ബ്രിക്സ് ആക്കി സംഘടനാ രൂപം നൽകുകയും ചെയ്തു. യുനൈറ്റഡ് നേഷൻസ് ലോക ബാങ്ക് അന്താരാഷ്ട്ര നായണനിധി തുടങ്ങിയ ലോകവേദികളിലെ നിലവിലുണ്ടായിരുന്ന പാശ്ചാത്യ മേധാവിത്വത്തിൽ ഗ്ലോബൽ സൗത്ത് പ്രാതിനിധ്യം ഉറപ്പുവരുത്താനും പരസ്പരമുള്ള വ്യാപാര സഹകരണം ഉറപ്പിക്കാനും ലക്ഷ്യമിട്ടു ആരംഭിച്ച ബ്രിക്സ് കൂട്ടായ്മയിൽ ഇന്ന് 11 രാഷ്ട്രങ്ങൾ അംഗങ്ങളാണ്.

2026 ൽ ഇന്ത്യയുടെ അധ്യക്ഷതയിൽ പതിനെട്ടാമത് ഉച്ചകോടി ഡൽഹിയിൽ സമ്മേളിക്കുമ്പോൾ അടിസ്ഥാന വിഷയങ്ങളിൽ സമവായം ഉണ്ടാകാനുള്ള സാധ്യതകൾക്ക് വിഘാതമായി വർഷങ്ങളായി തുടരുന്ന റഷ്യ ഉക്രയിൽ യുദ്ധവും ഇറാൻ അമേരിക്കൻ ഇസ്രായേൽ പങ്കാളിത്വമുള്ള പശ്ചിമേഷ്യൻ സംഘർഷങ്ങളും പരിഹരിക്കപ്പെടാത്ത പലസ്തീൻ പ്രശ്നവും നിലവിലുണ്ടായിരുന്നു. അനന്തമായി നീളുന്ന യുദ്ധങ്ങൾ ലോകത്തിന്റെ സർവ്വനാശത്തിലേക്കാണെന്നും അനുരഞ്ജനങ്ങളിലൂടെ തർക്കങ്ങൾ പരിഹരിച്ചു യുദ്ധം അവസാനിപ്പിക്കണമെന്നും

റഷ്യയോട് ഇന്ത്യ ആവശ്യപ്പെട്ടത് അംഗീകരിച്ച റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ അക്കാര്യത്തിൽ ഇന്ത്യയുടെ മധ്യസ്ഥതയാകാമെന്നു സമ്മതിച്ചതും തുടർ ചർച്ചകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റ് കൈയൊഞ്ഞ മധ്യസ്ഥനീക്കങ്ങൾ ഇന്ത്യക്കു ഏറ്റെടുക്കാമെന്ന സമ്മതം ഇന്ത്യയുടെ സ്വീകാര്യത വർധിപ്പിക്കുന്നു.



മുക്കാൽ നൂറ്റാണ്ടിലേറെക്കാലമായി തുടരുന്ന ഇന്ത്യ ചൈന അതിർത്തി പ്രശ്നങ്ങൾ സംബന്ധിച്ച് ഏഴുവർഷത്തെ ഇടവേളയ്ക്കു ശേഷം ചൈനീസ് പ്രസിഡന്റ് ഷീജിങ് പിംഗ് ഇന്ത്യയിലെത്തി പ്രധാനമന്ത്രിയുമായി ഉച്ചകോടിക്കിടെ ചർച്ച നടത്തിയത് ഒരു പുതിയ സമവാക്യത്തിന്റെ സൂചനയായി പ്രതിഫലിക്കുന്നു. രണ്ടാം ലോക യുദ്ധാനന്തരം രൂപപ്പെട്ട യുണൈറ്റഡ് നേഷൻസ് രക്ഷാ സമിതിയിലെ ഇന്ത്യയുടെ സ്ഥിര അംഗത്വം എന്ന ചിരകാല ആവശ്യം ചൈനയും റഷ്യയും അംഗീകരിക്കാനുള്ള സാധ്യതയും സമ്മേളനത്തിൽ തെളിഞ്ഞു. അങ്ങനെ വന്നാൽ ലോകശക്തിക ചേരിയിലേക്കുള്ള ഇന്ത്യയുടെ കടന്നുവരവാണ് ഉണ്ടാകുക. കേരളത്തിന്റ സാമ്പത്തിക ഭദ്രതയേയും സുരക്ഷിതത്വത്തെയും ഏറെ ആശങ്കപ്പെടുത്തുന്ന പശ്ചിമേഷ്യൻ യുദ്ധങ്ങളിൽ അമേരിക്കയുടെ സൈനിക താവളങ്ങൾ അനുവദിച്ചതിന്റെ പേരിൽ ഇറാൻ യു എ ഇ ക്കെതിരെ നടത്തുന്ന മിസൈൽ ആക്രമണങ്ങൾ അവസാനിപ്പിക്കേണ്ടത് അനിവാര്യമാണ്. അതിനായി ഇറാൻ യൂ എ ഇ രാഷ്ട്ര തലവന്മാരെയും സൗദി രാജാവിനെയും ഒരുമിച്ചിരുത്തി സംസാരിപ്പിക്കാൻ ഇൻഡ്യക്കായതു വലിയ നേട്ടമായി കാണേണ്ടതുണ്ട്. നിർണ്ണായകമായ ഈ കുടിക്കാഴ്ചയെ അൽജസീറ വാർത്തപോലും പ്രകീർത്തിക്കുന്നു. അമേരിക്കയെ പേരെടുത്തു കുറ്റപ്പെടുത്താത്തതിൽ മാത്രമായി അൽജസീറ വിമർശനം മയപ്പെടുത്തിയിരുന്നു.

വളരെ മുൻകരുതലോടെ ഉചിതമായ പദപ്രയോഗങ്ങളിലൂടെ തയ്യാറാക്കിയ സംയുക്ത പ്രഖ്യാപനത്തിൽ ബ്രിക്സ് രാജ്യങ്ങൾ ഡോളർ ഒഴിവാക്കി ചൈനീസ് കറൻസിയിൽ പരസ്പരം വ്യാപാരം നടത്തണമെന്ന ചൈനയുടെ മുൻനിലപാടിൽ മാറ്റംവരുത്തി ഡോളർ ആഗോള വിനിമയ ഉപാധിയാക്കി നിലനിർത്തിക്കൊണ്ടു ബ്രിക്സ് രാജ്യങ്ങൾക്കു തദ്ദേശീയ കറൻസിയിൽ വ്യാപാരം നടത്താമെന്ന് സമ്മതിപ്പിച്ചത് ഇന്ത്യൻ റുപ്പീക്കുണ്ടായ നേട്ടമായി കണക്കാക്കാം. റഷ്യക്ക് മേൽ ഉപരോധം ഏർപ്പെടുത്തി

**റഷ്യയോട് ഇന്ത്യ ആവശ്യപ്പെട്ടത് അംഗീകരിച്ച റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ അക്കാര്യത്തിൽ ഇന്ത്യയുടെ മധ്യസ്ഥതയാകാമെന്നു സമ്മതിച്ചതും തുടർ ചർച്ചകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റ് കൈയൊഞ്ഞ മധ്യസ്ഥനീക്കങ്ങൾ ഇന്ത്യക്കു ഏറ്റെടുക്കാമെന്ന സമ്മതം ഇന്ത്യയുടെ സ്വീകാര്യത വർധിപ്പിക്കുന്നു.**

**നയതന്ത്ര രംഗത്തെ പ്രമുഖരെല്ലാം അഭിനന്ദിച്ച ബ്രിക്സ് ഉച്ചകോടിയിൽ കാര്യമായ ഒരു വിമർശനവും ഉന്നയിക്കാൻ കഴിയാതെ സമാപന സദ്യയിൽ സസ്യേതര ഭക്ഷണം നൽകിയില്ല എന്ന കണ്ടത്തലിൽ സായൂജ്യമടഞ്ഞ ഒരു പ്രതിപക്ഷ നേതാവിനെയും ഇന്ത്യയിൽ ഇത്തരുണത്തിൽ കാണാൻ കഴിഞ്ഞു.**

അമേരിക്ക റഷ്യൻ വ്യാപാരത്തെ തടഞ്ഞപ്പോൾ ലക്ഷക്കണക്കിന് ബാരൽ എണ്ണ ഇന്ത്യൻ റുപ്പീ ഉപയോഗിച്ച് റഷ്യയിൽ നിന്നും വാങ്ങിയതും ഇറാനിൽ നിന്നും ഇന്നും വാങ്ങുന്നതും ഇതോടൊപ്പം കാണേണ്ടതാണ്. ഈ വിഷയത്തിൽ അന്താരാഷ്ട്ര മാധ്യമമായ ഫിനാൻഷ്യൽ ടൈംസ് ഗ്ലോബൽ എക്കണോമിയുടെ 40% വും ലോക ജനസംഖ്യയിൽ പകുതിയിലേറെയും വരുന്ന ബ്രിക്സ് രാജ്യങ്ങളുടെ ഈ നീക്കത്തെ പുതിയ ലോകക്രമത്തിന്റെ തുടക്കമായി വിലയിരുത്തുന്നു. ഇറാനും യു എ ഇ യുമായുള്ള കൂടിക്കാഴ്ചക്ക് വേദിയൊരുക്കിയ ഇന്ത്യൻ വിദേശകാര്യ വകുപ്പിനെയും പ്രധാന മന്ത്രിയെയും ഡൽഹി ഡിക്ലറേഷൻ വിലയിരുത്തലിൽ മാധ്യമഭീമൻ റോയിട്ടേഴ്സും പ്രശംസിക്കുന്നു. ഡിജിറ്റൽ പേയ്മെന്റും നിർമ്മിതബുദ്ധി വിവര പങ്കുവെക്കലും ഇന്ത്യയുടെ മേഖലയിലുള്ള മേധാവിത്വത്തിനു പുത്തൻ ഉണർവ്വുണ്ടാക്കുമെന്നു ബി ബി സി യും സി എൻ എന്നും അഭിപ്രായപ്പെടുന്നു.

ഇസ്രയേലുമായി സൗഹാർദ്ദപരമായ നിലപാടുകൾ തുടരുമ്പോളും പലസ്തീൻ പ്രശ്നത്തിൽ ഇന്ത്യയുടെ ദ്വിരാഷ്ട്ര പരിഹാര നിലപാട് സഖ്യ രാജ്യങ്ങളുടെ എതിർ ശബ്ദമില്ലാതെ സമ്മേളനത്തിൽ ആവർത്തിക്കാനും ഇന്ത്യക്കു കഴിഞ്ഞു. അമേരിക്കയുമായും യൂറോപ്യൻ യൂണിയനുമായും വിവിധ വ്യാപാര ഉടമ്പടികളിൽ പങ്കാളിയായ ഇന്ത്യ ബ്രിക്സ് സഖ്യം പാശ്ചാത്യ വിരുദ്ധമോ ഡോളർ വിരുദ്ധമോ അല്ലായെന്നു അർത്ഥശങ്കക്ക് ഇടയില്ലതെ വ്യക്തമാക്കാനും ഇതിനിടയിൽ ശ്രദ്ധിച്ചു.

ഇന്ത്യയുടെ വിദേശകാര്യ പാർലമെന്ററി കമ്മിറ്റി അധ്യക്ഷൻ ഡോ: ശശി തരൂർ ന്യൂയോർക്കിൽ മാധ്യമങ്ങളെ കണ്ടപ്പോൾ പറഞ്ഞത് രാഷ്ട്രീയത്തെക്കാൾ ഇന്ത്യയുടെ രാഷ്ട്ര താത്പര്യങ്ങൾ സംരക്ഷിക്കുന്ന സമാധാനപരവും സർവ്വാശ്ലേഷിയുമായ ലോകക്രമം കെട്ടിപ്പടുക്കാനുള്ള വിദേശ നയങ്ങളും തന്ത്രങ്ങളുമാണ് ഇന്ത്യ പിന്തുടരുന്നത് എന്നാണ്. ഇന്ത്യ അമേരിക്കക്കു എതിരാകുമെന്നു കരുതുന്നില്ലെന്നും ഇന്ത്യക്കു മേലുള്ള താരിഫ് ശതമാനം അൻപതിലേക്കും നൂറിലേക്കും ഉയർത്തുമെന്ന് ഭീഷണിയുണ്ടായപ്പോളും അമേരിക്കയുമായി ഏറ്റുമുട്ടലിനു നിൽക്കാതെ സമാന്തര വിപണികൾ കണ്ടെത്തുകയാണ് ഇന്ത്യ ചെയ്തതെന്നും തരൂർ തുടർന്ന് പറഞ്ഞിരുന്നു.

നയതന്ത്ര രംഗത്തെ പ്രമുഖരെല്ലാം അഭിനന്ദിച്ച ബ്രിക്സ് ഉച്ചകോടിയിൽ കാര്യമായ ഒരു വിമർശനവും ഉന്നയിക്കാൻ കഴിയാതെ സമാപന സദ്യയിൽ സസ്യേതര ഭക്ഷണം നൽകിയില്ല എന്ന കണ്ടത്തലിൽ സായൂജ്യമടഞ്ഞ ഒരു പ്രതിപക്ഷ നേതാവിനെയും ഇന്ത്യയിൽ ഇത്തരുണത്തിൽ കാണാൻ കഴിഞ്ഞു.

ആഗോള രംഗത്ത് വലിയ പ്രതീക്ഷകൾ നൽകുന്ന സമ്മേളന പ്രഖ്യാപനങ്ങൾ പ്രമാണങ്ങളിലൊതുങ്ങാതെ പ്രയോഗത്തിൽ വരുത്തേണ്ടതുണ്ട്. അതിന്റെ ഉത്തരവാദിത്വം പതിനൊന്നു അംഗ രാഷ്ട്രങ്ങൾക്കുമാണ്. അനേകം വെല്ലുവിളികൾ നിറഞ്ഞ വർത്തമാന കാലത്തു നടന്ന ഉച്ചകോടിയുടെ സുരക്ഷിതമായ സംഘാടനവും ശ്രദ്ധേയമായ പ്രഖ്യാപനങ്ങളും ഇന്ത്യയുടെ കരുത്തിന്റെയും നയതന്ത്രങ്ങളുടെയും ആവർത്തിച്ചുള്ള വിജയം തന്നെയാണ്.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
mediaappusa.com
For more info: 1-917-662-1122 | info@medialogistics.us